**പതിനഞ്ചാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2023-2026)

**നാൽപ്പത്തിയഞ്ചാമത് റിപ്പോർട്ട്**

(2024 ഫെബ്രുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി**
**(2023-2026)**

**നാൽപ്പത്തിയഞ്ചാമത് റിപ്പോർട്ട്**

(2024 ഫെബ്രുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]**

387/2024.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | .. | 69 |
| അനുബന്ധം II : | | |
| സർക്കാരിൽ നിന്നും ലഭിച്ച മറുപടി | .. | 83 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2023-2026)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അനിൽ കുമാർ ബി., അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം സമിതി (2023-26)യുടെ നാൽപ്പത്തിയഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ റിപ്പോർട്ട്.

2024 ഫെബ്രുവരി മാസം 1-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2024 ഫെബ്രുവരി 13.

# റിപ്പോർട്ട്

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]

## തിരുവനന്തപുരം ജില്ല

ഓഡിറ്റ് ഖണ്ഡിക

**ലക്ഷങ്ങൾ ചെലവഴിച്ചിട്ടും പൂർത്തീകരിക്കാത്ത; ലക്ഷ്യം നിറവേറ്റാത്ത പദ്ധതികളെ സംബന്ധിച്ചുള്ള പൊതുനിരീക്ഷണം**

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സ്ഥാപനത്തിന്റെ പേര് | ചെലവഴിച്ച തുക | പദ്ധതിയുടെ സംക്ഷിപ്ത വിവരണം |
|---|---|---|---|---|---|
| 2 | 2004-05 | 3-15 | വർക്കല ബ്ലോക്ക് പഞ്ചായത്ത് | 5,38,237 | ചെറുന്നിയൂർ പഞ്ചായത്തിലെ ശിവൻനട ശുദ്ധജല വിതരണ പദ്ധതി 1999-2000-ൽ പൂർത്തീകരിക്കേണ്ട പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ആദ്യ കൺവീനർ 3,84,688 രൂപ കൈപ്പറ്റി 2000-01-ൽ പണി ഉപേക്ഷിച്ചു പോയി. പുതിയ കൺവീനറെ 2002-03-ൽ നിയമിച്ചുവെങ്കിലും 2004-05-നു ശേഷം പണി പൂർണ്ണമായി സ്തംഭിച്ചിരിക്കുകയാണ്. |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.1, ക്രമ നം.2)

(ഓഡിറ്റ് ഖണ്ഡികക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

1998-99-ൽ ആരംഭിച്ച ശിവൻനട ശുദ്ധജലവിതരണ പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നും ആവശ്യപ്പെട്ട ജോലികൾ മാത്രമാണ് കൺവീനർ ചെയ്തിട്ടുള്ളതെന്നും ബ്ലോക്ക് പഞ്ചായത്തും ചെറുന്നിയൂർ ഗ്രാമ പഞ്ചായത്തും ചേർന്ന് പണി വീണ്ടും ആരംഭിക്കാൻ ശ്രമിച്ചെങ്കിലും വാട്ടർ അതോറിറ്റിയുടെ ബദൽ സ്കീം, ഷോകോസ് നോട്ടീസ് അടക്കമുള്ള തടസ്സങ്ങളുണ്ടായതിനാൽ പണി പുനരാരംഭിക്കാൻ സാങ്കേതികമായ ബുദ്ധിമുട്ടുണ്ടെന്നും വർക്കല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചതിനെ തുടർന്ന് പരാമർശ വിഷയത്തിൽ എന്ത് പരിഹാര നടപടി സ്വീകരിക്കുവാൻ സാധിക്കുമെന്ന് സമിതി ആരാഞ്ഞു. ആയതിന്, വളരെ പഴയ പ്രോജക്ടാണിതെന്നും വാട്ടർ അതോറിറ്റിയിൽ നിന്നും മറ്റ് വകുപ്പുകളിൽ നിന്നും തടസ്സങ്ങളുണ്ടായതുകൊണ്ടാണ് പണി പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതെന്നും നിലവിൽ അവിടെ കുടിവെള്ള പ്രശ്നമില്ലെന്നാണ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അഭിപ്രായത്തിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുൻപാകെ മറുപടി നൽകി.

2. തുടർന്ന് വാട്ടർ അതോറിറ്റി ഇതുസംബന്ധിച്ച ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, വാട്ടർ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ റിപ്പോർട്ട് പ്രകാരം പ്രസ്തുത പ്രോജക്ട് പുനരുജ്ജീവിപ്പിക്കാൻ രണ്ട് കോടിയോളം രൂപ ചെലവാകുമെന്നാണ് അറിയിച്ചിട്ടുള്ളതെന്നും കുടിവെള്ള പ്രശ്നം പരിഹരിച്ചിട്ടുള്ളതിനാൽ ഇത്രയും തുക മുടക്കേണ്ടതുണ്ടോ എന്ന കാര്യത്തിൽ തീരുമാനമെടുക്കേണ്ടതുണ്ടെന്നും വർക്കല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. 5.5 ലക്ഷം രൂപയുടെ പദ്ധതി സാധ്യമല്ലെന്നാണ് കാണുന്നതെന്നും ആസ്തി സംബന്ധിച്ച് എന്തെങ്കിലും തീരുമാനമായിട്ടുണ്ടോയെന്നും ഏത് പഞ്ചായത്തിന്റെ ആസ്തിയാണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ആരാഞ്ഞതിന് 5.5 ലക്ഷം രൂപയിൽ 3.84 ലക്ഷം രൂപ ചെലവാക്കി നിർമ്മിച്ച കിണർ വേനൽസമയങ്ങളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ഉപയോഗിച്ചുവരുന്നതിനാൽ സാമ്പത്തികദുരുപയാഗം വന്നിട്ടില്ലെന്നും ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാണെന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും വർക്കല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

3. ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത് പാർട്ട് ബില്ലാണെന്നും അതിൽ തന്നെ വാട്ടർ അതോറിറ്റിക്ക് നൽകിയ 77,000 രൂപയെപ്പറ്റി പരാമർശമില്ലെന്നും പദ്ധതിക്കായി ചെലവഴിച്ച 5,38,000 രൂപയിൽ വാട്ടർ അതോറിറ്റിക്ക് നൽകിയ തുക വിനിയോഗിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ തിരിച്ചടച്ചോയെന്നും കിണർ ഒരു ആസ്തിയായി കൈമാറിയിട്ടുണ്ടോയെന്നും വ്യക്തമാക്കണമെന്നും ചെലവഴിച്ച തുക സംബന്ധിച്ച് വിശദാംശം ലഭ്യമാക്കണമെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടു. ഓഡിറ്റ് ആവശ്യപ്പെട്ട വിവരങ്ങളടങ്ങുന്ന റിപ്പോർട്ട് അടിയന്തരമായി ഓഡിറ്റിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

## കൊല്ലം ജില്ല

ഓഡിറ്റ് ഖണ്ഡിക

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സ്ഥാപനത്തിന്റെ പേര് | ചെലവഴിച്ച തുക | പദ്ധതിയുടെ സംക്ഷിപ്ത വിവരണം |
|---|---|---|---|---|---|
| 3 | 1998-1999 മുതൽ 2004-2005 | 3-26 | ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് | 92,397 | പൊതു ഞാറ്റടി തയ്യാറാക്കലും ട്രാൻസ്പ്ലാന്റർ എന്ന യന്ത്രമുപയോഗിച്ച് പറിച്ച് നടീലും എന്ന പദ്ധതിക്ക് ഉപകരണം വാങ്ങൽ റെയ്ഡ്കോക്ക് 92,397 രൂപ നൽകി. യന്ത്രസാമഗ്രികൾ ഉപയോഗിക്കാതെ സ്റ്റോർ റൂമിൽ തുരുമ്പെടുത്തു നശിക്കുന്നു. തുക പാഴായി. ആധുനിക വൽക്കരണത്തിലൂടെ നെൽകൃഷി ലാഭകരമാക്കുക എന്ന പദ്ധതി സഫലമായില്ല. |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.1 ക്രമ നം. 3)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു)

4. ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് സമുച്ചയത്തിലെ സ്റ്റോർ റൂമിൽ സൂക്ഷിച്ചിട്ടുള്ള മെഷീൻ നിലവിൽ പ്രവർത്തനക്ഷമമാണോയെന്ന് സമിതി ആരാഞ്ഞതിന് നിലവിൽ മെഷീൻ പ്രവർത്തനക്ഷമമല്ലെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. മെഷീന്റെ വാല്യൂവേഷൻ കണക്കാക്കി വില്പന നടത്തുകയെന്നതുമാത്രമേ പ്രായോഗികമായി ചെയ്യാൻ കഴിയുകയുള്ളൂവെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ വില്പന നടത്തുന്നതിനായി വാല്യൂവേഷൻ കണക്കാക്കുന്നതിന് പരിശോധന നടത്തിക്കഴിഞ്ഞെങ്കിലും റിപ്പോർട്ട് ലഭ്യമായിട്ടില്ലെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ അറിയിച്ചു. കൃഷി വകുപ്പുമായി ബന്ധപ്പെട്ട് വാല്യൂവേഷൻ റിപ്പോർട്ട് ബി.ഡി.ഒ. ഓഫീസിൽ നിന്നും അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പക്കൽനിന്നും തുക തിരിച്ചുപിടിച്ച സ്ഥിതിക്ക് എങ്ങനെയാണ് മെഷീൻ വിൽക്കാൻ കഴിയുകയെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് അസിസ്റ്റന്റ് ഡയറക്ടറുടെ പക്കൽനിന്നും തുക പിടിച്ചിട്ടില്ലെന്നും ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡി.സി.ആർ.ജി. തടഞ്ഞുവച്ചിരിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും ഗ്രാമ വികസന കമ്മീഷണറേറ്റ് അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു. മെഷീൻ വാങ്ങിയ അന്നുമുതൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലാണ് സൂക്ഷിച്ചിരിക്കുന്നതെന്നതിനാൽ ഉദ്യോഗസ്ഥനെതിരെ എന്തടിസ്ഥാനത്തിലാണ് നടപടി സ്വീകരിക്കാൻ കഴിയുകയെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ആരാഞ്ഞതിന് മെഷീൻ പ്രവർത്തനക്ഷമമാക്കേണ്ട ബാദ്ധ്യത നിർവ്വഹണോദ്യോഗസ്ഥനായ കൃഷി അസിസ്റ്റന്റ് ഡയറക്ടറിൽ നിക്ഷിപ്തമായിരുന്നുവെന്നും അതിൽ വീഴ്ച സംഭവിച്ചതുകൊണ്ടാണ് ഓഡിറ്റ് പരാമർശപ്രകാരം ഡി.സി.ആർ.ജി. തടഞ്ഞുവെച്ചിട്ടുള്ളതെന്നും പ്രസ്തുത യന്ത്രം പത്തുവർഷത്തോളമായി പ്രവർത്തനക്ഷമമല്ലെന്നുമാത്രമല്ല 5 വർഷത്തിൽ കൂടുതൽ പ്രവർത്തിക്കാനുള്ള സാദ്ധ്യതയും കുറവാണെന്നും വാല്യൂവേഷന്റെ അടിസ്ഥാനത്തിൽ ലേലം ചെയ്ത് കൊടുക്കാൻ കഴിയുമെന്നും ഗ്രാമ വികസന കമ്മീഷണറേറ്റ് അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ സമിതി മുൻപാകെ ബോധിപ്പിച്ചു.

5. തുടർന്ന് പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറുടെ വാല്യുവേഷൻ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിനും ലേലനടപടികൾ പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിച്ചു.

## തൃശ്ശൂർ ജില്ല

ഓഡിറ്റ് ഖണ്ഡിക

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സ്ഥാപനത്തിന്റെ പേര് | ചെലവഴിച്ച തുക | പദ്ധതിയുടെ സംക്ഷിപ്ത വിവരണം |
|---|---|---|---|---|---|
| 21 | 1998-99 | 3-6(എ) &(ബി) | ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 35,000 | ഭൂരഹിത, ഭവന രഹിത പുനധിവാസപദ്ധതി 35,000 രൂപ വീതം നൽകാൻ തീരുമാനിച്ചു. ചിലർ മുഴുവൻ തുക കൈപ്പറ്റിയിട്ടില്ല. തുക മുഴുവൻ കൈപ്പറ്റിയവർ പണിപൂർത്തീകരിച്ചിട്ടില്ല. രേഖകൾ ഹാജരാക്കിയില്ല. |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.1, ക്രമ നം. 21)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു)

6. പദ്ധതി പൂർത്തീകരിച്ചതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട് എന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

ഓഡിറ്റ് ഖണ്ഡിക

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സ്ഥാപനത്തിന്റെ പേര് | ചെലവഴിച്ച തുക | പദ്ധതിയുടെ സംക്ഷിപ്ത വിവരണം |
|---|---|---|---|---|---|
| 22 | 1999-2000 | 2-21 | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് | 2.45 കോടി | ആശീർവാദ് റൈസ്പാർക്ക് 2.45 കോടി രൂപ മുടക്കി (ചേലക്കരയിൽ) ആരംഭിച്ചു. ഉൽപ്പാദനക്ഷമത കൈവരിക്കാത്തതു മൂലം സെപ്റ്റംബർ 2005 മുതൽ പ്രവർത്തനം നിർത്തിവച്ചിരിക്കുന്നു. 4/2006 മുതലുള്ള കറന്റ് ബില്ല് കുടിശ്ശികയുണ്ട്. |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.1, ക്രമ നം. 22)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.)

7. ഓഡിറ്റ് പരാമർശം സംബന്ധിച്ച പദ്ധതി നിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടിക്ക് 10-7-19-ലെ യോഗത്തിൽ സമിതി ശിപാർശ ചെയ്യുകയും സർക്കാരിൽ ഇതുസംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുവെന്നാണ് റിപ്പോർട്ടിൽ പറയുന്നതെന്ന് സമിതി അറിയിച്ചപ്പോൾ 2007 മാർച്ചിൽ അവസാനിച്ച വർഷത്തെ സി. & എ.ജി.യുടെ റിപ്പോർട്ടിലും പ്രസ്തുത വിഷയം ഉൾപ്പെട്ടിട്ടുണ്ടെന്നും ആയതിന്മേലുള്ള തുടർനടപടിയെന്ന നിലയിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാൻ ശിപാർശ ചെയ്യാനാണ് സർക്കാർ തലത്തിലും ആലോചിക്കുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു. പ്രസ്തുത നടപടിയുടെ പുരോഗതി സംബന്ധിച്ച് സമിതി തുടർന്ന്

ആരാഞ്ഞതിന് നടപടികൾ അന്തിമഘട്ടത്തിലെത്തിയിട്ടില്ലെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

8. ജില്ലാ കളക്ടർ ചെയർമാനും ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറുമായിട്ടുള്ള ജില്ലാതല വിദഗ്ദ്ധ സമിതിയാണ് പദ്ധതിക്ക് സാങ്കേതികാനുമതി നൽകിയതെന്നും പ്രസ്തുത പദ്ധതിക്ക് സാങ്കേതികാനുമതി നൽകിയ വ്യക്തികൾക്കെതിരെ നടപടിയെടുക്കണമെന്നാണ് ലഭിച്ചിരിക്കുന്ന നിർദ്ദേശമെന്നും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

9. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് പ്രാരംഭ ഘട്ടം മുതലുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കിയാൽ മാത്രമേ യഥാർത്ഥത്തിൽ സംഭവിച്ചതെന്താണെന്ന് പരിശോധിക്കാൻ സാധിക്കുകയുള്ളൂവെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കിയപ്പോൾ ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

## പാലക്കാട് ജില്ല

ഓഡിറ്റ് ഖണ്ഡിക

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സ്ഥാപനത്തിന്റെ പേര് | ചെലവഴിച്ച തുക | പദ്ധതിയുടെ സംക്ഷിപ്ത വിവരണം |
|---|---|---|---|---|---|
| 23 | 2005-2006 | 3-1 | തരൂർ ഗ്രാമപഞ്ചായത്ത് | 7,43,238 | 16 പട്ടികജാതി കുടുംബങ്ങൾക്ക് 25 സെന്റ് കൃഷിഭൂമി വീതം പാട്ടത്തിനു നൽകി. കാർഷികോൽപ്പാദനം വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് 3.61 ഏക്കർ കൃഷിഭൂമി 6,69,238 രൂപയ്ക്കു വാങ്ങി 74,000 രൂപ ചെലവഴിച്ച് കമ്പി വേലികെട്ടി. കൃഷിഭൂമി നാളിതുവരെ ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ല. പദ്ധതി ലക്ഷ്യം കണ്ടില്ല. |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.1, ക്രമ നം. 23)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു)

10. കൃഷിഭൂമി പാട്ടത്തിനെടുക്കാനായി പട്ടികജാതി വിഭാഗത്തിലുൾപ്പെട്ട പതിനാലുപേർ മുന്നോട്ടുവന്നിട്ടുണ്ടെന്നും 25 സെന്റിന് 500 രൂപയാണ് പാട്ടത്തുകയായി കൃഷി ഓഫീസർ നിശ്ചയിച്ചതെന്നും ലേലത്തിൽ പതിനാലുപേർ പങ്കെടുക്കുകയും താൽക്കാലികമായി ഫിക്സ് ചെയ്ത് നൽകുകയുമുണ്ടായെന്നും പഞ്ചായത്ത് കമ്മിറ്റി അന്തിമമായി അംഗീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത ഭൂമി പാട്ടത്തിന് നൽകുന്നതാണെന്നുമുള്ള തരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

<u>ഓഡിറ്റ് ഖണ്ഡിക</u>

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സ്ഥാപനത്തിന്റെ പേര് | ചെലവഴിച്ച തുക | പദ്ധതിയുടെ സംക്ഷിപ്ത വിവരണം |
|---|---|---|---|---|---|
| 24 | 2003-04 | 3.2 | കൊല്ലംകോട് ബ്ലോക്ക് പഞ്ചായത്ത് | 4,61,468 | 1) 20-ഓളം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുന്ന പണിക്ക് 7 ലക്ഷം രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ പറമ്പിക്കുളം വൈൽഡ് ലൈഫ് വാർഡനുനൽകി. 65,000 ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്കും പൈപ്പ് ലൈൻ സ്ഥാപിക്കലും പൂർത്തിയാക്കി. വൈദ്യുതി കണക്ഷൻ ലഭിച്ചില്ല. 1998-99-ൽ ആരംഭിച്ച പണി ലക്ഷ്യം കണ്ടില്ല. |
| | 2005-06 | | | 11,25,000 | 2)തേക്കടി മുപ്പതേക്കർ കോളനിയിൽ 15 ആദിവാസികൾക്ക് വീട് നിർമ്മിച്ചു നൽകുന്ന പദ്ധതിക്ക് 11,25,000 രൂപ നെന്മാറ ഡി.എഫ്.ഒ-യ്ക്ക് അനുവദിച്ചെങ്കിലും (31-3-2005-ൽ) പദ്ധതി പൂർത്തീകരിച്ചിട്ടില്ല. |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.1, ക്രമ നം. 24 (1), (2)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.)

11. കുടിവെള്ള പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നതായുള്ള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

12. തേക്കടി മുപ്പതേക്കർ കോളനിയിലുള്ള എല്ലാവർക്കും വീട് നൽകിയോയെന്ന് സമിതി ആരാഞ്ഞതിന് എല്ലാവർക്കും വീട് നൽകിയിട്ടുണ്ടെന്ന് കൊല്ലംകോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

## കണ്ണൂർ ജില്ല

ഓഡിറ്റ് ഖണ്ഡിക

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സ്ഥാപനത്തിന്റെ പേര് | ചെലവഴിച്ച തുക | പദ്ധതിയുടെ സംക്ഷിപ്ത വിവരണം |
|---|---|---|---|---|---|
| 62 | 2002-03 | 2-2(എ) | പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 12,00,000 | 1997-1999-ലെ പ്രോജക്ടിൽ ഉൾപ്പെടുത്തി 12 ലക്ഷം രൂപ ചെലവിൽ 3/2003-ൽ നിർമ്മാണം പൂർത്തിയാക്കിയ 10 മുറികളുള്ള ഐ.ആർ.ഡി.പി. വിപണന കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടില്ല. കെട്ടിടത്തിന് നഗര സഭയുടെ അനുമതി വാങ്ങിയിട്ടില്ല. പദ്ധതി ലക്ഷ്യം കണ്ടില്ല. |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.1, ക്രമ നം. 62)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു)

13. കെട്ടിടത്തിന്റെ മുഴുവൻ മുറികളും വാടകയ്ക്ക് നൽകിയതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

ഓഡിറ്റ് ഖണ്ഡിക

| **ക്രമ നം.** | **ഓഡിറ്റ് വർഷം** | **ഖണ്ഡിക നം.** | **സ്ഥാപനത്തിന്റെ പേര്** | **ചെലവഴിച്ച തുക** | **പദ്ധതിയുടെ സംക്ഷിപ്ത വിവരണം** |
|---|---|---|---|---|---|
| 63 | 2003-04 | 2-3 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 7,16,449 | കല്ല്യാശ്ശേരി വയൽ നെൽ കൃഷി വികസനം പാറക്കടവ് കുളം ആഴം കൂട്ടി പമ്പ് സെറ്റ് സ്ഥാപിച്ച് ജലസേചനം നടത്താൻ 7,16,449 രൂപ ചെലവഴിച്ച് 2004-ൽ പൂർത്തീകരിക്കേണ്ട പദ്ധതി ഇതു വരെ നടപ്പിലാക്കി യിട്ടില്ല. |
| 64 | 2003-04 ചെലവ് | 2-11 | | 54.8 ലക്ഷം | വനിതാ വ്യവസായ എസ്റ്റേറ്റ് 54.8 ലക്ഷം രൂപ മുടക്കി 210 പേർക്ക് നേരിട്ടും 250 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കാൻ സാധ്യത. 1998-99-ൽ ആരംഭിച്ചു. 7 വർഷമായിട്ടും പ്രോജക്ട് ലക്ഷ്യം കണ്ടില്ല. |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.1, ക്രമ നം. 63, 64)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു)

14. പ്രസ്തുത സ്ഥലത്ത് കുളം നിർമ്മിച്ച് പമ്പ് സെറ്റ് സ്ഥാപിച്ചെങ്കിലും ത്രീ ഫേസ് കണക്ഷൻ എടുക്കാൻ കഴിയാത്തതിനാലാണ് പ്രവർത്തിക്കാത്തത് എന്നും അൻപത് മീറ്റർ പരിധിക്കുള്ളിൽ ത്രീ ഫേസ് കണക്ഷനെത്തിയിട്ടുള്ളതായി പഞ്ചായത്ത് പ്രസിഡന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് വരുന്ന വാർഷിക പദ്ധതിയിൽ ആവശ്യമായ തുക വകയിരുത്തിയശേഷം പദ്ധതി നവീകരിക്കാമെന്ന് അറിയിച്ചിട്ടുള്ളതായും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഇൻ-ചാർജ്ജ് സമിതി മുൻപാകെ അറിയിച്ചു.

15. വൈദ്യുതി കണക്ഷൻ ലഭ്യമായോയെന്നും പ്രസ്തുത സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ടോയെന്നും സമിതി ആരാഞ്ഞതിനു വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലെന്നും അൻപത് മീറ്റർ പരിധിക്കുള്ളിൽ ത്രീ ഫേസ് കണക്ഷനുണ്ടെന്നും കൃഷി ചെയ്യാൻ കഴിയുന്ന സ്ഥലമാണെന്നും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഇൻ-ചാർജ്ജ് സമിതി മുൻപാകെ മറുപടി നൽകി.

16. പ്രസ്തുത ആവശ്യത്തിനായി ചിലപ്പോൾ ഫീസിബിൾ അല്ലാത്ത പ്രോജക്ട് ആവിഷ്കരിക്കാൻ സാധ്യതയുണ്ടെന്നും അതിനാൽ കൃഷിയുമായി ബന്ധപ്പെട്ട പദ്ധതി നടക്കുമെന്ന് ഉറപ്പുണ്ടെങ്കിൽ മാത്രം മുന്നോട്ടുപോയാൽ മതിയെന്ന് പഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതി മുൻപാകെ അറിയിച്ചു.

17. കൃഷി ഓഫീസറിൽ നിന്ന് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയ ശേഷം കൃഷിക്ക് ആവശ്യമുള്ളപക്ഷം മാത്രം തുക ചെലവാക്കിയാൽ മതിയെന്ന നിർദ്ദേശം നൽകണമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ പ്രസ്തുത സ്ഥലം കൃഷി യോഗ്യമാണോ എന്നത് സംബന്ധിച്ച് കൃഷി ഓഫീസിൽ നിന്നും റിപ്പോർട്ട് വാങ്ങി കൃഷിയ്ക്ക് അനുയോജ്യമെങ്കിൽ മാത്രമേ പണം ചെലവഴിക്കാവൂയെന്നും ജനോപകാരപ്രദമല്ലാത്ത പദ്ധതികൾക്ക് പണം ചെലവഴിക്കരുതെന്നും പ്രശ്നങ്ങൾ പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

18. ക്രമ നം. 64-ലെ പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, പതിനഞ്ച് കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിച്ചതിൽ പതിമൂന്നെണ്ണം പണി പൂർത്തീകരിച്ച് വാടകയ്ക്ക് നൽകിയിട്ടുള്ളതായും രണ്ട് കെട്ടിടങ്ങൾക്ക് ചെറിയ അറ്റകുറ്റപ്പണികളുള്ളതിനാൽ അത് വാർഷിക പദ്ധതിയിലുൾപ്പെടുത്തി നവീകരിച്ചശേഷം ആവശ്യക്കാർക്ക് നൽകാമെന്നും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും / ശിപാർശകളും**

**19. വർക്കല ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട് ശിവൻനട ശുദ്ധജല വിതരണ പദ്ധതിക്കായി ആകെ ചെലവഴിച്ച 5,38,000 രൂപയിൽ വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ തുക വിനിയോഗിച്ചിട്ടില്ലെങ്കിൽ തിരിച്ചടച്ചോയെന്നും 3.84 ലക്ഷം രൂപ ചെലവാക്കി നിർമിച്ച കിണർ ഒരു ആസ്തിയായി കൈമാറിയിട്ടുണ്ടോയെന്നും വ്യക്തമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശം ഉൾപ്പെടുന്ന റിപ്പോർട്ട് അടിയന്തരമായി ഓഡിറ്റിന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**20. ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന ട്രാൻസ്പ്ലാന്റർ മെഷീന്റെ വാല്യൂവേഷൻ കണക്കാക്കി വില്പന നടത്തുകയെന്നതുമാത്രമാണ് പ്രായോഗികമായി ചെയ്യാൻ കഴിയുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറുടെ വാല്യൂവേഷൻ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിനും ലേല നടപടികൾ പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു.**

**21. ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട് പദ്ധതി പൂർത്തീകരിച്ചതായി ഓഡിറ്റിന്റെ പരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

22. തൃശ്ശൂർ ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് പ്രാരംഭഘട്ടം മുതലുള്ള വിശദമായ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

23. തരൂർ ഗ്രാമപഞ്ചായത്തിൽ കൃഷിഭൂമി പാട്ടത്തിനെടുക്കാനായി മുന്നോട്ടുവന്ന പട്ടികജാതി വിഭാഗത്തിലുൾപ്പെട്ട പതിനാലു പേർക്ക് 25 സെന്റിന് 500 രൂപ പാട്ടത്തുക നിശ്ചയിച്ചതായും പഞ്ചായത്ത് കമ്മിറ്റി അന്തിമമായി ലേല നടപടി അംഗീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത ഭൂമി പാട്ടത്തിന് നൽകുന്നതാണെന്നുമുള്ള തരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

24. പട്ടികവർഗ്ഗ കുടുംബാംഗങ്ങൾക്കുള്ള കുടിവെള്ള പദ്ധതി കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന ഓഡിറ്റ് റിപ്പോർട്ടിന്റെയും തേക്കടി മുപ്പതേക്കർ കോളനികളിലുള്ള എല്ലാവർക്കും വീട് ലഭിച്ചിട്ടുണ്ടെന്ന കൊല്ലംകോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

25. ഐ.ആർ.ഡി.പി. വിപണന കേന്ദ്രത്തിനായി നിർമ്മിച്ച കെട്ടിടത്തിന്റെ മുഴുവൻ മുറികളും വാടകയ്ക്ക് നൽകിയതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

26. കല്ല്യാശ്ശേരി വയൽനെൽ കൃഷി വികസനം സംബന്ധിച്ച് കൃഷി ഓഫീസറിൽ നിന്ന് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയ ശേഷം കൃഷിയ്ക്ക് അനുയോജ്യമെങ്കിൽ മാത്രമേ പണം ചെലവഴിക്കാവൂ എന്നും പ്രശ്നങ്ങൾ പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

27. വനിതാവ്യവസായ എസ്റ്റേറ്റുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

**പത്തനംതിട്ട ജില്ല**

**പൊതുപരാമർശങ്ങൾ**

ഓഡിറ്റ് ഖണ്ഡിക

**വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കുന്നതിൽ വീഴ്ച**

**മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03 (ചെലവ്); ഓഡിറ്റ് ഖണ്ഡിക 2-14)

ഓഡിറ്റ് വേളയിൽ വൗച്ചറും അനുബന്ധ രേഖകളും ഹാജരാക്കാത്ത ഗ്രാമപഞ്ചായത്തുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| നം. | സ്ഥാപനത്തിന്റെ പേര് | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക |
|---|---|---|---|---|
| 1 | മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 2002-03 (ചെലവ്) | 2-14 | 3,39,978 |
| 2 | മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 2002-03 | 2-13 | 91,741 |
| 3 | മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 2003-04 (ചെലവ്) | 2-26 | 1,73,981 |
| 4 | കോന്നി ബ്ലോക്ക് പഞ്ചായത്ത് | 2002-03 (ചെലവ്) | 2-2 | 15,45,607 |
| 5 | പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 2005-06 | 3-4 | 11,94,686 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.13.1)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.)

28. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, പതിനേഴ് വൗച്ചറുകളിൽ രണ്ട് വൗച്ചറുകൾ മാത്രമാണ് കണ്ടെത്താൻ സാധിച്ചിട്ടുള്ളതെന്നും കണ്ടെത്താൻ സാധിക്കാത്ത വൗച്ചറുകളിലെ തുകയായ 3,39,978 രൂപ ഓഫീസിന്റെ ആവശ്യങ്ങൾക്കുവേണ്ടിയാണ് ചെലവഴിച്ചിട്ടുള്ളതെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നതെന്നും മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ അറിയിച്ചു. തുടർന്ന് ഏത് ആവശ്യത്തിലേയ്ക്കാണ് പണം ചെലവഴിച്ചതെന്നതിന്റെ വിശദീകരണം ആവശ്യമാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചപ്പോൾ വിവിധ പ്രോജക്ടുകൾക്കായി കൺവീനർമാർക്ക് നൽകിയിട്ടുള്ള തുകകളും ഓഫീസിന്റെ ദൈനംദിന ചെലവുകൾക്കായുള്ള തുകകളും ഇതിലുൾപ്പെടുന്നുണ്ടെന്ന് മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു.

29. മൂന്ന് ലക്ഷം, പതിനേഴ് ലക്ഷം എന്നിങ്ങനെ വലിയ തുകകളാണ് ഓഡിറ്റ് പരാമർശത്തിലുൾപ്പെട്ടിരിക്കുന്നതെന്ന് സമിതി നിരീക്ഷിച്ചു. പതിനേഴ് ലക്ഷം രൂപയുടെ വിനിയോഗവുമായി ബന്ധപ്പെട്ട് ഏകദേശം 15,43,956 രൂപ സംബന്ധിക്കുന്ന രേഖകൾ ലഭ്യമായിട്ടുണ്ടെന്ന് മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചപ്പോൾ പ്രസ്തുത ചെലവ് സംബന്ധിച്ച് ഫയലുകളിൽ നിന്നും വിവരം ശേഖരിച്ച് ഭരണസമിതിയോഗം പരിശോധിച്ച് യോഗത്തിന്റെ തീരുമാനം സഹിതം ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

30. ഓഡിറ്റ് പരാമർശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

**നിഗമനങ്ങളും / ശിപാർശകളും**

**31. ഓഡിറ്റ് പരാമർശത്തിൻമേൽ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**32. ഓഡിറ്റ് പരാമർശത്തിലുൾപ്പെട്ടിരിക്കുന്ന പതിനേഴ് ലക്ഷം രൂപയുടെ വിനിയോഗവുമായി ബന്ധപ്പെട്ട് ഏകദേശം 15,43,956 രൂപ സംബന്ധിക്കുന്ന രേഖകൾ ലഭ്യമായിട്ടുണ്ടെന്ന് മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ചെലവ് സംബന്ധിച്ച ഫയലുകളിൽ നിന്നും വിവരം ശേഖരിച്ച് ആയത് ഭരണസമിതിയോഗം പരിശോധിച്ചതിന് ശേഷം യോഗത്തിന്റെ തീരുമാനം സഹിതം ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2003-04(ചെലവ്); ഖണ്ഡിക 2-14, ഖണ്ഡിക 2-26)

**കോന്നി ബ്ലോക്ക് പഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03, (ചെലവ്) ഖണ്ഡിക നമ്പർ ഖ.2-2)

35. കോന്നി ബ്ലോക്ക് പഞ്ചായത്തിലെ 2002-03 കാലയളവിലെ ചെലവുകൾ സംബന്ധിച്ച വൗച്ചറുകളും അനുബന്ധരേഖകളും ഹാജരാക്കുന്നതിലെ വീഴ്ച സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശമെന്നും പ്രസ്തുത കാലയളവിന് ശേഷം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റിയപ്പോൾ ഫയലുകൾക്ക് സ്ഥാനചലനം സംഭവിച്ച് ബില്ലെടുക്കാൻ സാധിക്കാതെ വന്നതായും പരാമർശത്തിൽ സൂചിപ്പിക്കുന്ന തുകയ്ക്ക് Indira Awas Yojana (IAY), National Bank For Agriculture And Rural Development (NABARD), അങ്കണവാടി നവീകരണ പ്രവർത്തനങ്ങൾ, സാക്ഷരത തുടർവിദ്യാഭ്യാസ കേന്ദ്രം തുടങ്ങി എല്ലാ പ്രവർത്തനങ്ങളുടെയും ചെലവുകൾ ആധികാരികമായ രേഖകളുടെ അടിസ്ഥാനത്തിലാണ് നല്കിയിട്ടുള്ളതെന്നും വൗച്ചറുകൾ കണ്ടെത്താനാകാത്ത വിധം നഷ്ടപ്പെട്ടുപോയെന്നാണ് കോന്നി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതെന്നും നിലവിലുള്ള രേഖകൾ പരിശോധിച്ച് ചെലവുകൾ നടന്നിട്ടുള്ളതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നതായും ഗ്രാമവികസന കമ്മിഷണറേറ്റ് അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ സമിതി മുൻപാകെ അറിയിച്ചപ്പോൾ ഇക്കാര്യങ്ങൾ നേരിട്ട് പരിശോധിച്ച് വ്യക്തമായിട്ടുള്ളതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & SPAO മറുപടി നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും / ശിപാർശകളും**

**36. ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ചെലവുകൾ സംബന്ധിച്ച വൗച്ചറുകൾ കണ്ടെത്താനാകാത്തവിധം നഷ്ടപ്പെട്ടു പോയെന്ന് കോന്നി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിനാലും നിലവിലുള്ള രേഖകൾ പരിശോധിച്ച് ചെലവുകൾ നടന്നിട്ടുള്ളതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്നുള്ള ഗ്രാമവികസന കമ്മീഷണറേറ്റ് അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണറുടെ ശിപാർശയും കാര്യങ്ങൾ നേരിട്ട് പരിശോധിച്ച് വ്യക്തമായിട്ടുള്ളതാണെന്ന തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ മറുപടിയും പരിഗണിച്ചും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**പറക്കോട് ബ്ലോക്ക് പഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06, ഖ.3-4)

37. 2005-06 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പ്രോജക്ടുമായി ബന്ധപ്പെട്ട് 11,94,686 രൂപയുടെ 21 പ്രവൃത്തികൾ സംബന്ധിച്ച വൗച്ചറുകളും അനുബന്ധരേഖകളും ഹാജരാക്കിയിട്ടില്ലെന്നതാണ് ഓഡിറ്റ് പരാമർശമെന്നും 3 പ്രവൃത്തികളുടെ വൗച്ചറുകളും അനുബന്ധരേഖകളും ലഭ്യമായത് ലോക്കൽ ഫണ്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളതായും ബാക്കിയുള്ള രേഖകൾ കണ്ടെത്താൻ സാധിച്ചിട്ടില്ലെങ്കിലും തുക ചെലവഴിച്ചുവെന്നതിന് വ്യക്തമായ ബോധ്യമുണ്ടെന്ന് പ്രസ്തുത കാര്യങ്ങൾ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നുമുള്ള പറക്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

**നിഗമനങ്ങളും / ശിപാർശകളും**

**38. ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ട 3 പ്രവൃത്തികളുടെ വൗച്ചറുകളും അനുബന്ധ രേഖകളും ലഭ്യമായത് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്നും ബാക്കിയുള്ള രേഖകൾ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും തുക ചെലവഴിച്ചുവെന്നതിന് വ്യക്തമായ ബോധ്യമുണ്ടെന്നും പ്രസ്തുത കാര്യങ്ങൾ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നുമുള്ള പറക്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**പറക്കോട് ബ്ലോക്ക് പഞ്ചായത്ത്**

<u>ഓഡിറ്റ് ഖണ്ഡിക</u>

**പാറക്കുഴി-പറമ്പിക്കുഴി ഏലാബണ്ട് നിർമ്മാണം-മുൻകൂർ നൽകി-പണി പൂർത്തിയാക്കിയിട്ടില്ല**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2003-04 (ചെലവ്), ഖണ്ഡിക നമ്പർ 2-8)

പാറക്കുഴി-പറമ്പിക്കുഴി ഏലാബണ്ട് നിർമ്മാണത്തിന് കൺവീനർക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ 27,500 രൂപയും സെക്യേർഡ് അഡ്വാൻസ് ഇനത്തിൽ 27,500 രൂപയും ഉൾപ്പെടെ 55,000 രൂപ നൽകി. സെക്യേർഡ് അഡ്വാൻസ് നൽകുന്നതിനുമുമ്പായി എഞ്ചിനീയറിൽനിന്ന് പ്രവൃത്തിയുടെ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയോ മറ്റു നടപടിക്രമങ്ങൾ പാലിക്കുകയോ ചെയ്തിട്ടില്ല. നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ കൺവീനറുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തീകരിക്കുകയോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും സ്ഥാപനത്തിനുണ്ടായ നഷ്ടം പിഴപ്പലിശ സഹിതം ഈടാക്കുകയോ ചെയ്തിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.18.1)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.)

40. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും / ശിപാർശകളും**

**41. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്**

<u>ഓഡിറ്റ് ഖണ്ഡിക</u>

**പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിലെ അപാകതകൾ-ചെലവ് തടസപ്പെടുത്തുന്നു**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05, ഖണ്ഡിക നമ്പർ 3-4)

പ്രീ-മെട്രിക്ക് ഹോസ്റ്റൽ കെട്ടിടനിർമ്മാണത്തിന് 8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിലും ടെണ്ടർ സമർപ്പിക്കുന്നതിന് നിയമാനുസൃതമായ 10 ദിവസത്തെ സമയം നൽകിയിട്ടില്ല. തുടർന്നുള്ള റീ-ടെണ്ടറിലും ഇപ്രകാരം തന്നെയായിരുന്നു നടപടി. തൽഫലമായി ടെണ്ടർ ആരും പങ്കെടുക്കാത്തതിനാൽ നെഗോസിയേഷൻ പ്രകാരം 5 ശതമാനം കൂടിയ നിരക്കിൽ പ്രവൃത്തി ഒരാളെ ഏൽപ്പിച്ചു. കെട്ടിടനിർമ്മാണത്തിനായി കീഴ്വായ്പൂര് ഹയർസെക്കന്ററി സ്കൂൾ വക ഭൂമി നൽകിയതായാണ് പറയുന്നതെങ്കിലും ഭൂമിയുടെ അവകാശം സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. വിദഗ്ധ പ്ലാൻ തയ്യാറാക്കാതെ നിർമ്മിച്ച കെട്ടിടത്തിൽ ഹോസ്റ്റൽ പ്രവർത്തിപ്പിക്കുന്നതിന് അത്യാവശ്യമായ സൗകര്യങ്ങൾ തീരെ അപര്യാപ്തമാണെന്നാണ് കെട്ടിടത്തിന്റെ ഇപ്പോഴത്തെ അവസ്ഥയിൽ നിന്നും വ്യക്തമാകുന്നത്. ബ്ലോക്ക് പഞ്ചായത്തിന് അവകാശമില്ലാത്ത സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ 7,13,070 രൂപ ചെലവഴിച്ചതും നിർമ്മാണത്തിലെ അപാകതകളും സംബന്ധിച്ച് സത്വര അന്വേഷണം നടത്തി അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.19.1)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.)

41. മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള മല്ലപ്പള്ളി ഗ്രാമ പഞ്ചായത്തിലെ കീഴ്വായ്പ്പൂര് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ നിന്ന് നല്കപ്പെട്ട 25 സെന്റ് സ്ഥലത്താണ് ഹോസ്റ്റൽ നിർമ്മിച്ചിട്ടുള്ളതെന്നും 2020 ജനുവരി മാസം മുതൽ ഹോസ്റ്റൽ പ്രവർത്തനസജ്ജമാകുകയും നല്ല നിലയിൽ പ്രവർത്തിക്കുകയും ചെയ്തുവരുന്നുണ്ടെന്നും നിലവിൽ 17 പെൺകുട്ടികൾ അവിടെ താമസിച്ച് പഠനം നടത്തുന്നുണ്ടെന്നും 5 ജീവനക്കാർ ഹോസ്റ്റലിൽ ജോലി ചെയ്യുന്നുണ്ടെന്നുമുള്ള മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

### നിഗമനങ്ങളും / ശിപാർശകളും

**42. പ്രീ-മെട്രിക് ഹോസ്റ്റൽ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നതായുള്ള മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

### പന്തളം ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പ്രീ-മെട്രിക് ഹോസ്റ്റലിന് സ്ഥലം വാങ്ങിയത്-വസ്തു ഉടമയ്ക്ക് വിലകൂട്ടി കൊടുത്തു**

(ഓഡിറ്റ് റിപ്പോർട്ട് വർഷം:2003-04 (ചെലവ്), ഖണ്ഡിക :2-1)

സ്ഥലം വാങ്ങുന്നതിനുള്ള പത്രപ്പരസ്യപ്രകാരം സർക്കാർ നിശ്ചയിക്കുന്ന പ്രീ-മെട്രിക്ക് ഹോസ്റ്റൽ പണിയാൻ സ്ഥലം നൽകാൻ ഒരു വ്യക്തി തയ്യാറാവുകയും, ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ആയത് അംഗീകരിക്കുകയും ചെയ്തു. പത്തനംതിട്ട ജില്ലാ കളക്ടറുടെ 9-3-2004 ലെ സി2-1305/2004/കെ.ഡിസ്. നമ്പർ കത്ത് പ്രകാരം ഒരു ആർ ഭൂമിയ്ക്ക് 16,500 രൂപ വില നിശ്ചയിച്ച് ഉത്തരവായിരുന്നു. എന്നാൽ 16 ആർ ഭൂമി വാങ്ങുന്നതിന് 2,64,000 രൂപ ചെലവഴിക്കുന്നതിനുപകരം 3,43,200 രൂപ വസ്തു ഉടമയ്ക്ക് നൽകി. കളക്ടർ നിശ്ചയിച്ച വാല്യുവേഷൻ തുകയിൽ നിന്നും 30 ശതമാനം തുക അധികരിച്ച് നൽകുവാൻ 22-3-2004-ലെ കമ്മിറ്റി ഒരു മെമ്പറുടെ വിയോജനക്കുറിപ്പോടെ

തീരുമാനിച്ചിരുന്നു. കൂടുതലായി ചെലവഴിച്ച 79,200 രൂപ കമ്മിറ്റി തീരുമാനം എടുത്ത മെമ്പർമാരിൽ നിന്നും സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. മുദ്രപത്രവില, രജിസ്ട്രേഷൻ ഫീസ്, എഴുത്തുകൂലി എന്നിവയ്ക്കായി 23,597 രൂപ ചെലവഴിച്ചിട്ടുണ്ട്. ആധാരത്തിന്റെ ഒറിജിനൽ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. കൂടാതെ 30-3-2004-ലെ 379566-ാം നമ്പർ ചെക്ക് പ്രകാരം 2,23,180 രൂപ കൂടി വസ്തു ഉടമയ്ക്ക് നൽകിയിട്ടുണ്ട്. തുക മാറിയിട്ടുണ്ടോ എന്ന് പരിശോധിയ്ക്കാൻ ഈ കാലയളവിലെ ബാങ്ക് പാസ്ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.20.1)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.)

43. ഓഡിറ്റ് പരാമർശം സംബന്ധിച്ച് പന്തളം ബ്ലോക്ക് പഞ്ചായത്തിൽ പ്രീ-മെട്രിക് ഹോസ്റ്റലിന് സ്ഥലം വാങ്ങുന്നതിന് കൂടുതലായി ചെലവഴിച്ച 79,200 രൂപയുടെ ബാധ്യത നിർണ്ണയിച്ച 10 അംഗങ്ങളിൽ 7 പേരും തിരിച്ചടച്ചിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളിൽ 2 പേർ മരണപ്പെട്ടുവെന്നും 7,920 രൂപ നാളിതുവരെ തിരിച്ചടയ്ക്കാത്ത അംഗത്തിന് റവന്യൂ റിക്കവറി നടപടികൾ എടുക്കേണ്ടി വരുമെന്ന തീരുമാനം രജിസ്റ്റേർഡ് നോട്ടീസായി നല്കിയിട്ടുണ്ടെന്നും പന്തളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ അറിയിച്ചു. തുക തിരിച്ചടയ്ക്കാൻ ബുദ്ധിമുട്ടാണെന്ന് പറഞ്ഞ് ടിയാൻ സമിതിക്ക് മുമ്പാകെ പ്രത്യേക അപേക്ഷ സമർപ്പിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് അപേക്ഷകളൊന്നും നൽകിയിട്ടില്ലെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

44. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള 2,23,180 രൂപ പിൻവലിച്ചത് സംബന്ധിച്ച വിവരങ്ങളൊന്നും പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ലെന്ന വിഷയവുമായി ബന്ധപ്പെട്ട് എന്താണ് സൂചിപ്പിക്കാനുള്ളതെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് പ്രസ്തുത തുക നല്കിയതുമായി ബന്ധപ്പെട്ട ചെക്കിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് പന്തളം സബ് ട്രഷറി ഓഫീസിൽ കത്ത് കൊടുത്തിട്ടുണ്ടെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലെന്നും ഇതുസംബന്ധിച്ച വിവരങ്ങൾ ഒരാഴ്ചയ്ക്കുള്ളിൽ ഹാജരാക്കാമെന്നും പന്തളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയതിനെ തുടർന്ന് പ്രസ്തുത റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമായ ശേഷം തീരുമാനമെടുക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും / ശിപാർശകളും**

**45. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള 2,23,180 രൂപ നൽകിയതു മായി ബന്ധപ്പെട്ട രേഖകൾ അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്കൂളുകൾ, ലൈബ്രറികൾ, ഐ.റ്റി.സി. എന്നിവയ്ക്ക് കമ്പ്യൂട്ടർ വാങ്ങി നൽകൽ- വിശദമായ അന്വേഷണത്തിന് ശിപാർശ ചെയ്യുന്നു**

(ഓഡിറ്റ് റിപ്പോർട്ട് വർഷം:2004-05 (ചെലവ്), ഖണ്ഡിക നമ്പർ 2-3)

സ്കൂളുകൾ, ലൈബ്രറികൾ, ഐ.റ്റി.സി. എന്നിവയ്ക്ക് വിതരണം ചെയ്യുന്നതിനായി 10 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും " സൈബർ പാർക്ക്" എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന് 4,96,500 രൂപ ചെലവഴിച്ചു. വൗച്ചർ കോപ്പിയായി ഫയലിലുള്ളത്, പരസ്യം നൽകിയ പത്രത്തിന്റെ പേരും തീയതിയും വ്യക്തമല്ലാത്ത ഒരു ന്യൂസ് പേപ്പർ കട്ടിംഗ് മാത്രമാണ്. ടെന്റർ തീയതി 26-3-2004 ഉം ടെന്റർ സ്വീകരിക്കുന്ന അവസാന തീയതി 29-3-2004-ഉം ആണെന്ന് കാണുന്നു. നൽകിയ പരസ്യപ്രകാരം ടെന്ററുകൾ ഒന്നുംതന്നെ ലഭിച്ചിട്ടുമില്ല. കമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും രണ്ടു ദിവസത്തിനകം തരാൻ തയ്യാറാണെന്നും ആകെ വില 4,96,500 രൂപയാണെന്നും, സ്ഥാപനത്തിന്റെ പ്രൊപ്രൈറ്റർ 29-3-2004 ൽ അറിയിച്ചതനുസരിച്ച് 30-3-2004 ലെ കമ്മിറ്റി തീരുമാനപ്രകാരം, മുൻപ് ഇതേ പദ്ധതിയ്ക്ക് ടെന്റർ നൽകിയ "സൈബർ പാർക്ക്" എന്ന സ്ഥാപനത്തിൽ നിന്നും കമ്പ്യൂട്ടറുകൾ വാങ്ങാൻ തീരുമാനിച്ചു. ആയതിൽ നിന്നും, ചുരുങ്ങിയ കാലയളവ് രേഖപ്പെടുത്തി പരസ്യം നൽകിയത് ടി സ്ഥാപനത്തിൽ നിന്നും വാങ്ങുവാൻ ഉദ്ദേശിച്ചുകൊണ്ട് മാത്രമായിരുന്നുവെന്ന് വ്യക്തമാണ്. മാത്രവുമല്ല, 9 കമ്പ്യൂട്ടറുകൾ മാത്രമേ സ്ഥാപന മേലധികാരികൾ കൈപ്പറ്റിയതായി കാണുന്നുള്ളു. ഒരു കമ്പ്യൂട്ടർ കൈമാറിയതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന് യാതൊരു നിയന്ത്രണവുമില്ലാത്ത ലൈബ്രറികൾക്കും സ്ഥാപനങ്ങൾക്കും കമ്പ്യൂട്ടറുകൾ വാങ്ങി നൽകുന്നതിന് ഇത്രയേറെ തുക ചെലവഴിച്ചതും, മുൻവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി കമ്പ്യൂട്ടർ വാങ്ങി നൽകിയ പൂഴിക്കാട് ഗവൺമെന്റ് യു.പി. സ്കൂളിന് തൻവർഷവും കമ്പ്യൂട്ടർ നൽകിയതും അന്വേഷണ വിധേയമാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.20.2)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.)

46. ലൈബ്രറികൾക്ക് കമ്പ്യൂട്ടറും അനുബന്ധ വസ്തുക്കളും നല്കിയതിന്റെ രേഖകളെല്ലാം കൈവശമുണ്ടായിരുന്നെങ്കിലും ഓഡിറ്റ് സമയത്ത് ഹാജരാക്കിയിട്ടില്ലായിരുന്നുവെന്നും ടി വിവരങ്ങളെല്ലാം ഓഡിറ്റിനെ അറിയിക്കുകയും അവർ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി ഉറപ്പാക്കുകയും ചെയ്തിട്ടുണ്ടെന്നും പന്തളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഒരു കമ്പ്യൂട്ടർ കൈമാറിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയ റിപ്പോർട്ടിൽ ഇല്ലാത്തതിനാൽ ഒന്നുകൂടി പരിശോധിക്കേണ്ടതുണ്ടെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. തദവസരത്തിൽ 2003-04-ലാണ് കമ്പ്യൂട്ടർ വാങ്ങിയതെന്നും ഇതുമായി ബന്ധപ്പെട്ട് ജില്ലയിൽ നടന്ന സ്ക്രീനിംഗ് കമ്മിറ്റിയിൽ റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും പന്തളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു. ഒരു കമ്പ്യൂട്ടറിന്റെ വിവരങ്ങൾ ലഭ്യമാകാനുണ്ടെന്ന തന്നെയാണ് സ്ക്രീനിംഗ് കമ്മിറ്റി റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന തെന്നതിനാൽ ഒരിക്കൽ കൂടി പരിശോധിക്കേണ്ടതുണ്ടെന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു. ഒരിക്കൽ കൂടി ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ഓഡിറ്റ് വകുപ്പിനോട് നിർദ്ദേശിച്ചു.

**നിഗമനങ്ങളും / ശിപാർശകളും**

**47. കമ്പ്യൂട്ടർ കൈമാറിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ലെന്ന് ഓഡിറ്റ് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരിക്കൽ കൂടി ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.**

**കോട്ടയം ജില്ല**

ഓഡിറ്റ് ഖണ്ഡിക

**ളാലം ബ്ലോക്ക് പഞ്ചായത്ത്**

**സുവർണ മിൽക്ക് പാസ്ചറൈസേഷൻ യൂണിറ്റ്-പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05, ഖണ്ഡിക നമ്പർ: 3-1)

ബ്ലോക്കിലെ 6 പഞ്ചായത്തുകളിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന പാൽ ഉൽപ്പാദന സംഘങ്ങളിൽ നിന്ന് രണ്ട് വീതം സംഘങ്ങളെ സർക്കാർ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് SGSY ഗ്രൂപ്പ് ലോൺ സ്കീമിൽ ബാങ്കിൽ നിന്നും വായ്പയും ബ്ലോക്കിൽ നിന്ന് സബ്സിഡിയും നൽകി "സുവർണ്ണമിൽക്ക് പാസ്ചറൈസേഷൻ യൂണിറ്റ്" എന്ന പദ്ധതി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരുന്നു. പഞ്ചായത്തുകളിൽ രൂപീകരിക്കുന്ന എസ്.ജി.എസ്.വൈ. ഗ്രൂപ്പുകളുടെ പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി മറ്റു സാങ്കേതിക വിദഗ്ധർ എന്നിവർ ഉൾപ്പെട്ട ബ്ലോക്ക് തലത്തിൽ രൂപംകൊള്ളുന്ന

സമിതിയുടെ നേതൃത്വത്തിൽ നിർമ്മിക്കുന്ന 5000 ലിറ്റർ കപ്പാസിറ്റിയുള്ള " സുവർണ്ണ മിൽക്ക് പാസ്ചറൈസേഷൻ യൂണിറ്റ്" എന്ന പദ്ധതി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 550 കുടുംബാംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. 15,00,000 രൂപ അടങ്കലുള്ള പദ്ധതിയുടെ കെട്ടിട നിർമ്മാണം മാത്രമാണ് നിർമ്മാണ ഘട്ടത്തിൽ എത്തിനിൽക്കുന്നത്. 19-12-2003-ൽ ആരംഭിച്ച് 31-3-2004-ൽ പൂർത്തിയാക്കേണ്ടിയിരുന്നത് 31-3-2005-ൽ പോലും പൂർത്തീകരിക്കാൻ കഴിയാത്തത് ബന്ധപ്പെട്ടവരുടെ അനാസ്ഥമൂലമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.33.1)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.)

48. ഉാലം ബ്ലോക്ക് പഞ്ചായത്തിന്റെ 2004-05 വാർഷിക പദ്ധതിയിൽപ്പെടുത്തി പതിനഞ്ച് ലക്ഷം രൂപ അടങ്കലിൽ മിൽക്ക് പാസ്ചറൈസേഷൻ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്നതായും പ്രോജക്ടിന്റെ ആരംഭ ഘട്ടത്തിൽ ഗുണഭോക്താക്കൾ പ്രസ്തുത യൂണിറ്റിന് പാൽ നല്കാൻ താല്പര്യം കാണിക്കാത്ത സാഹചര്യത്തെത്തുടർന്ന് പ്രസ്തുത കെട്ടിടം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപനത്തിന് നൽകുകയുണ്ടായെന്നും ഇതിന്റെ ഫലമായി പദ്ധതി ഉദ്ദേശ്യലക്ഷ്യം കൈവരിച്ചില്ലെന്നതാണ് ഓഡിറ്റ് പരാമർശമെന്നും മറ്റ് അഴിമതികളോ സാമ്പത്തിക പ്രശ്നങ്ങളോ ഒന്നുമില്ലാത്തതിനാൽ ഓഡിറ്റ് പരാമർശത്തിൽ നിന്ന് ഒഴിവാക്കിനൽകണമെന്നും ഉാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു. തവണ വ്യവസ്ഥയിൽ സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും വില നൽകുമെന്ന വ്യവസ്ഥയിലാണ് കെട്ടിടം കൈമാറിയതെന്നാണ് അറിയിച്ചിരുന്നതെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ 14,53,155 രൂപയാണ് നിർണ്ണയിച്ച് നൽകിയതെന്നും നിലവിൽ ഈ സ്ഥാപനം ഏകദേശം 15,92,000 രൂപ നൽകിയിട്ടുള്ളതായും 2023, 2024, 2025 വർഷങ്ങളിലും തുക നൽകാമെന്നാണ് അറിയിച്ചിട്ടുള്ളതെന്നും തുക കൃത്യമായും അടഞ്ഞുതീരുമെന്നാണ് കണക്കാക്കുന്നതെന്നും ഉാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് ടി കെട്ടിട നിർമ്മാണത്തിന് വേണ്ടി ചെലവഴിച്ച തുകയും മറ്റ് ചെലവുകളും പ്രസ്തുത കെട്ടിടം കൈമാറി നൽകിയ സ്ഥാപനത്തിൽ നിന്നും പൂർണ്ണമായി ഈടാക്കി റിപ്പോർട്ട് നൽകുന്നതിന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും / ശിപാർശകളും**

**49. കെട്ടിട നിർമ്മാണത്തിനുവേണ്ടി ഉാലം ബ്ളോക്ക് പഞ്ചായത്ത് ചെലവഴിച്ച തുകയും മറ്റ് ചെലവുകളും കെട്ടിടം കൈമാറി നൽകിയ സ്ഥാപനത്തിൽ നിന്നും പൂർണ്ണമായി ഈടാക്കിയതിനുശേഷം ആയതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

## ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

### എസ്.എൻ.ബാലവാടി-ചൊവ്വൂർ റോഡ് പുനരുദ്ധാരണ പ്രവൃത്തിയിലെ ക്രമക്കേടുകൾ

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05, ഖണ്ഡിക നമ്പർ 3-6)

എസ്.എൻ. ബാലവാടി-ചൊവ്വൂർ റോഡ് പുനരുദ്ധാരണത്തിന്റെ ഭാഗമായി 200 മീറ്റർ നീളത്തിൽ 5 മീറ്റർ വീതിയിൽ 2.5 മീറ്റർ ഘനത്തിൽ 2500 ഘനമീറ്റർ (പാറയൊഴികെയുള്ള) മണ്ണ് എടുക്കാനാണ് ഉദ്ദേശിച്ചിരുന്നത്. 300 ഘനമീറ്ററിൽ അധികം മണ്ണെടുക്കുന്ന സാഹചര്യത്തിൽ ഇനിഷ്യൽ-ഫൈനൽ ലവൽ മെഷർമെന്റ് എടുത്ത് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഈ പ്രവൃത്തിക്ക് മനുഷ്യദിനങ്ങൾക്ക് അനുസൃതമല്ലാതെ ഭക്ഷ്യധാന്യം നൽകിയിട്ടുണ്ട്. 1778 മനുഷ്യദിനങ്ങൾക്ക് അനുസൃതമായി ആകെ 17780 കി.ഗ്രാം ഭക്ഷ്യധാന്യം നൽകേണ്ടതിനു പകരം അധികമായി 4970 കി.ഗ്രാം നൽകിയിട്ടുണ്ട്. ഇപ്രകാരം 30,814 രൂപ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. തൊഴിലാളികളെ ഉപയോഗിച്ചുതന്നെയാണ് പ്രവൃത്തി ചെയ്തതെന്നുള്ളതിന്റെ സാക്ഷ്യപത്രം മോണിറ്ററിംഗ് സമിതി ഹാജരാക്കിയിട്ടില്ല. ജെ.സി.ബി. പോലുള്ള യന്ത്രം ഉപയോഗിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്ന് മനസിലാക്കുന്നു. ക്രമാതീതമായി തൊഴിലാളികളെ ഉപയോഗിച്ചതായി വ്യാജ മസ്റ്റർറോൾ ചമച്ച് ഉയർന്ന സബ്സിഡിയോടുകൂടി ലഭ്യമായ ഭക്ഷ്യധാന്യം ദുർവിനിയോഗം ചെയ്തിട്ടുള്ളതായി കാണുന്നു. എസ്.ജി.ആർ.വൈ. (എസ്.ഡി.പി.) സ്കീമിൽ തെരഞ്ഞെടുത്ത എല്ലാ വേലകളും പ്രത്യേകിച്ച് മണ്ണ് മാറ്റൽ എന്ന പ്രത്യേക ഐറ്റം മാത്രം ഉൾപ്പെടുത്തി ഏറ്റെടുത്ത എല്ലാ പ്രവൃത്തികളും സമഗ്രമായ അന്വേഷത്തിനു വിധേയമാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.34.1)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.)

50. 2004-05 വർഷത്തെ നബാർഡ് സ്കീം പ്രകാരമുള്ള എസ്.എൻ. ബാലവാടി. ചൊവ്വൂർ റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് മനുഷ്യദിനങ്ങൾക്കനുസൃതമല്ലാതെ ഭക്ഷ്യധാന്യം കൂടുതലായി കൊടുത്തുവെന്നും ജെ.സി.ബി. പോലുള്ള യന്ത്രങ്ങൾ ഉപയോഗിച്ചാണ് പ്രവൃത്തി നടത്തിയതെന്നുമുള്ള രണ്ട് ഓഡിറ്റ് പരാമർശങ്ങളാണുള്ളതെന്ന് ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ അറിയിച്ചു.

51. 2004-05 കാലഘട്ടത്തിൽ നടന്ന എസ്.ജി.ആർ.വൈ. പ്രവൃത്തികൾക്കെല്ലാം തന്നെ ഭക്ഷ്യധാന്യ വിഹിതവും ക്യാഷ് വിഹിതവുമാണ് വരേണ്ടതെന്നും ക്യാഷ് വിഹിതം ഗ്രാമപഞ്ചായത്താണ് വഹിക്കേണ്ടതെന്നും എന്നാൽ മിക്ക ഗ്രാമപഞ്ചായത്തുകളും ആവശ്യമായ ഫണ്ട് പൂർണ്ണമായും വകയിരുത്താത്ത സാഹചര്യമുണ്ടെന്നും അതുകൊണ്ട് ആ ക്യാഷ് വിഹിതത്തിനാനുപാതികമായി ഭക്ഷ്യധാന്യം കൊടുത്തിട്ടുണ്ടെന്നും അതുകൊണ്ടാണ് ഭക്ഷ്യധാന്യം കൂടുതലായി കൊടുത്തുവെന്നൊരു പരാമർശം ഓഡിറ്റിന്റെ ഭാഗത്തുന്നിന്നുണ്ടായതെന്നും ആനുപാതികമായി മാത്രമാണ് ഭക്ഷ്യധാന്യം കൊടുത്തിട്ടുള്ളതെന്നും ആദ്യ അടങ്കൽ തുകയിൽ അധികരിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പ് കണ്ടെത്തിയിട്ടില്ലെന്നും ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ അറിയിച്ചു.

52. ജെ.സി.ബി. പോലുള്ള യന്ത്രം ഉപയോഗിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്നാണ് രണ്ടാമത്തെ ഓഡിറ്റ് പരാമർശമെന്നും കോട്ടയം ജില്ലയുടെ കിഴക്കൻ മേഖലയായ തലനാട് ഗ്രാമപഞ്ചായത്ത് ഉയർന്ന മലമ്പ്രദേശങ്ങളുള്ള സ്ഥലമായതിനാൽ സാധാരണ റോഡുകളിലെ പോലെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം വന്നതായും അതുകൊണ്ടുതന്നെ ഉയർന്ന പാറക്കെട്ടിന്റെ ഭാഗത്ത് തദ്ദേശവാസികളുടെ സഹകരണത്തോടെ ബുൾഡോസറുകൾ, ജെ.സി.ബി. എന്നിവ ഉപയോഗിച്ച് ചില പ്രവൃത്തികൾ ചെയ്തിട്ടുള്ളതായും എന്നാൽ അടങ്കൽ തുകയിൽ നിന്ന് വ്യതിചലിച്ച് ജെ.സി.ബി.ക്ക് തുക നൽകിയിട്ടില്ലെന്നും ക്രമാതീതമായി തൊഴിലാളികളെ ഉപയോഗിച്ചതായി വ്യാജ മസ്റ്റർറോൾ തയ്യാറാക്കിയിട്ടില്ലെന്നും യഥാർത്ഥത്തിൽ അവിടെയുണ്ടായിരുന്ന തൊഴിലാളികളുടെ മസ്റ്റർ റോൾ തയ്യാറാക്കി അതിനനുസരിച്ചുള്ള ഭക്ഷ്യധാന്യമാണ് നൽകിയിട്ടുള്ളതെന്നും അതിനുശേഷം ഹാഡാ പദ്ധതിയിലൂടെയും ബ്ലോക്ക് പഞ്ചായത്തിന്റെയും നേതൃത്വത്തിൽ ടാറിംഗ് നടന്നിട്ടുണ്ടെന്നും നിലവിൽ 500 മീറ്റർ മാത്രമേ ആ റോഡ് ഗതാഗത യോഗ്യമല്ലാതെയുള്ളൂവെന്നും ആയതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കി നല്കണമെന്നും ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചു. പ്രോജക്ട് നടപ്പിലാക്കിയ പ്രദേശത്തെ പാരിസ്ഥിതിക ഘടനയും പ്രോജക്ടിന്റെ ഉദ്ദേശ്യശുദ്ധിയും കണക്കിലെടുത്ത് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

## നിഗമനങ്ങളും / ശിപാർശകളും

**53. പദ്ധതി നടപ്പിലാക്കിയ പ്രദേശത്തെ പാരിസ്ഥിതിക ഘടനയും പ്രോജക്ടിന്റെ ഉദ്ദേശ്യശുദ്ധിയും കണക്കിലെടുത്ത് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നബാർഡ് ധനസഹായത്തോട്ടുകൂടി ഏറ്റെടുത്ത റോഡ് നിർമ്മാണ പ്രവൃത്തികൾ - ഗുരുതരമായ അപാകത**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-2006, ഖണ്ഡിക നമ്പർ: (3-6, 3-7, 3-8))

ഗ്രാമീണ പശ്ചാത്തല വികസന നിധിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത വിവിധ റോഡ് നിർമ്മാണ പ്രവൃത്തികളുടെ രേഖകൾ, സാമ്പത്തിക വിനിമയം എന്നിവയിൽ പല അപര്യാപ്തതകൾ കണ്ടെത്തി. ഖണ്ഡിക 3-6.

ഇടമറുക്-കയ്യൂർ റോഡ് നിർമ്മാണത്തിനായി 15.97 ലക്ഷം രൂപ നബാർഡ് വിഹിതമായും 1.78 ലക്ഷം രൂപ പ്ലാൻ ഫണ്ട് വിഹിതമായും നിശ്ചിച്ച് ടി പ്രവൃത്തിക്കായി ഓഡിറ്റ് നടത്തിയ 21-2-2007 വരെ 17,37,144 രൂപ മൂല്യനിർണ്ണയം നടന്നിട്ടുണ്ട്. എന്നാൽ പ്രവൃത്തിയിൽ ബ്ലോക്ക് പഞ്ചായത്തിന് ഭീമമായ നഷ്ടവും കരാറുകാരന് അമിതമായ ലാഭവും ഉണ്ടായതായി കാണുന്നു.

ആലുന്തറ-ഈന്തുംപള്ളി-കുട്ടിക്കൽ റോഡ് നിർമ്മാണത്തിനായി 21-2-2007 വരെ 1,02,11,457 രൂപ മൂല്യം കണക്കിലാക്കിയിട്ടുണ്ട്. ടി പ്രവൃത്തിയിലുടനീളം അപാകത കാണുന്നു. കരാറുകാരന് ഇതുവരെ എത്ര തുക നൽകിയെന്നതിന് വ്യക്തമായ കണക്ക് സൂക്ഷിച്ചിട്ടില്ല. 21-2-2007 വരെ 68.93 ലക്ഷം രൂപയുടെ റീ ഇംബേഴ്സ്മെന്റ് ക്ലെയിം നൽകിയിട്ടുണ്ടെങ്കിലും തുക നബാർഡിൽ നിന്നും ലഭിക്കാത്തതിനാൽ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചു. ആയത് ക്രമീകരിച്ചിട്ടില്ല.

ഭീമമായ തുകയുടെ ചെലവ് നടത്തിയതിനുശേഷവും ഭൗതികനേട്ടം ആർജ്ജിക്കാൻ സാധിച്ചിട്ടില്ല. തന്നെയുമല്ല കരാറുകാരന് ലാഭമുണ്ടാവുകയും പ്ലാൻ ഫണ്ട് വകമാറ്റി ചെലവഴിക്കുകയും ചെയ്തിരിക്കുന്നു. ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം ആവശ്യമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.34.2)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

**നിഗമനങ്ങളും / ശിപാർശകളും**

**54. ഓഡിറ്റ് പരാമർശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് അംഗീകരിച്ച സമിതി ഇടമറുക്-കയ്യൂർ, ആലുംതുറ- ഈന്തുമ്പള്ളി-കുട്ടിക്കൽ എന്നീ റോഡുകൾ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുന്നു.**

## കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

### നബാർഡ്-റീ-ഇംബേഴ്സ്മെന്റ് തുക തിരിമറി നടത്തി

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-2006, ഖണ്ഡിക നമ്പർ: 3-1)

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിലെ വിവിധ റോഡുകൾ നിർമ്മിച്ചതിന് റീ -ഇംബേഴ്സ്മെന്റായി കോട്ടയം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ ഉത്തരവ് പ്രകാരം 11,09,000 രൂപ ലഭിച്ചു. ഇതിൽ രണ്ടുലക്ഷം രൂപ നിയമാനുസൃതമായി ഒരു കരാറുകാരന് നൽകിയശേഷം ബാക്കി 9,09,000 രൂപ സിൻഡിക്കേറ്റ് ബാങ്കിന്റെ കടുത്തുരുത്തി ശാഖയിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ 31-5-2006- ൽ ബി.ഡി.ഒ. ശ്രീ. എസ്. സുരേഷ്കുമാർ സെൽഫ് ചെക്ക് വഴി ടി തുക സിൻഡിക്കേറ്റ് ബാങ്കിൽ നിന്നും പിൻവലിക്കുകയും അതിൽ 1,09,000 രൂപ മാത്രം 1-6-2006- ൽ കടുത്തുരുത്തി സബ് ട്രഷറിയിൽ അടച്ചതിന് കിട്ടിയ 686-ാം നമ്പർ ചെലാൻ രസീത് തിരുത്തി തുക 9,09,000 എന്നാക്കി 8,00,000 രൂപ ബി.ഡി.ഒ. ശ്രീ. എസ്. സുരേഷ് കുമാറും ബ്ലോക്ക് പഞ്ചായത്തിലെ എൽ. ഡി. ക്ലാർക്ക് ശ്രീ. അഭിലാഷ് സുകുമാരനും അപഹരിക്കുകയും ചെയ്തതായികണ്ടു. തുടർന്നുനടന്ന അന്വേഷണത്തിൽ അപഹരിച്ച 8 ലക്ഷം രൂപയിൽ യഥാക്രമം 5.74, 1.998 ലക്ഷം രൂപ സർവ്വശ്രീ സുരേഷ്കുമാർ, ബി.ഡി.ഒ., അഭിലാഷ് സുകുമാരൻ, എൽ.ഡി. ക്ലാർക്ക് എന്നിവരിൽ നിന്നും കണ്ടെടുത്തതിനാൽ വകുപ്പുതല അന്വേഷണവും 17-6-2006-ലെ ക്രൈം നം.141/06- ാം നമ്പരായി പോലീസ് കേസും നിലവിലുണ്ട്. അന്വേഷണത്തിലുള്ള പുരോഗതി വിലയിരുത്തേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.35.1)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

57. കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ നബാർഡ് സ്കീം പ്രകാരമുള്ള റോഡ് നിർമ്മാണത്തിന് റീ-ഇംബേഴ്സ്മെന്റായി ലഭിച്ച 11,09,000 രൂപയിൽ രണ്ടു ലക്ഷം രൂപ കരാറുകാരന് നൽകിയതിനുശേഷമുള്ള 9,09,000 രൂപ സിൻഡിക്കേറ്റ് ബാങ്കിന്റെ കടുത്തുരുത്തി ശാഖയിൽ നിക്ഷേപിച്ചിരുന്നതായും അന്നത്തെ ബി.ഡി.ഒ. ആയിരുന്ന സുരേഷ് കുമാർ, എൽ.ഡി. ക്ലാർക്ക് ആയിരുന്ന അഭിലാഷ് സുകുമാരന്റെ സഹായത്തോടെ ചെക്ക് മുഖേന 1,09,000 രൂപ മാത്രം ട്രഷറിയിൽ അടച്ചതിന് കിട്ടിയ ചെലാൻ രസീത് തിരുത്തി 8,00,000 രൂപ തിരിമറി നടത്തിയതുമായി ബന്ധപ്പെട്ട കേസാണെന്നും ഈ കേസിൽ അന്നത്തെ സർക്കിൾ ഇൻസ്പെക്ടർ, കോട്ടയം വിജിലൻസ് ഡിവൈ.എസ്.പി.

എന്നിവർ അന്വേഷണം നടത്തി എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോടതിയിൽ ശ്രീ. എ. സുരേഷ് കുമാർ, ശ്രീ. അഭിലാഷ് സുകുമാരൻ എന്നിവർ പ്രതികളായി വിചാരണ ചെയ്തെങ്കിലും കേസ് നടക്കുന്ന വേളയിൽ തന്നെ സുരേഷ്കുമാർ മരണപ്പെട്ടതുകൊണ്ട് അദ്ദേഹത്തെ ഒഴിവാക്കിയതായും അഭിലാഷിനെ മൂന്നുവർഷത്തെ കഠിനതടവിനും 25,000 രൂപ പിഴയും അടയ്ക്കാൻ ശിക്ഷിച്ചിരുന്നുവെന്നും പക്ഷേ ടിയാനും 5-1-2019-ൽ മരണപ്പെട്ടതുകൊണ്ട് രണ്ടുപേരെയും ഒഴിവാക്കണമെന്നാണ് റിപ്പോർട്ട് നൽകിയിരിക്കുന്നതെന്നും ബാക്കിയുള്ള 7,73,800 രൂപ വൈക്കം മജിസ്ട്രേറ്റ് കോടതിയിൽ കെട്ടിവെച്ചിട്ടുള്ളതാണെന്നും രണ്ടുപേരും മരണപ്പെട്ട സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിനല്കണമെന്നും കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ അഭ്യർത്ഥിച്ചു. കെട്ടിവച്ച തുക കോടതിയിൽ നിന്നും തിരിച്ചുകിട്ടാനുള്ള അപേക്ഷ കൊടുത്തിട്ടുണ്ടോയെന്നും തുക തിരിച്ചുപിടിക്കേണ്ടതല്ലേയെന്നും കോടതിയിൽ കെട്ടിവച്ച 8,00,000 രൂപയിൽ തന്നെ 26,200 രൂപയുടെ കുറവുള്ളതായും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചപ്പോൾ കുറവുള്ള തുക ചെലവഴിച്ചതായാണ് കാണുന്നതെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

58. കോടതിയിൽ കെട്ടിവച്ച തുക തിരികെ ലഭിക്കാനായി അപേക്ഷ നൽകണമെന്നും കോടതി നടപടി പൂർത്തീകരിച്ച് പണം തിരികെ ലഭ്യമാക്കി റിപ്പോർട്ട് നൽകുന്നതിനും സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങളും / ശിപാർശകളും

**59. വൈക്കം മജിസ്ട്രേറ്റ് കോടതിയിൽ കെട്ടിവെച്ച തുക തിരികെ ലഭിക്കാനായി അപേക്ഷ നൽകണമെന്നും കോടതി നടപടി പൂർത്തീകരിച്ച് പണം തിരികെ ലഭ്യമാക്കി റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

### കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**യുവജന കായികക്ഷമതാ പരിപാടി - കരാറുകാരൻ വ്യാജരേഖ ചമച്ച് തുക തട്ടിയെടുത്തു - പദ്ധതി വിഹിതത്തിൽ ഒരു ഭാഗം വകമാറ്റി ചെലവഴിച്ചു**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-2005, ഖണ്ഡിക നമ്പർ: 3-2)

കോരുത്തോട് സി. കേശവൻ മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിലെ കായിക പരിശീലനം നടത്തുന്ന 156 വിദ്യാർത്ഥികൾക്ക് മുട്ടയും പാലും നല്കുന്നതിനും കായിക പരിപാടികൾ സംഘടിപ്പിക്കുന്നതിനും വേണ്ടി വകയിരുത്തിയ 1,25,000 രൂപയിൽ 49,600 രൂപ വകമാറ്റി ചെലവഴിക്കുകയും ബാക്കി 75,400 രൂപ കരാറുകാരനായ

ശ്രീ. പി. എ. നാസർ എന്നയാൾ വ്യാജരേഖ ചമച്ച് അപഹരിക്കുകയും ചെയ്തു. പദ്ധതി നടത്തിപ്പിനായി കരാറുകാരൻ 25,000 രൂപ മുൻകൂറായി കൈപ്പറ്റിയിട്ടുണ്ട്. സ്കൂൾ പ്രിൻസിപ്പലിന്റെ പേരിൽ വ്യാജരേഖ ചമച്ച് രണ്ടാം ഗഡു 25,400 രൂപയും പൂർത്തീകരണ സർട്ടിഫിക്കറ്റ് ഇല്ലാതെ മൂന്നാം ഗഡു 25,000 രൂപയും ടിയാൻ കൈപ്പറ്റിയിരിക്കുന്നു. പദ്ധതി നടപ്പിലാക്കാതെ കരാറുകാരൻ പദ്ധതിപ്പണം തട്ടിയെടുത്തതു സംബന്ധിച്ച് സ്കൂൾ പ്രിൻസിപ്പൽ പരാതി നൽകിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പു സംബന്ധിച്ച് നിജസ്ഥിതി ബോദ്ധ്യപ്പെടാതെയും പ്രാഥമിക പരിശോധന നടത്താതെയും തുക നൽകിയത് വ്യക്തമായ ധനദുർവിനിയോഗമായതിനാൽ 75,400 രൂപയുടെ ചെലവ് നിരാകരിച്ചിരിക്കുന്നു. പദ്ധതിക്കു വേണ്ടി വകയിരുത്തിയ 1,25,000-ൽ ബാക്കി 49,600 രൂപ സാധൂകരണം വാങ്ങാതെ വകമാറ്റി ചെലവഴിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെടുത്തുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.36.1)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

60. കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2004-05 വർഷത്തെ ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് കാഞ്ഞിരപ്പള്ളി ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ 604/2006 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതായും കാഞ്ഞിരപ്പള്ളി ഡി.വൈ.എസ്.പി.യോട് കേസന്വേഷിക്കാൻ കോടതി നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണെന്നും ഡി.വൈ.എസ്.പി. ഓഫീസുമായി ബന്ധപ്പെട്ടപ്പോൾ അന്വേഷണം ഉടൻ പൂർത്തീകരിച്ച് കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുമെന്നാണ് അറിയിച്ചിട്ടുള്ളതെന്നും കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് കോടതി നടപടിക്രമം പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങളും / ശിപാർശകളും

**61. കേസ് അന്വേഷണം പൂർത്തീകരിച്ച് ഉടൻ കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുമെന്ന് കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കോടതി നടപടിക്രമം പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

## വാഴൂർ ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

### ചെലവഴിക്കാതെ അവശേഷിക്കുന്ന പദ്ധതി ഫണ്ട് സർക്കാരിലേയ്ക്ക് ഒടുക്കാതെ ബാങ്കിൽ സൂക്ഷിക്കുന്നത് നിയമാനുസൃതമല്ല

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-2006, ഖണ്ഡിക നമ്പർ: 3-2)

(എ) നബാർഡിന്റെ സഹായത്താൽ നടപ്പാക്കിയ പദ്ധതിക്കുവേണ്ടി പദ്ധതി തുക മുൻകൂർ ചെലവഴിച്ച ഇനത്തിൽ 3/04-ൽ പ്ലാൻ പി.ഡി. അക്കൗണ്ടിൽ തിരികെ വരവ് വന്ന 9.86 ലക്ഷം രൂപ കാലഹരണപ്പെടാതിരിക്കുന്നതിനുവേണ്ടി 31-3-2004-ൽ പഞ്ചായത്തിന്റെ റ്റി.പി. അക്കൗണ്ടിലേക്ക് വകമാറ്റി. 2004-2005 വർഷത്തെ പദ്ധതി ചെലവിനുവേണ്ടി ടി തുക ഉപയോഗിക്കാൻ സർക്കാർ അനുമതി തേടിയെങ്കിലും ലഭിച്ചില്ല. എന്നാൽ 2005-2006 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന് പ്രസ്തുത ഫണ്ട് ഉപയോഗത്തിന് അനുവദിച്ചെങ്കിലും വിനിയോഗിച്ചില്ല. ആയത് സർക്കാരിൽ തിരിച്ചടയ്ക്കാതെ ബ്ലോക്ക് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് 12-4-2006-ലെ സർക്കാർ ഉത്തരവ് (പി)നം.177/06/ധന. ഖണ്ഡിക 10(3)-ലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

(ബി) കാഞ്ഞിരപ്പള്ളി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി അനുവദിക്കപ്പെട്ട 83,12,163 രൂപയിൽ 40,74,968 രൂപ കാഞ്ഞിരപ്പള്ളി എസ്.ബി.റ്റി. ബ്രാഞ്ചിൽ നിക്ഷേപിക്കുകയും ആയതിൽ 20,60,149 രൂപ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നിർമ്മിതി കേന്ദ്രത്തിന് നൽകുകയും ബാക്കി 20,14,819 രൂപ ബാങ്കിൽ അവശേഷിക്കുന്നുമുണ്ട്. ബിൽ പ്രകാരം പിൻവലിച്ച തുക ചെലവഴിക്കാതെ ദേശസാൽകൃത ബാങ്കിൽ സൂക്ഷിക്കരുതെന്ന സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ടി തുക പലിശരഹിത അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ലഭിച്ചിട്ടുള്ളതിൽ അവശേഷിക്കുന്ന തുകകൾ സർക്കാരിലേക്ക് തിരികെ അടയ്ക്കണമെന്ന ഉത്തരവുകൾ പാലിക്കാതെ വിവിധ ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നത് ക്രമവിരുദ്ധമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.37.1)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

62. (എ) തുക തിരികെ ഒടുക്കിയിട്ടുണ്ടെന്നുള്ള ഓഡിറ്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

63. (ബി) ആരോഗ്യരംഗത്ത് കൈവരിച്ച നേട്ടങ്ങൾക്കുള്ള അംഗീകാരമായി സർക്കാരിന്റെ ഭരണനവീകരണ പരിപാടി പ്രകാരം 83,12,163 രൂപ കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രിക്ക് അനുവദിച്ചിരുന്നതായും കെട്ടിട നിർമ്മാണം നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ചുവെങ്കിലും മാർച്ച് മാസമായിട്ടും പണി തീരാത്തതിനാൽ ടി തുക നഷ്ടപ്പെടാതിരിക്കുവാൻ വേണ്ടി ദേശസാൽകൃത ബാങ്കിൽ നിക്ഷേപിച്ചുവെന്നും പിന്നീട് പ്രസ്തുത നടപടി തെറ്റാണെന്നും തുക അടിയന്തരമായി തിരിച്ചടയ്ക്കണമെന്നും ഓഡിറ്റ് പരാമർശമുണ്ടായതായും 2008-ൽ പണി പൂർത്തീകരിക്കുകയും സൂപ്രണ്ട്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ഉദ്യോഗസ്ഥർ ഫീൽഡ് വെരിഫിക്കേഷൻ നടത്തി അനുകൂലമായി റിപ്പോർട്ട് നൽകിയതായും കെട്ടിടം പണി പൂർത്തീകരിച്ച് ഉപയോഗിച്ച് വരികയാണെന്നും വാഴൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ അറിയിച്ചു. നിർമ്മിതി കേന്ദ്രത്തിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോയെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ആരാഞ്ഞതിന് നിർമ്മിതി കേന്ദ്രത്തിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലെന്നും പ്രവൃത്തിയെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെന്നും കെട്ടിടം ഉപയോഗത്തിലുണ്ടെന്നും കാണിച്ച് ആശുപത്രി സൂപ്രണ്ടാണ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതെന്നും വാഴൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

64. വാല്യൂവേഷൻ ആവശ്യമായ മരാമത്ത് പ്രവൃത്തിയാണിതെന്നും നിർമ്മിതി കേന്ദ്രത്തിന്റെ അസറ്റ് വാല്യൂവേഷൻ ലഭിച്ചാൽ അംഗീകരിക്കാമെന്നും നിർമ്മിതി കേന്ദ്രത്തിന്റെ എം.ബുക്ക് കൂടി തിരിച്ചുവാങ്ങിക്കണമെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു. നിർമ്മിതി കേന്ദ്രത്തിൽ നിന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കാനും സമിതി തീരുമാനിച്ചു.

65. തുക തിരികെ ഒടുക്കിയിട്ടുണ്ടെന്ന ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന പദ്ധതി ഫണ്ട് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

**നിഗമനങ്ങളും / ശിപാർശകളും**

**66. നിർമ്മിതി കേന്ദ്രത്തിൽ നിന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു.**

## കോട്ടയം ജില്ലാ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

### കണ്ണാടിച്ചാൽ പാലം അപ്രോച്ച് റോഡ് നിർമ്മാണം - 70 ലക്ഷത്തോളം രൂപയുടെ പ്രവൃത്തി പ്രയോജനരഹിതമായി

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-2006, ഖണ്ഡിക നമ്പർ: 3—3)

എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 36 ലക്ഷം രൂപ ചെലവഴിച്ച നിർമ്മിച്ച കണ്ണാടിച്ചാൽ പാലത്തിന് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനായി 2001-2002 വർഷം 11,42,779 രൂപ ചെലവഴിച്ചു. പ്രവൃത്തി നടന്നുവരവെ അപ്രോച്ച് റോഡ് താഴ്ന്നതിന്റെ ഫലമായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ സാങ്കേതിക സമിതിയും ജില്ലാതല സാങ്കേതിക സമിതിയും നടത്തിയ വിശദമായ പരിശോധനയിൽ റോഡ് പുനർനിർമ്മിക്കാനായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി. 2005-2006 വർഷത്തിൽ 26,78,450 രൂപ അടങ്കലിൽ പ്രവൃത്തി ഏറ്റെടുത്ത് 19,10,911 രൂപ മൂല്യം നിർണ്ണയിച്ച് 15,81,471 രൂപ കരാറുകാരന് നൽകി. ഇപ്രകാരം തുടർപണികൾ നടന്നുവരവെ തെക്കുവശത്തെ അപ്രോച്ച് റോഡ് 24-5-2006-ൽ വീണ്ടും 2.5 മീറ്ററോളം ഇടിഞ്ഞു താഴ്ന്നു. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ സാങ്കേതിക വിഭാഗം നടത്തിയ സോയിൽ ടെസ്റ്റ് റിപ്പോർട്ടിൻ പ്രകാരമുള്ള മുൻകരുതലുകൾ സ്വീകരിച്ചിരുന്നുവെങ്കിൽ ഇപ്രകാരം സംഭവിക്കില്ലായിരുന്നു. ഒരിക്കൽ റോഡ് ഇടിഞ്ഞുപോയ അതേ അപാകത വിദഗ്ധ സോയിൽ ടെസ്റ്റിന് ശേഷമുള്ള നിർവ്വഹണത്തിൽ വീണ്ടും സംഭവിച്ചത് അടിഭാഗത്തെ മണ്ണിന്റെ പ്രത്യേക സ്വഭാവംകൊണ്ടായിരിക്കാമെന്നും സാങ്കേതികമായ വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്നുമുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ട് അംഗീകരിക്കാനാവില്ല. പാലം നിർമ്മാണം ഉൾപ്പെടെ നാളിതുവരെ 70 ലക്ഷത്തോളം രൂപ ചെലവഴിച്ചിട്ടും അപ്രോച്ച് റോഡിന്റെ അഭാവത്തിൽ പ്രവൃത്തി ജനങ്ങൾക്ക് പ്രയോജനം ചെയ്തിട്ടില്ല. കൂടുതൽ അന്വേഷണം നടത്തി സാങ്കേതികമായ വീഴ്ചകൾ കണ്ടെത്തി, ഉത്തരവാദിയായവരുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.38.1)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

67. ഓഡിറ്റ് പരാമർശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

**നിഗമനങ്ങളും / ശിപാർശകളും**

**68. ഓഡിറ്റ് പരാമർശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പെൺകുട്ടികൾക്ക് ഇംഗ്ലീഷ്, കണക്ക് വിഷയങ്ങളിൽ മെച്ചപ്പെട്ട നിലവാരം ഉയർത്തൽ—പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകൾ**

(ഓഡിറ്റ് റിപ്പോർട്ട് വർഷം ; 2005-2006, ഖണ്ഡിക നമ്പർ: 3-6)

ജില്ലാ പഞ്ചായത്തിന്റെ വിവിധ ഡിവിഷനുകളിൽ സ്കൂൾതലത്തിൽ പെൺകുട്ടികൾക്ക് ഇംഗ്ലീഷ്, കണക്ക് വിഷയങ്ങളിൽ മെച്ചപ്പെട്ട നിലവാരം ഉയർത്തുന്നതിനായി വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി 35 ലക്ഷം രൂപ അടങ്കലിൽ അഞ്ച് പ്രോജക്ടുകൾ ആവിഷ്കരിച്ചു. പദ്ധതി നടത്തിപ്പിനായി സർക്കാർ അംഗീകാരമില്ലാത്ത വിശ്വസമ്പത്ത് ഹ്യൂമൻ റിസോഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസിയെ ഏൽപ്പിച്ചത് ഗുരുതരമായ വീഴ്ചയാണ്. പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ ലിസ്റ്റ് ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനു സമർപ്പിക്കാത്തതിലും നടപടിക്രമങ്ങൾ പാലിക്കാത്തതിനാലും ജില്ലാ പഞ്ചായത്ത് കമ്മിറ്റി അതൃപ്തി രേഖപ്പെടുത്തുകയും, നിർവ്വഹണ ഉദ്യോഗസ്ഥനായ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറോട് വിശദീകരണം ആരായുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നടത്തിപ്പിൽ ജില്ലാ പഞ്ചായത്തും നിർവ്വഹണ ഉദ്യോഗസ്ഥയുമായി ഫലപ്രദമായ ഏകോപനം സാധ്യമാകാത്തത് വ്യവഹാരങ്ങൾക്ക് വഴിതെളിക്കപ്പെട്ടു. ബഹു. ഓംബുഡ്സ്മാന്റെ വിധിപ്രകാരം 8,75,000 രൂപ വി.എസ്.എച്ച്.ആർ.ഡി. മാനേജിംഗ് ഡയറക്ടറുടെ പേരിലും ഹൈക്കോടതി വിധി പ്രകാരം 26,25,000 രൂപ കോടതി നിക്ഷേപമായും നൽകിയിട്ടുണ്ട്. അടങ്കൽ തുക പൂർണ്ണമായി വിനിയോഗിച്ചിട്ടും പ്രോജക്ട് ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.38.2)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

69. പ്രസ്തുത പദ്ധതി നടപ്പാക്കിയത് വിശ്വസമ്പത്ത് ഹ്യൂമൻ റിസോഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമായിരുന്നുവെന്നും 2282 കുട്ടികൾക്ക് പരിശീലനം നൽകിയതായും 28,22,000 രൂപ പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ടെന്നും 35 ലക്ഷം രൂപ അടങ്കൽ തുകയായി ആവശ്യപ്പെട്ടതിനാൽ ഓംബുഡ്സ്മാന് കേസ് നൽകുകയും ഓംബുഡ്സ്മാൻ പരിശോധിച്ചശേഷം 2282 കുട്ടികൾക്ക് മാത്രമേ പരിശീലനം നൽകിയിട്ടുള്ളൂ എന്നതിന്റെ അടിസ്ഥാനത്തിൽ 28,22,000 രൂപ നൽകിയാൽ മതിയെന്ന് 30-9-2021-ന് ഉത്തരവിട്ടതായും 35 ലക്ഷം രൂപ ഹൈക്കോടതിയിൽ കെട്ടിവച്ചതിൽ സ്ഥാപനത്തിന് നൽകിയ 28,22,000 രൂപ കിഴിച്ചുള്ള ബാക്കി 6,78,000 രൂപ റിലീസ് ചെയ്ത് ലഭിക്കുന്നതിനായി സ്റ്റാൻഡിംഗ് കൗൺസിൽവഴി ഹൈക്കോടതിയിൽ അപേക്ഷ നൽകിയിട്ടുണ്ടെന്നും കോട്ടയം ജില്ലാ പഞ്ചായത്ത് സീനിയർ സൂപ്രണ്ട് സമിതി മുൻപാകെ അറിയിച്ചതിനെ തുടർന്ന് നടപടിക്രമങ്ങൾ പൂർത്തിയാക്കി തുക തിരികെ ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും / ശിപാർശകളും**

**70. ഹൈക്കോടതിയിൽ കെട്ടിവെച്ച 35 ലക്ഷം രൂപയിൽ സ്ഥാപനത്തിന് നൽകിയ 28,22,000 രൂപ കിഴിച്ച് 6,78,000 രൂപ റിലീസ് ചെയ്ത് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി തുക തിരികെ ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കമ്പ്യൂട്ടർ പരിശീലന പരിപാടി - ക്രമക്കേടുകൾ**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-2006, ഖണ്ഡിക നമ്പർ: 3-9)

കാഞ്ഞിരപ്പള്ളി ഡിവിഷനിൽ ജനറൽ, വനിതാ വിഭാഗങ്ങളിൽപ്പെട്ട 416 പഠിതാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം നടത്തുന്നതിനായി ലക്ഷ്യമിട്ട പ്രോജക്ട് പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ്, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രോജക്ട് ലക്ഷ്യം കൈവരിച്ചുവെന്ന് ബോദ്ധ്യപ്പെട്ടിട്ടില്ലാത്തതിനാൽ ചെലവാക്കിയ 10 ലക്ഷം രൂപ തടസ്സപ്പെടുത്തിയിരിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.38.3)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

72. ജനറൽ വനിതാ വിഭാഗങ്ങളിൽപ്പെട്ട പഠിതാക്കൾക്കായി കമ്പ്യൂട്ടർ പരിശീലനം നടത്തുന്നതിന് ലക്ഷ്യമിട്ട് 2005-06 വർഷം നടപ്പാക്കിയ പത്ത് ലക്ഷം രൂപയുടെ പ്രോജക്ടായിരുന്നു ഇതെന്നും കാഞ്ഞിരപ്പള്ളിയിലെ ഒരു സ്ഥാപനമാണ് പ്രസ്തുത പ്രോജക്ട് നടപ്പാക്കിയതെന്നും ഒരു വിദ്യാർത്ഥിക്ക് 2360 രൂപ നിരക്കിൽ ഫീസ് നിശ്ചയിച്ചാണ് പ്രോജക്ട് നടപ്പാക്കിയതെന്നും ലഭ്യമായിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റ് അയച്ചിട്ടുണ്ടെന്നും കോട്ടയം ജില്ലാ പഞ്ചായത്ത് സീനിയർ സൂപ്രണ്ട് സമിതി മുൻപാകെ അറിയിച്ചതിൽ പരിശീലനം നടന്നുവെന്ന് തെളിയിക്കുന്ന മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും / ശിപാർശകളും

**73. ജനറൽ വനിതാ വിഭാഗങ്ങളിൽപ്പെട്ട പഠിതാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം നടന്നുവെന്ന് തെളിയിക്കുന്ന മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

## ഇടുക്കി ജില്ലാ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

### മരാമത്ത് വേലകൾ സംബന്ധിച്ച സർക്കാർ നിർദ്ദേശം പാലിക്കാത്തതിനാൽ 3,47,884 രൂപ നഷ്ടം

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06, ഖണ്ഡിക നമ്പർ: 3-9)

തൊടുപുഴയിലുള്ള ജില്ലാ ആയുർവേദ ആശുപത്രിക്ക് വനിതാ വാർഡ് നിർമ്മാണം എന്ന 38,00,000 (മുപ്പത്തിഎട്ട് ലക്ഷം) രൂപ അടങ്കൽ പ്രവൃത്തി ഹാബിറ്റാറ്റിന് നൽകുകയും പ്രവൃത്തി പൂർത്തിയായപ്പോൾ 2-8-2001-ലെ സ.ഉത്തരവ് 189/01 എൽ.എസ്.ജി.ഡി. പ്രകാരം ആകെ അളവ് മൂല്യം/എസ്റ്റിമേറ്റ് എന്നിവയേക്കാൾ 10% അധികം തുക നൽകുകയും ചെയ്തു. മേൽ ഉത്തരവിൽ ആർ.സി.സി. മേൽക്കൂരയുള്ള കെട്ടിട വേലയ്ക്ക് മാത്രമാണ് 10% അധികം തുക അനുവദിക്കാവുന്നത്. കെട്ടിടങ്ങളുടെ

ഇലക്ട്രിക് വേലകൾക്ക് വർദ്ധനവ് ബാധകമല്ല. ആർ.സി.സി. മേൽക്കൂര ഇല്ലാത്ത മേൽ പ്രവൃത്തിയിൽ 10% അധികം അനുവദിച്ചതുമൂലം 3,47,884 (മൂന്ന് ലക്ഷത്തി നാൽപ്പത്തിയേഴായിരത്തി എണ്ണൂറ്റി എൺപത്തി നാല്) രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. തന്നെയുമല്ല, നിർമ്മാണത്തിലെ ചോർച്ച ഉൾപ്പെടെ പല അപാകതകളും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടും തകരാർ പരിഹരിക്കാതെയാണ് ബിൽ പ്രകാരമുള്ള മുഴുവൻ തുകയും നൽകിയിട്ടുള്ളത്. ആയതിനാൽ 3,47,884 (മൂന്ന് ലക്ഷത്തി നാൽപ്പത്തിയേഴായിരത്തി എണ്ണൂറ്റി എൺപത്തിനാല്) രൂപയുടെ ചെലവ് തടസ്സപ്പെടുത്തിയിരിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.41.1)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

74. ഇടുക്കി തൊടുപുഴ ആയുർവേദ ആശുപത്രിയിലെ വനിതാ വാർഡ് നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയമാണിതെന്നും എസ്റ്റിമേറ്റ് തുകയേക്കാൾ 10 ശതമാനം അധികം തുകയായ 3,47,884 രൂപ നൽകിയെന്നാണ് പരാമർശമെന്നും കെട്ടിടത്തിന്റെ ചോർച്ച ഉൾപ്പെടെയുള്ള അപാകതകൾ പരിഹരിച്ചതായി 2015-ൽ റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഇൻ-ചാർജ്ജ് സമിതി മുൻപാകെ അറിയിച്ചു. കെട്ടിടം നിലവിൽ ഉപയോഗിക്കുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് കെട്ടിടം നിലവിൽ ഉപയോഗയോഗ്യമാണെന്ന് ഇടുക്കി ജില്ലാപഞ്ചായത്ത് സെക്രട്ടറി ഇൻ-ചാർജ്ജ് മറുപടി നൽകി. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

### നിഗമനങ്ങളും / ശിപാർശകളും

**75. തൊടുപുഴയിലെ ജില്ലാ ആശുപത്രി വനിതാ വാർഡിനായി നിർമ്മിച്ച കെട്ടിടം നിലവിൽ ഉപയോഗയോഗ്യമാണെന്നുള്ള ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഇൻ - ചാർജ്ജിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

# എറണാകുളം ജില്ല

## ഗ്രാമ പഞ്ചായത്തുകൾ

## വെങ്ങോല ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

### വ്യവസായ കേന്ദ്രം തുടങ്ങുന്നതിന് സ്ഥലമെടുക്കൽ - കുറഞ്ഞ വിലയ്ക്ക് ക്വോട്ട് ചെയ്ത സ്ഥലം വാങ്ങിയില്ല – 8,07,757 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

വ്യവസായ കേന്ദ്രം തുടങ്ങുന്നതിനായി സ്ഥലം വാങ്ങുന്നതിന് 8,07,757 രൂപ (എട്ട് ലക്ഷത്തി ഏഴായിരത്തി എഴുന്നൂറ്റി അമ്പത്തി ഏഴ് രൂപ) ചെലവഴിച്ചു. സെന്റിന് 4,750 (നാലായിരത്തി എഴുന്നൂറ്റമ്പത്) രൂപ മുതൽ 12,000 (പന്ത്രണ്ടായിരം) രൂപ വരെ ക്വോട്ട് ചെയ്ത 9 ക്വട്ടേഷനുകൾ ലഭിച്ചതിൽ 11,500 (പതിനൊന്നായിരത്തി അഞ്ഞൂറ്) രൂപ ക്വാട്ട് ചെയ്ത വെങ്ങോല വില്ലേജിലെ ബ്ലോക്ക് 20-ലെ സർവ്വെ നം.240/1 സ്ഥലമാണ് വാങ്ങിയത്. സെന്റിന് 8,000 (എണ്ണായിരം) രൂപ ക്വാട്ട് ചെയ്ത എല്ലാ അനുബന്ധ സൗകര്യങ്ങളുമുള്ളതാണെന്ന് ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ പരിശോധിച്ച് റിപ്പോർട്ട് ചെയ്ത സ്ഥലം പരിഗണിക്കാതെ, മണ്ണ് ഫില്ലിംഗ് വേണ്ടിവരുമെന്നും, വില കുറച്ച് വാങ്ങണമെന്നും റിപ്പോർട്ട് ചെയ്ത 11,500 (പതിനൊന്നായിരത്തി അഞ്ഞൂറ്) രൂപ ക്വോട്ട് ചെയ്ത സ്ഥലം, കളക്ടർ നിശ്ചയിച്ച വിലയായ 1 ആറിന് 27,545 (ഇരുപത്തി ഏഴായിരത്തി അഞ്ഞൂറ്റി നാൽപ്പത്തഞ്ച്) രൂപ പ്രകാരം (52.61 ആർ സ്ഥലം) വാങ്ങാൻ തീരുമാനിച്ചപ്പോഴും പ്രോജക്ടിന് ആവശ്യമായ സ്ഥലം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടില്ലായിരുന്നു. തൻവർഷം വകയിരുത്തിയ തുക മതിയാകാത്തതിനാൽ 28.75 ആർ സ്ഥലം മാത്രം 7,91,919 (ഏഴ് ലക്ഷത്തി തൊണ്ണൂറ്റൊന്നായിരത്തി തൊള്ളായിരത്തി പത്തൊമ്പത്) രൂപയ്ക്ക് വാങ്ങി സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തു. നിയമാനുസരണം താലൂക്ക് സർവെയറെക്കൊണ്ട് വാങ്ങിയ സ്ഥലം അളന്ന് തിട്ടപ്പെടുത്തി പോക്കുവരവ് നടത്തി രേഖകൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ സ്ഥലത്തിന്റെ മുന്നാധാരങ്ങളും മറ്റ് രേഖകളും ഗവൺമെന്റ് പ്ലീഡറെക്കൊണ്ട് പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ ചെലവഴിച്ച 8,07,757 (എട്ട് ലക്ഷത്തി ഏഴായിരത്തി എഴുന്നൂറ്റി അമ്പത്തി ഏഴ്) രൂപ തടസ്സപ്പെടുത്തുന്നതോടൊപ്പം വിശദമായ അന്വേഷണത്തിനും ശിപാർശ ചെയ്യുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.42.1)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

76. ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും / ശിപാർശകളും**

**77. ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**3.42.2 - ഭൂരഹിത ഭവനനിർമ്മാണം - പട്ടികവർഗ്ഗ വിഭാഗം ഭൂമി വാങ്ങൽ അനർഹമായി ആനുകൂല്യം നൽകിയത്**

(ഓഡിറ്റ് റിപ്പോർട്ട് വർഷം - 2003-04, ഖണ്ഡിക: 2-2)

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി വാങ്ങി ഭവനനിർമ്മാണം നടത്തുന്നതിനുള്ള പദ്ധതിയിൽ സ്വന്തമായി 2 ആർ 35 ച.മീ. ഭൂമിയുള്ള ഗുണഭോക്താവിനെ തെരെഞ്ഞെടുത്തത് നടപടികളുടെ ലംഘനമാണ്. ഇതിൽ 1 ആർ 21 ച.മീ. സ്ഥലം ഗുണഭോക്താവ് മറ്റൊരാൾക്ക് 31-10-2003-ൽ 5350/03-ാം നമ്പരായി ആധാരം ചെയ്തു നൽകുകയും നാലു ദിവസത്തിനുശേഷം 4-11-2003-ൽ 5418/03-ാം നമ്പരായി ആധാരപ്രകാരം തിരികെ വാങ്ങി, പദ്ധതി പ്രകാരം നൽകിയ സബ്സിഡി തുകയായ 15,000 (പതിനയ്യായിരം) രൂപ (ഡി.ഡി.നം.229580 തീയതി 29-11-2003) വസ്തു വാങ്ങി, തിരികെ നൽകിയ വ്യക്തിക്ക് നൽകി. സ്വന്തം പേരിലുള്ള ഭൂമിയിൽ പകുതി മറ്റൊരാൾക്ക് വിൽക്കുകയും നാലു ദിവസങ്ങൾക്കു ശേഷം തിരികെ വാങ്ങുകയും ചെയ്തത് സർക്കാർ ആനുകൂല്യം കൈപ്പറ്റുവാൻവേണ്ടി മാത്രമാണ്. അനർഹമായി നൽകിയ 15,000 രൂപ ഗുണഭോക്താവിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന വി.ഇ.ഒ.യിൽ നിന്നോ ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.42.2)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു).

78. ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും / ശിപാർശകളും**

**79. ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്**

**ആശാൻപടി - താമരച്ചാൽ റോഡ് - അധികം നൽകിയ തുക ഈടാക്കേണ്ടതാണ്**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2003-04, ഖണ്ഡിക നമ്പർ: 3-3)

6,80,000 (ആറു ലക്ഷത്തി എൺപതിനായിരം) രൂപ അടങ്കലുള്ള ഈ പ്രവൃത്തി 5-3-1998-ലെ എഗ്രിമെന്റ് പ്രകാരം 30-6-1998-ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. ഈ പ്രവൃത്തിക്കായി ആകെ 3,50,000 (മൂന്നു ലക്ഷത്തി അമ്പതിനായിരം) രൂപ 3 തവണയായി കൺവീനറുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുള്ളതിൽ നിന്ന് 2,50,000 (രണ്ട് ലക്ഷത്തി അമ്പതിനായിരം) രൂപ പിൻവലിച്ചിട്ടുണ്ട്. പണിയിലുള്ള അപാകതകൾ സംബന്ധിച്ച പരാതിയെ തുടർന്ന് ജില്ലാ കളക്ടർ കൺവീനറുടെ ബാങ്ക് അക്കൗണ്ട് മരവിപ്പിക്കുകയും തുടർന്നുള്ള വിജിലൻസ് അന്വേഷണത്തിൽ കൺവീനർ കുറ്റക്കാരനെന്ന് കണ്ടെത്തിയതിനെ തുടർന്ന് ബാക്കി പ്രവൃത്തി സെക്രട്ടറി നേരിട്ട് നടപ്പാക്കാൻ സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. മലയിടാംതുരുത്ത് സർവ്വീസ് സഹകരണ ബാങ്കിന്റെ അക്കൗണ്ട് നം. 1806-ൽ ബാക്കിയുള്ള 1,00,000 (ഒരു ലക്ഷം) രൂപ ഇപ്പോഴും മരവിപ്പിച്ചിരിക്കുകയാണ്. ഈ തുക പിൻവലിച്ച് പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്. അളവു പുസ്തക പ്രകാരം 2,53,000 (രണ്ട് ലക്ഷത്തി അമ്പത്തി മൂവായിരം) രൂപയുടെ പ്രവൃത്തിയാണ് കൺവീനർ നടത്തിയിട്ടുള്ളത്. ഇതിന് 3,50,000 (മൂന്ന് ലക്ഷത്തി അമ്പതിനായിരം) രൂപ നൽകിയതിനുള്ള കാരണം വിശദമാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.43.1)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു).

80. 1998-ൽ നടത്തിയ റോഡ് പ്രവൃത്തികൾക്കായി പഞ്ചായത്ത് ആകെ 3.5 ലക്ഷം രൂപ കൺവീനർക്ക് നൽകിയതിൽ 2.5 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടത്തിയിട്ടുണ്ടെന്നും പ്രവൃത്തിയിൽ പരാതി ഉയർന്നുവന്നതിനെത്തുടർന്ന് വിജിലൻസ് അന്വേഷണം നടത്തുകയും ബാക്കി പ്രവൃത്തി സെക്രട്ടറി നേരിട്ട് നടപ്പാക്കണമെന്നും ബാങ്കിലുള്ള തുക മരവിപ്പിക്കണമെന്നും സർക്കാർ ഉത്തരവായതിനാൽ 1,91,450 രൂപ

മരവിപ്പിച്ചതായി ബാങ്കിൽ നിന്നും അറിയുവാൻ കഴിഞ്ഞെന്നും വ്യക്തികളുടെ അനുവാദമോ കോടതി ഉത്തരവോ ഇല്ലാതെ തുക നൽകാൻ കഴിയില്ലെന്നാണ് പ്രസ്തുത തുക റിലീസ് ചെയ്യുന്നതിനായി ബാങ്കിൽ കത്ത് നൽകിയപ്പോൾ അറിയിച്ചതെന്നും കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു. തുക റിലീസ് ചെയ്ത് നൽകുന്നതിനായി ജില്ലാ കളക്ടർക്ക് കത്ത് നൽകിയിരുന്നെങ്കിലും ഇതുവരെ നടപടികളൊന്നുമുണ്ടായിട്ടില്ലെന്നും റവന്യൂ റിക്കവറി നടപടികളുടെ സാധ്യതയെക്കുറിച്ച് പരിശോധിക്കാനാണ് കഴിഞ്ഞ ദിവസം നടന്ന ജില്ലാതല മീറ്റിംഗിൽ ലഭിച്ച നിർദ്ദേശമെന്നും ഇതിനെത്തുടർന്ന് പ്രസ്തുത പ്രവൃത്തിയുടെ കൺവീനറെ നേരിട്ട് കാണുകയും ബാങ്കിൽ ഒരു കത്ത് നൽകിയാൽ തുക പഞ്ചായത്തിന് ലഭിക്കുമെന്ന് അറിയിക്കുകയും അവർ അതേക്കുറിച്ച് ആലോചിക്കാമെന്ന് പറയുകയും ചെയ്തതായും എന്നാൽ ബാങ്കിൽ അന്വേഷിച്ചപ്പോൾ അങ്ങനെയൊരു കത്ത് ലഭിച്ചിട്ടില്ലെന്നും റവന്യൂ റിക്കവറിയാണ് അടുത്ത നടപടിയെന്നും കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിനെ ത്തുടർന്ന് കൺവീനർക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും / ശിപാർശകളും**

**81. പ്രവർത്തിയുടെ കൺവീനർക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുമെന്ന് കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിനാൽ റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**ബ്ലോക്ക് പഞ്ചായത്തുകൾ**

ഓഡിറ്റ് ഖണ്ഡിക

**വടവുകോട് ബ്ലോക്ക് പഞ്ചായത്ത്**

**പട്ടികജാതി വനിതകൾക്കുള്ള തൊഴിൽ പരിശീലനം/കമ്പ്യൂട്ടർ പരിശീലനം - നിയമവിരുദ്ധമായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2005 -2006, ഖണ്ഡിക നമ്പർ: 3-10, 3-11)

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം.066/06 പ്രകാരമുള്ള ബ്യൂട്ടീഷ്യൻ കോഴ്സും എംബ്രോയ്ഡറി കോഴ്സും പരിശീലനം നൽകുന്നതിലും, പ്രോജക്ട് നം. എസ്.065/06 പ്രകാരമുള്ള കമ്പ്യൂട്ടർ പരിശീലനം നൽകുന്ന പ്രോജക്ടിലും ഗുണഭോക്താക്കളെ നിയമപ്രകാരം ഗ്രാമസഭ തെരെഞ്ഞെടുക്കേണ്ടതിനുപകരം പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തിന്റെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ ഇന്റർവ്യൂ ബോർഡുവഴി തെരെഞ്ഞെടുത്തത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 എ(9), സ.ഉ.220/97 തസ്വഭവ. തീയതി 2-10-1997, സ.ഉ.181/98 തസ്വഭവ. തീയതി

2-9-1998 എന്നിവയിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. പ്രോജക്ട് നം. എസ്.066/06 പ്രകാരം 42,626 (നാൽപ്പത്തി രണ്ടായിരത്തി അറുന്നൂറ്റി ഇരുപത്തിയാറ്) രൂപയും പ്രോജക്ട് നം. എസ്.065/06 പ്രകാരം 44,375 (നാൽപ്പത്തി നാലായിരത്തി മുന്നൂറ്റി എഴുപത്തഞ്ച്) രൂപയും ഈയിനത്തിൽ ചെലവഴിച്ചിരിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.44.1)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു).

82. പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ കമ്പ്യൂട്ടർ പരിശീലന പദ്ധതിയാണിതെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് ഗ്രാമസഭ മുഖേനയല്ലയെന്ന പരാമർശമുണ്ടായതായും അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി അതിൽ പങ്കെടുത്ത എല്ലാവരെയും ഉൾപ്പെടുത്തിയാണ് പരിശീലനം നൽകിയതെന്നും ഗ്രാമസഭയിൽ ഉൾപ്പെടുത്താതെ നേരിട്ട് അപേക്ഷ ക്ഷണിച്ച് പരിശീലനം നൽകുകയാണ് ചെയ്തതെന്നും നല്ല രീതിയിൽ പദ്ധതി പൂർത്തിയാക്കിയിട്ടുള്ളതാണെന്നും വടവുകോട് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ സമിതി മുൻപാകെ അറിയിച്ചു. ഭാവിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ നിയമപരമായ നടപടികൾ പാലിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും / ശിപാർശകളും**

**83. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ നിയമപരമായ നടപടികൾ കർശനമായി പാലിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്**

ഓഡിറ്റ് ഖണ്ഡിക

**പണി പൂർത്തിയാക്കാത്തതിനാൽ അഡ്വാൻസ് 54,000 രൂപ തടസ്സപ്പെടുത്തുന്നു**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-2005, ഖണ്ഡിക നമ്പർ: 3-8)

കുട്ടമ്പുഴ-കുഞ്ചിപ്പാറ ഏകാദ്ധ്യാപക വിദ്യാലയം കെട്ടിടം പണിയ്ക്കായി കൺവീനർക്ക് 31-8-2004-ലെ 993636-ാം നമ്പർ ചെക്ക് പ്രകാരം 54,000 (അമ്പത്തി നാലായിരം) രൂപ മുൻകൂർ നൽകി. എന്നാൽ ഓഡിറ്റ് സമയം വരെയും പണി പൂർത്തീകരിച്ചിട്ടില്ല. മുൻകൂർ തിരികെ അടയ്ക്കാനാവശ്യപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 10-10-2006-ൽ

കൺവീനർക്ക് കത്തയച്ചെങ്കിലും തുടർന്ന് സർക്കുലർ നം. 8906/ഡി.പി3/05/തസ്വഭവ. തീയതി 8-7-2005-ൽ നിർദ്ദേശിക്കുന്ന പ്രകാരം കൺവീനറിൽ നിന്ന് പലിശ സഹിതം തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.45.1)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു).

84. വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും / ശിപാർശകളും**

**85. വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**പറവൂർ ബ്ലോക്ക് പഞ്ചായത്ത്**

ഓഡിറ്റ് ഖണ്ഡിക

**വനിതാ സ്വയം സഹായ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ - പ്രവർത്തനം വിലയിരുത്തിയിട്ടില്ല - 2,60,000 രൂപ തടസ്സപ്പെടുത്തുന്നു**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-2003, ഖണ്ഡിക നമ്പർ: 3-6)

എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരം 26 സ്വയംസഹായ സംഘങ്ങൾക്ക് 10,000 (പതിനായിരം) രൂപ വീതം 2,60,000 (രണ്ടു ലക്ഷത്തി അറുപതിനായിരം) രൂപ പദ്ധതി വിഹിതമിനത്തിൽ സഹായം നൽകിയിട്ടുണ്ട്. ഓരോ സംഘവും ബാങ്കിൽ നിന്ന് 15,000 (പതിനയ്യായിരം) രൂപ വീതം വായ്പയും സംഘടിപ്പിച്ച് പ്രവർത്തനം നടത്തുകയാണ് ലക്ഷ്യം. എന്നാൽ സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് യാതൊരു മോണിറ്ററിംഗും നടത്തിയിട്ടില്ല. സംഘം രൂപീകരിച്ച് ആറ് മാസത്തെ പ്രവർത്തനം വിലയിരുത്തി ഗ്രേഡിംഗ് നടത്തി വേണം സഹായം നൽകേണ്ടതെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ 23-11-1998-ലെ 49905-ാം നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ധനസഹായം നൽകിയിരിക്കുന്നത്. സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ചെലവഴിച്ച 2,60,000 (രണ്ട് ലക്ഷത്തി അറുപതിനായിരം) രൂപ തടസ്സപ്പെട്ടുത്തിയിരിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.46.1)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു).

86. സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കാതെ വനിതാ സ്വയംസഹായ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകിയതായാണ് ഓഡിറ്റ് പരാമർശമെന്നും വനിതാ സ്വയംസഹായ സംഘങ്ങളുടെ പ്രവർത്തനവും വായ്പ തിരിച്ചടവും കൃത്യമായി നടക്കുന്നതായി വനിതാ, വികസന ഓഫീസറും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും റിപ്പോർട്ട് ചെയ്തിട്ടുള്ളതായും ആയതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്നും പറവൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ അഭ്യർത്ഥിച്ചതിനെ തുടർന്ന് ഭാവിയിൽ സ്വയംസഹായ സംഘങ്ങൾക്ക് ധനസഹായം നൽകുമ്പോൾ നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിക്കണം എന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും / ശിപാർശകളും**

**87. വനിതാ, സ്വയംസഹായ സംഘങ്ങളുടെ പ്രവർത്തനവും വായ്പാ തിരിച്ചടവും കൃത്യമായി നടക്കുന്നതായി വനിതാ, വികസന ഓഫീസറും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ സ്വയംസഹായ സംഘങ്ങൾക്ക് ധനസഹായം നൽകുമ്പോൾ നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിക്കണം എന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**എറണാകുളം ജില്ലാ പഞ്ചായത്ത്**

ഓഡിറ്റ് ഖണ്ഡിക

**കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം-കാരിക്കോട് ഹരിജൻ കോളനി, മുളന്തുരുത്തി-പണി പൂർത്തിയാക്കാതെ ഉപേക്ഷിച്ചു. നഷ്ടം 2,23,446/- രൂപ**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-2003, ഖണ്ഡിക നമ്പർ: 3-38)

മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ കാരിക്കോട് ഹരിജൻ കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന് 7,48,000 (ഏഴ് ലക്ഷത്തി നാൽപ്പത്തി എണ്ണായിരം) രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ആകെ 2,23,446 (രണ്ട് ലക്ഷത്തി ഇരുപത്തിമൂവായിരത്തി നാനൂറ്റി നാൽപ്പത്തി ആറ്) രൂപ നൽകി. ഭൂകമ്പ പ്രതിരോധത്തിനായി കരിങ്കൽ കൊണ്ടുള്ള അടിത്തറയ്ക്കു പകരം ആർ.സി.സി. പില്ലറുകളും ബീമുകളും നിർമ്മിക്കുന്നതിനായാണ് എസ്റ്റിമേറ്റ്

പുതുക്കിയത്. എന്നാൽ അടിത്തറ ഭാഗികമായി നിർമ്മിച്ച് പണി ഉപേക്ഷിച്ചിരിക്കുന്നു. ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 17-3-2004-ലെ തീരുമാനപ്രകാരം ഇതുവരെ നടത്തിയ പണികളുടെ മൂല്യനിർണ്ണയം നടത്തി പണി അവസാനിപ്പിക്കുവാനും കൺവീനറുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചെങ്കിലും നാളിതുവരെ തുടർനടപടിയൊന്നും സ്വീകരിച്ചിട്ടില്ല. പണി പൂർത്തിയാക്കാതെ ഉപേക്ഷിച്ചതിനാൽ ആകെ ചെലവഴിച്ച 2,23,446 (രണ്ട് ലക്ഷത്തി ഇരുപത്തിമൂവായിരത്തി നാനൂറ്റി നാൽപ്പത്തി ആറ്) രൂപ പാഴായിട്ടുണ്ട്. തുക പലിശ സഹിതം ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക നമ്പർ 3.47.1)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു).

88. 2001-2002 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ ഹരിജൻ കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയാണിതെന്നും 7,48,000 രൂപയായിരുന്നു വകയിരുത്തിയിരുന്നതെന്നും ഗുണഭോക്തൃ സമിതി മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്നും എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. കൺവീനറും ചെയർമാനും ഉൾപ്പെടെയുള്ള അംഗങ്ങളെല്ലാം എസ്.ടി. വിഭാഗത്തിൽപ്പെട്ടവരാണെന്നും അഡ്വാൻസായി ഒരു ലക്ഷം രൂപ നൽകിയിരുന്നതായും രണ്ടാം പാർട്ട് ബില്ലിൽ നിന്നും പതിനായിരം രൂപ മൊബിലൈസേഷൻ അഡ്വാൻസിനത്തിൽ കുറവ് ചെയ്ത് ബാക്കി തുകയായ 2,41,093 രൂപ കൺവീനർ കൈപ്പറ്റിയിട്ടുള്ളതായും എന്നാൽ പദ്ധതി പ്രകാരമുള്ള പ്രവൃത്തി കാലാവധിക്കുശേഷവും പൂർത്തീകരിച്ചില്ല എന്ന കാരണത്താൽ ജില്ലാ പഞ്ചായത്ത് കമ്മിറ്റി പ്രോജക്ട് ഉപേക്ഷിക്കാനും ചെലവായ തുക കൺവീനർമാരിൽ നിന്നും ഈടാക്കാനും തീരുമാനിച്ചതായും ജില്ലാ പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

89. അതിനുശേഷം ഓഡിറ്റ് പരാമർശം വരികയും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും സെക്രട്ടറിയിൽ നിന്നും പ്രസ്തുത തുക ഈടാക്കണമെന്ന് പരാമർശിക്കുകയും ചെയ്തിരുന്നതായും കൺവീനർമാരിൽ നിന്ന് പ്രസ്തുത തുക ഈടാക്കാനാണ് കമ്മിറ്റി തീരുമാനിച്ചതെന്നും അങ്ങനെ കൺവീനർമാർക്ക് റവന്യൂ റിക്കവറി നോട്ടീസ് നൽകുകയും കളക്ടർക്ക് റിമൈൻഡർ അയച്ച് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്തതായും കൺവീനറുടെ പേരിൽ സ്വത്തുക്കൾ ഇല്ലാത്തതിനാൽ റിക്കവറി ചെയ്യാൻ കഴിയില്ലെന്ന മറുപടി ലഭിച്ചിട്ടുണ്ടെന്നും റവന്യൂ റിക്കവറി നടപടികൾ തുടങ്ങിയശേഷം

സ്ഥലം സന്ദർശിച്ച് പ്രസ്തുത വ്യക്തിയെ കാണാൻ ശ്രമിച്ചെങ്കിലും കഴിഞ്ഞില്ലെന്നും ലൈഫ് മിഷൻ പദ്ധതി പ്രകാരം ലഭിച്ച വീടും സ്ഥലവും ഭാര്യയുടെ പേരിലാണുള്ളതെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി വിശദമാക്കി. അധികമായി തൊണ്ണൂറായിരം രൂപയാണ് ഈയിനത്തിൽ ടിയാന്റെ പക്കലുള്ളതെന്നും ഇളക്കമുള്ള മണ്ണായതിനാൽ അധികമായി പണി ചെയ്യേണ്ടിവന്നു എന്നുള്ള സാങ്കേതിക റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തുക തിരിച്ചടയ്ക്കുന്നതിന്റെ ബുദ്ധിമുട്ട് ചൂണ്ടിക്കാണിച്ച് ജില്ലാ കളക്ടർക്കും ജില്ലാ പഞ്ചായത്തിനും കൺവീനർ അപേക്ഷ നൽകിയിരുന്നതായും ജില്ലാ പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. പലിശ സഹിതം തിരിച്ചടയ്ക്കേണ്ട 8 ലക്ഷം രൂപയോളം തിരിച്ചടയ്ക്കാൻ ബുദ്ധിമുട്ടുണ്ടെന്നാണ് ടിയാൻ അറിയിച്ചതെന്നും ഇക്കാര്യത്തിൽ ഒരു തീരുമാനത്തിനായി ടിയാനെ നേരിൽ കേൾക്കുന്നത് ഉചിതമായിരിക്കുമെന്നും സെക്രട്ടറി അറിയിച്ചപ്പോൾ പ്രസ്തുത വിഷയം പരിശോധിച്ച് എന്ത് നിലപാട് സ്വീകരിക്കാനാകുമെന്ന് സമിതി ആരാഞ്ഞു.

90. പലിശ ഒഴിവാക്കിക്കൊടുക്കുകയാണെങ്കിൽ പ്രോജക്ടുമായി ബന്ധപ്പെട്ട് കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാൻ തയ്യാറാകുമെന്ന് കരുതുന്നതായും ടിയാനുമായി നേരിട്ട് ആശയവിനിമയം നടത്തിയാൽ മാത്രമേ അക്കാര്യം ഉറപ്പാക്കാൻ കഴിയുകയുള്ളൂവെന്നും ടിയാന്റെ പേരിൽ സ്ഥലമില്ലെന്നും ഭാര്യയുടെ പേരിൽ 9 സെന്റ് സ്ഥലമുള്ളതിൽ ലൈഫ് പദ്ധതി പ്രകാരം വീട് പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

91. കമ്മ്യൂണിറ്റി ഹാളിന്റെ സ്ഥലം ഏതെങ്കിലും ആസ്തിയായി ലഭ്യമായതാണോ യെന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ചോദ്യത്തിന് ഗ്രാമപഞ്ചായത്ത് ഹാൻഡ് ഓവർ ചെയ്ത സ്ഥലമാണെന്ന് എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

തുടർന്ന് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിശദമായ പരിശോധന നടത്തി വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും / ശിപാർശകളും

**92. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിശദമായ പരിശോധന നടത്തി വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

# തൃശ്ശൂർ ജില്ല

## പൊതു പരാമർശങ്ങൾ

ഓഡിറ്റ് ഖണ്ഡിക

**മൊബിലൈസേഷൻ അഡ്വാൻസ് നൽകി പണി പൂർത്തിയാക്കിയിട്ടില്ല**

താഴെ പറയുന്ന പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും പണി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ, പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുകയോ അല്ലാത്തപക്ഷം 8-7-2005-ലെ 8906/ഡി.പി3/05/തസ്വഭവ. സർക്കുലറിലെ നിർദ്ദേശങ്ങൾ അനുസരിച്ച് വേണ്ട നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

| സ്ഥാപനം | ഓഡിറ്റ് റിപ്പോർട്ട് വർഷം/ഖണ്ഡിക നം. | തുക | പ്രവൃത്തിയുടെ പേര് |
|---|---|---|---|
| കടപ്പുറം ഗ്രാമപഞ്ചായത്ത് | 2004-05 ഖ. 3-11 | 33,000 | മാലിഖ് ബനു മിനാർ റോഡ് |
| കടപ്പുറം ഗ്രാമപഞ്ചായത്ത് | 2004-05 ഖ. 3-11 | 8,420 | അഴീക്കൽ റോഡ് കാന വൃത്തിയാക്കൽ |
| കടപ്പുറം ഗ്രാമപഞ്ചായത്ത് | 2004-05 ഖ. 3-11 | 12,400 | എ. വി. മുഹമ്മദുണ്ണി ഹാജി റോഡ് |
| കാട്ടകാംപാൽ ഗ്രാമപഞ്ചായത്ത് | 2001-02 ഖ. 3-5 | 22,500 | പീടികേശ്വരം റോഡ് പണി |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.48.1)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു).

93. ഓഡിറ്റ് പരാമർശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു).

**നിഗമനങ്ങളും / ശിപാർശകളും**

**94. ഓഡിറ്റ് പരാമർശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**വലപ്പാട് ഗ്രാമപഞ്ചായത്ത്**

ഓഡിറ്റ് ഖണ്ഡിക

**നിർമ്മാണ പ്രവൃത്തികൾക്കായി സ്ഥലം വാങ്ങിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ രജിസ്റ്റർ ചെയ്തു**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2002 - 2003, ഖണ്ഡിക നമ്പർ: 3-2, 3-18)

പഞ്ചായത്ത് ഫണ്ട് ചെലവഴിച്ച് നിർമ്മാണ പ്രവൃത്തികൾക്കുവേണ്ടി വാങ്ങുന്ന സ്ഥലം പഞ്ചായത്തിന്റെ ആസ്തിയാണ്. തന്മൂലം തന്നെ വസ്തു പഞ്ചായത്ത് ഭരണാധികാരിയുടെ പേരിലാണ് രജിസ്റ്റർ ചെയ്യപ്പെടേണ്ടിയിരുന്നത്. എന്നാൽ അങ്കണവാടി കെട്ടിടനിർമ്മാണം (ഖ. 3-2), മത്സ്യഭവൻ കെട്ടിട നിർമ്മാണം (ഖ. 3-18) എന്നീ നിർമ്മാണ പ്രവൃത്തികളിൽ ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ രജിസ്റ്റർ ചെയ്തിരിക്കുന്നതായി കാണുന്നു. പ്രസ്തുത പ്രവൃത്തിക്കായി ചെലവഴിച്ച യഥാക്രമം 15,000, 50,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.49.1)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു).

95. അങ്കണവാടി, മത്സ്യഭവൻ എന്നിവയുടെ കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ള സ്ഥലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലേയ്ക്ക് ഇഷ്ടദാനമായി രജിസ്റ്റർ ചെയ്തു നൽകിയിട്ടുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും / ശിപാർശകളും**

**96. അങ്കണവാടി, മത്സ്യഭവൻ എന്നിവയുടെ കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ള സ്ഥലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലേയ്ക്ക് ഇഷ്ടദാനമായി രജിസ്റ്റർ ചെയ്തു നൽകിയിട്ടുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

## തൃശ്ശൂർ ജില്ലാ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കോൺട്രാക്റ്റർ/കൺവീനറുടെ സ്വന്തം മണ്ണുപയോഗിച്ച് ഫില്ലിംഗ് നടപ്പാക്കുമ്പോൾ അധിക നിരക്ക് അനുവദിച്ചത് 15,56,245 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല**

1999-2000 മുതൽ 2000-2001 വരെയുള്ള കാലഘട്ടത്തിൽ പൂർത്തീകരിച്ച 31 മരാമത്ത് പണികളിൽ 15,56,245 രൂപയുടെ അധിക ചെലവ് കണ്ടെത്തി. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 4-4-1986-ലെ 13584/എഫ്.ഡബ്ല്യൂ./സി1/ 86-ാം നമ്പർ സർക്കുലർ പ്രകാരം കൺവീനർ/കോൺട്രാക്റ്റർ ഫില്ലിംഗിന് സ്വന്തം മണ്ണുപയോഗിക്കുമ്പോൾ അനുവദനീയമായ നിരക്കിൽ നിന്നും ഒരു ലീഡും, ലിഫ്റ്റും കുറയ്ക്കേണ്ടതാണ്. നിർദ്ദേശം പാലിക്കാതെ അധിക ചെലവ് വരുത്തിയ പണികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓ.റി. വർഷം | ഖണ്ഡിക | മരാമത്ത് പണികളുടെ പേര് | അധികം നൽകിയ തുക |
|---|---|---|---|
| (1) | (2) | (3) | (4) |
| 1999-2000 | 2-4 (1) | മാങ്ങോട് ലക്ഷംവീട് കോളനി | 17,367 |
| 1999-2000 | 2-4(2) | നെറ്റിക്കോട് ഹരിജൻ കോളനി | 2,82,297 |
| 1999-2000 | 2-4(3) | നെടുപുഴ ഹരിജൻ കോളനി (ഒന്നാം ഘട്ടം) | 96,351 |
| 1999-2000 | 2-4(4) | നെടുപുഴ ഹരിജൻ കോളനി (രണ്ടാം ഘട്ടം) | 28,690 |
| 1999-2000 | 2-13(1) | ഉപ്പുങ്ങൽ-കടവ് റോഡ് | 10,070 |
| 1999-2000 | 2-13(2) | കാരമുക്ക് അഞ്ചങ്ങാടി റോഡ് | 9,836 |
| 1999-2000 | 2-13(3) | നംപിയാൻകാവ്-ആനന്ദപുരം റോഡ് | 1,77,834 |
| 1999-2000 | 2-13(4) | കിഴക്ക് ടിപ്പുസുൽത്താൻ റോഡ് | 42,757 |
| 1999-2000 | 2-13(5) | തഴപ്പായ-മാർക്കറ്റ് റോഡ് | 13,224 |
| 1999-2000 | 2-13(6) | പയ്യക്കര-കുന്നത്തുപ്പാടം ട്രാൻസ്ഫോർമർ റോഡ് | 16,217 |
| 1999-2000 | 2-13(7) | അയ്യന്തോൾ-പൂങ്കുന്നം റോഡ് | 2,754 |

| (1) | (2) | (3) | (4) |
|---|---|---|---|
| 1999-2000 | 2-13(8) | കച്ചേരിപ്പടി-എടക്കഴിയൂർ റോഡ് | 1,25,304 |
| 1999-2000 | 2-13(9) | മുല്ലക്കര-ചേനം റോഡ് | 1,16,527 |
| 1999-2000 | 2-13(10) | പയ്യക്കര-കുന്നത്തുപ്പാടം ട്രാൻസ്ഫോർമർ റോഡ് | 13,036 |
| 1999-2000 | 2-13(11) | പയ്യക്കര-കുന്നത്തുപ്പാടം ട്രാൻസ്ഫോർമർ റോഡ് | 28,404 |
| 1999-2000 | 2-13(12) | മാംപ്ര റോഡ്, ഫോർമേഷൻ, സൈഡ് പ്രൊട്ടക്ഷനൻ | 1,01,134 |
| 1999-2000 | 2-13(13) | നംപിയാൻകാവ്-ആനന്ദപുരം റോഡ് | 67,514 |
| 2000-2001 | 2-15(1) | കരുവന്തല-ചക്കകണ്ടം റോഡ് | 14,788 |
| 2000-2001 | 2-15(2) | മന്ദംതുരുത്ത്-മരിയംതുരുത്ത് റോഡ് | 9,708 |
| 2000-2001 | 2-15(3) | ബ്ലാങ്ങാട്-മാട് റോഡ് | 9,121 |
| 2000-2001 | 2-15(4) | ആറോട്ടുകടവ് റോഡ് | 16,017 |
| 2000-2001 | 2-15(5) | കച്ചേരിപ്പടി-എടക്കഴിയൂർ റോഡ് | 93,339 |
| 2000-2001 | 2-15(6) | കുറ്റമുക്ക്-നെല്ലങ്കര റോഡ് | 2,29,503 |
| 2000-2001 | 2-15(7) | എരുമപ്പെട്ടി-കടങ്ങോട് റോഡ് | 3,721 |
| 2000-2001 | 2-23(1) | പണ്ടാരച്ചിറ-ഐ.എച്ച്.ഡി.പി. കോളനി | 3,958 |
| 2000-2001 | 2-23(2) | പണ്ടാരച്ചിറ-ഐ.എച്ച്.ഡി.പി. കോളനി | 7,487 |
| 2000-2001 | 2-23(3) | പണ്ടാരച്ചിറ-ഐ.എച്ച്.ഡി.പി. കോളനി | 7,750 |
| 2000-2001 | 2-23(4) | പണ്ടാരച്ചിറ-ഐ.എച്ച്.ഡി.പി. കോളനി | 3,506 |
| 2000-2001 | 2-23(5) | പണ്ടാരച്ചിറ-ഐ.എച്ച്.ഡി.പി. കോളനി | 1,389 |
| 2000-2001 | 2-23(6) | പണ്ടാരച്ചിറ-ഐ.എച്ച്.ഡി.പി. കോളനി | 6,138 |
| 2000-2001 | 2-23(7) | പണ്ടാരച്ചിറ-ഐ.എച്ച്.ഡി.പി. കോളനി | 504 |
| | | ആകെ | 15,56,245 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.50.1)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു).

97. ഓഡിറ്റ് പരാമർശത്തിന്മേൽ ബന്ധപ്പെട്ട വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും / ശിപാർശകളും**

**98. ഓഡിറ്റ് പരാമർശത്തിന്മേൽ ബന്ധപ്പെട്ട വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തഴപ്പായ നെയ്ത്ത് കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, കൊടുങ്ങല്ലൂർ - സ്ഥലം ലഭിക്കാതെ കെട്ടിട നിർമ്മാണത്തിന് കോസ്റ്റ് ഫോർഡിന് 7 ലക്ഷം രൂപ നൽകി പ്രോജക്ട് ഉപേക്ഷിച്ചു**

[(ഓഡിറ്റ് റിപ്പോർട്ട് വർഷം 1999-2000, ഖണ്ഡിക നമ്പർ: 2(18)]

കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാനത്ത് സ്ഥലം ലഭ്യമാകുമെന്ന ഉദ്ദേശത്തോടെ തഴപ്പായ മേഖലയിലെ തൊഴിലാളികളുടെ വികസനം ലക്ഷ്യമാക്കി 12 ലക്ഷം അടങ്കലുള്ള ഒരു പദ്ധതിക്ക് 1997-98 വർഷം അംഗീകാരം നൽകുകയും അതിന്റെ കെട്ടിടനിർമ്മാണത്തിനുവേണ്ടി നീക്കിവച്ച 7 ലക്ഷം രൂപ 26-6-1998-ൽ കോസ്റ്റ് ഫോർഡിന് നൽകുകയും ചെയ്തു. സ്ഥലം ലഭ്യമാവാതെ കെട്ടിടം പണിക്ക് 7 ലക്ഷം രൂപ മുൻകൂർ നൽകിയതും 1998-99-ൽ പുതുക്കിയ പ്രോജക്ട് തയ്യാറാക്കിയപ്പോൾ ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ സ്ഥലം ലഭ്യമല്ലെന്ന് വ്യക്തമായിട്ടും കോസ്റ്റ് ഫോർഡിൽ നിന്നും കെട്ടിടനിർമ്മാണത്തിന് നൽകിയ തുക തിരിച്ചു വാങ്ങാത്തതും ശ്രദ്ധയിൽ കൊണ്ടുവരുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.50.2)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു).

99. പ്രോജക്ടിന്റെ ഭാഗമായി 7 ലക്ഷം രൂപ കോസ്റ്റ് ഫോർഡിന് നൽകിയിരുന്നുവെങ്കിലും അനുയോജ്യമായ സ്ഥലം ലഭ്യമാകാതിരുന്നതിനാൽ കെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞില്ലെന്നും അനുവദിച്ച 7 ലക്ഷം രൂപ തിരികെ അടയ്ക്കാൻ കോസ്റ്റ് ഫോർഡിനോട് ആവശ്യപ്പെട്ടപ്പോൾ സാമ്പത്തിക ബുദ്ധിമുട്ടുള്ളതിനാൽ 7 ഗഡുക്കളായി തുക തിരികെ അടയ്ക്കാമെന്ന് അറിയിച്ചുവെന്നും ആയത് ജില്ലാ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കോസ്റ്റ് ഫോർഡ് 2-6-2022-ൽ ഒരു ലക്ഷം രൂപ അടയ്ക്കുകയും ബാക്കി തുക 6 തവണകളായി തിരിച്ചടയ്ക്കാമെന്ന് അറിയിച്ചിട്ടുള്ളതായും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ അറിയിച്ചു. കോസ്റ്റ് ഫോർഡിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി അംഗീകരിക്കുന്നതായും പ്രസ്തുത തുകയുമായി ബന്ധപ്പെട്ട് പലിശ സംബന്ധിച്ച് എവിടെയും പരാമർശിച്ച് കാണുന്നില്ലെന്നും പലിശ ഒഴിവാക്കിക്കൊണ്ടാണോ തീരുമാനമെടുത്തതെന്നും സമിതി ആരാഞ്ഞതിന് പലിശയുടെ കാര്യങ്ങളൊന്നും സൂചിപ്പിച്ചിട്ടില്ലെന്ന് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

100. പലിശബാധ്യത ഒഴിവാക്കുന്നത് സംബന്ധിച്ച് ജില്ലാ പഞ്ചായത്ത്, സർക്കാരിന് അപേക്ഷ സമർപ്പിച്ച് അനുമതി വാങ്ങണമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് പലിശ ബാധ്യത ഒഴിവാക്കാൻ ജില്ലാ പഞ്ചായത്ത് സർക്കാരിന് അപേക്ഷ സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും / ശിപാർശകളും

**101. കോസ്റ്റ് ഫോർഡ് അടയ്ക്കാനുള്ള തുകയുടെ പലിശബാധ്യത ഒഴിവാക്കാൻ ജില്ലാ പഞ്ചായത്ത് സർക്കാരിന് അപേക്ഷ സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

## സ്വാഭിമാൻ പാർപ്പിട പദ്ധതി - കോസ്റ്റ് ഫോർഡിന് 85 ലക്ഷം രൂപ വായ്പ നൽകി - തുക തിരികെ ലഭ്യമായിട്ടില്ല

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2000-2001, ഖണ്ഡിക നമ്പർ: 2-10)

ജില്ലാ പഞ്ചായത്തിന്റെ ഭവനനിർമ്മാണ പദ്ധതിയുടെ ഏകോപനം നടത്തുന്ന ഏജൻസിയായ കോസ്റ്റ് ഫോർഡിന് ഭവന നിർമ്മാണ ധനസഹായ സ്ഥാപനമായ ഹഡ്കോയിൽനിന്ന് 2-ാം ഗഡു വായ്പ ലഭിക്കുവാൻ കാലതാമസം വന്നതിനാൽ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് താൽക്കാലികമായി 85 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ

നിന്നും അനുവദിച്ചിരുന്നു. ഹഡ്കോയിൽനിന്ന് വായ്പ ലഭിക്കുന്ന മുറയ്ക്ക് കോസ്റ്റ് ഫോർഡ് തുക തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിലാണ് താൽക്കാലിക വായ്പയായി അനുവദിച്ചത്. എന്നാൽ വികസന പ്രവർത്തനത്തിനുള്ള സർക്കാർ പണമായ 85 ലക്ഷം രൂപ ഇതുവരെ തിരിച്ചടയ്ക്കാതെ കോസ്റ്റ് ഫോർഡിന്റെ കൈവശം കിടക്കുകയാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.50.3)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു).

102. ഓഡിറ്റ് പരാമർശം സംബന്ധിച്ച് കൊച്ചി മേഖലയിലെ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ പരിശോധന നടത്തി പണം ചെലവഴിച്ചുവെന്നതിന്റെ റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്നും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ അഭ്യർത്ഥിച്ചു.

103. അക്കൗണ്ടിൽ ശേഷിക്കുന്നത് ഗുണഭോക്താക്കൾ തിരിച്ചടച്ച തുകയായതിനാൽ എങ്ങനെ വിനിയോഗിക്കാനാണ് തീരുമാനമെന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ചോദ്യത്തിന് 85 ലക്ഷം രൂപ കോസ്റ്റ് ഫോർഡിന്റെ കൈയ്യിലുണ്ടെന്നതാണ് ഓഡിറ്റ് ഒബ്ജക്ഷനെന്നും കൊച്ചി മേഖലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ആ തുക ചെലവഴിച്ചുവെന്ന് സാക്ഷ്യപ്പെടുത്തി കത്ത് തന്നിട്ടുള്ളതായും 60.60 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലാണെന്നും അത് പ്ലാൻ ഫണ്ടായി ഉപയോഗിക്കാമെന്ന ഉത്തരവുള്ളതായും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

104. പ്രസ്തുത തുക പ്ലാൻ ഫണ്ടായതിനാൽ ജില്ലാ പഞ്ചായത്തിനോട് ഉപയോഗിക്കാനാണോ തിരിച്ചടയ്ക്കാനാണോ സർക്കാർ നിർദ്ദേശിച്ചതെന്ന് തുടർന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ആരാഞ്ഞതിന്, വികസന ഫണ്ടായി കണക്കാക്കി വികസനത്തിനുപയോഗിക്കാമെന്ന് സർക്കാർ നിർദ്ദേശമുണ്ടെന്ന് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സീനിയർ സൂപ്രണ്ട് മറുപടി നൽകി.

105. പ്ലാൻ ഫണ്ടായതുകാരണം അക്കൗണ്ടിൽ സൂക്ഷിച്ച് പലിശയീടാക്കുന്നത് ശരിയായ നടപടിയല്ലെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ നടപ്പുവർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി തുക ഉപയോഗിക്കാമെന്ന തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും / ശിപാർശകളും**

**106. ഓഡിറ്റ് ഓഫീസർ പരിശോധന നടത്തി പണം ചെലവഴിച്ചിട്ടുണ്ടെന്നും അക്കൗണ്ടിൽ ശേഷിക്കുന്നത് ഗുണഭോക്താക്കൾ തിരിച്ചടച്ച തുകയാണെന്നും പ്രസ്തുത തുക ഉപയോഗിക്കാമെന്നുമുള്ള തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കൊയ്ത്തുമെതിയന്ത്രം ലീസിന് എടുത്തവർ വാടക കുടിശ്ശിക വരുത്തിയത് - പ്രവർത്തനക്ഷമമല്ലാതെ തിരിച്ചേൽപ്പിച്ചു**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2000-2001, ഖണ്ഡിക നമ്പർ: 2-20)

ജില്ലാ പഞ്ചായത്തിന്റെ 1998-1999 വർഷത്തെ പദ്ധതി വിഹിതം ഉപയോഗിച്ച് 2-6-1999-ൽ 13,95,000 രൂപയ്ക്കു വാങ്ങിയ കൊയ്ത്തുമെതിയന്ത്രം വർഷത്തിൽ 3 ലക്ഷം രൂപ വാടക നിശ്ചയിച്ച് ലീസിന് കൈമാറിയെങ്കിലും ഒരു വർഷത്തിനുശേഷം തിരികെ ലഭിക്കുകയുണ്ടായി. തുടർന്ന് 2.5 ലക്ഷം രൂപ വാടക നിശ്ചയിച്ച് കേരള അഗ്രോ എക്യുപ്മെന്റ്സ് എന്ന സ്ഥാപനത്തിന് ലീസിന് കൈമാറി ഒന്നര വർഷത്തിനുശേഷം തിരികെ ഏൽപ്പിച്ചപ്പോൾ മെതിയന്ത്രത്തിന്റെ പ്രവർത്തന ക്ഷമത പരിശോധിക്കാൻ ജില്ലാ പഞ്ചായത്തിന് സാധിച്ചിട്ടില്ല. തന്നെയുമല്ല ആദ്യ തവണ ലീസിനു നൽകിയ സ്ഥാപനം 2 ലക്ഷം രൂപ മാത്രമാണ് അടവാക്കിയിട്ടുള്ളത്. ബാക്കി ഒരു ലക്ഷം രൂപയും പലിശയും ഈടാക്കാനുണ്ട്. അഗ്രോ എക്യുപ്മെന്റ്സ് എന്ന സ്ഥാപനം 1-11-2001 മുതൽ ഒരു വർഷത്തേയ്ക്കാണ് നൽകിയതെങ്കിലും 7-6-2003- ലാണ് യന്ത്രം തിരികെ ഏൽപ്പിച്ചത്. ഈ ഇനത്തിൽ ജില്ലാ പഞ്ചായത്തിന്റെ കണക്കുപ്രകാരം 1,72,499/- രൂപ കുടിശ്ശികയുണ്ട്. എന്നാൽ കരാർ പീരിയിഡിനുശേഷവും 7 മാസം കൂടുതൽ ഉപയോഗിച്ച വകയിൽ 1,34,000 രൂപയും പലിശയും ഈടാക്കാൻ അവശേഷിക്കുന്നു. പ്രവർത്തനക്ഷമമല്ലാതെ തിരികെ ഏൽപ്പിച്ച യന്ത്രത്തിന്റെ പല ഉപകരണങ്ങളും ഇല്ലായിരുന്നെന്ന് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയെങ്കിലും ഉപകരണം റിപ്പയറിംഗ് നടത്താനുള്ള ചെലവും നഷ്ടപ്പെട്ട ഉപകരണങ്ങളുടെ വിലയും വാടക കുടിശ്ശികയും കരാറുകാരിൽനിന്നും ഈടാക്കാൻ ജില്ലാ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ശ്രമം ഉണ്ടായിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.50.4)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

107. കേരള അഗ്രോ എക്വിപ്മെന്റ്സ് എന്ന സ്ഥാപനം വാടകയ്ക്ക് എടുത്തിരുന്ന കൊയ്ത്തുമെതി യന്ത്രത്തിന് കുടിശ്ശിക വരുത്തിയെന്നതാണ് ഓഡിറ്റ് പരാമർശമെന്നും നിലവിൽ അങ്ങനെയൊരു സ്ഥാപനമില്ലെന്നും അതോടൊപ്പം ഉപയോഗശൂന്യമായ കൊയ്ത്തുമെതിയന്ത്രം ലേലം നടത്തി 1,35,411 (ഒരു ലക്ഷത്തി മുപ്പത്തിഅയ്യായിരത്തി നാന്നൂറ്റി പതിനൊന്ന്) രൂപ സർക്കാരിൽ അടച്ചിട്ടുള്ളതായും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്നും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും / ശിപാർശകളും**

**108. ഉപയോഗശൂന്യമായ കൊയ്ത്തുമെതി യന്ത്രം ലേലം നടത്തി 1,35,411 (ഒരു ലക്ഷത്തി മുപ്പത്തിഅയ്യായിരത്തി നാന്നൂറ്റി പതിനൊന്ന്)രൂപ സർക്കാരിൽ അടച്ചിട്ടുണ്ടെന്നുള്ള തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

## വയനാട് ജില്ല

### വയനാട് ജില്ലാ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കർളാട് ജലസേചന പദ്ധതി തരിയോട്, പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ 16,50,354 രൂപയുടെ ചെലവ് വിഫലമായി**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2000-2001, ഖണ്ഡിക നമ്പർ: 3-11)

15,25,000 രൂപയുടെ സാങ്കേതികാനുമതി ലഭിച്ച പദ്ധതിയ്ക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി ജനറൽ പി.ഡി. അക്കൗണ്ട് ചെക്ക് നമ്പർ 742092/31-3-2001 പ്രകാരം 4,77,778 രൂപയും പ്ലാൻ പി.ഡി. അക്കൗണ്ട് ചെക്ക് നമ്പർ 658469/31-3-2001 പ്രകാരം 6,47,354 രൂപയും ചേർത്ത് ആകെ 1125132 രൂപ വൈത്തിരി കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ഹാജരാക്കിയ വർക്ക് ബിൽ പ്രകാരം ആകെ ചെയ്ത പ്രവൃത്തിയുടെ മൂല്യം 10,86,865 രൂപയാണ്. പമ്പും മോട്ടോറും അതിന്റെ അനുബന്ധ സാമഗ്രികളുടെ വിലയും ഇവ സ്ഥാപിച്ചതിന്റെ ചെലവും

ഉൾപ്പെടെ 8,39,317 (എട്ട് ലക്ഷത്തി മുപ്പത്തൊമ്പതിനായിരത്തി മുന്നൂറ്റി പതിനേഴ്) രൂപയിൽ 5,25,222 (അഞ്ച് ലക്ഷത്തി ഇരുപത്തഞ്ചായിരത്തി ഇരുന്നൂറ്റി ഇരുപത്തിരണ്ട്) രൂപ കൺവീനർക്ക് പാർട്ട് ബില്ലായി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പണി പൂർത്തിയാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. വൈദ്യുതി കണക്ഷനു വേണ്ടി തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും നാളിതുവരെ പദ്ധതിയ്ക്കുവേണ്ടി വൈദ്യുതി കിട്ടിയിട്ടില്ല. 27-10-1993- ലെ ഡി.പി.1/1766/ 99-ാം നമ്പർ കത്തുമുഖേന ജില്ലാ പഞ്ചായത്ത് സെക്രട്ടറി കെ.എസ്.ഇ.ബി. അധികൃതരോട് വൈദ്യുതി കണക്ഷൻ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുടർ നടപടികൾ ഉണ്ടായിട്ടില്ല.

16,50,354 (പതിനാറ് ലക്ഷത്തി അമ്പതിനായിരത്തി മുന്നൂറ്റി അമ്പത്തിനാല്) രൂപ ചെലവഴിച്ചെങ്കിലും പദ്ധതി പൂർത്തിയാക്കാനോ തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനോ കഴിഞ്ഞിട്ടില്ല. ആയതിനാൽ ചെലവ് വിഫലമായതായി വിലയിരുത്തുന്നതോടൊപ്പം ഇതുമായി ബന്ധപ്പെട്ട് സമഗ്രമായ അന്വേഷണത്തിനും ശിപാർശ ചെയ്യുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.63.1)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

109. ജില്ലാ പഞ്ചായത്ത് സെക്രട്ടറി നേരിട്ടുപോയി പദ്ധതി പ്രദേശം പരിശോധിക്കുകയും ജലസേചന പദ്ധതി മാറ്റി കുടിവെള്ള പദ്ധതിയാക്കാമെന്ന തീരുമാനത്തിലെത്തുകയും ചെയ്തതായും ഇതിന്റെ സാധ്യത പരിശോധിക്കുന്നതിനുവേണ്ടി ജൽജീവൻ മിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുള്ളതായും അവിടെ നിന്ന് വ്യക്തമായൊരു മറുപടി ലഭിച്ചാൽ മാത്രമേ കൃത്യമായ തീരുമാനത്തിലെത്താൻ കഴിയുകയുള്ളൂവെന്നും നടപ്പു വർഷത്തെ പ്ലാനിൽ ഉൾപ്പെടുത്തി ചെയ്യാനാണ് ശ്രമിക്കുന്നതെന്നും വയനാട് ജില്ലാ പഞ്ചായത്ത് ഫിനാൻസ് ഓഫീസർ സമിതി മുമ്പാകെ അറിയിച്ചു.

110. തുടർന്ന് കെ.എസ്.ഇ.ബി.യിൽ 11 ലക്ഷം രൂപ കെട്ടിവച്ചിട്ടുള്ളതിനെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് സമീപത്തേയ്ക്ക് വൈദ്യുത ലൈനുണ്ടായിരുന്നുവെങ്കിലും കണക്ഷൻ നൽകിയിരുന്നില്ലെന്നും 2001-ൽ തുക കൈമാറിയെങ്കിലും 2014-ൽ മാത്രമാണ് ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ടെന്ന കാര്യം കെ.എസ്.ഇ.ബി. അധികൃതർ അറിയിച്ചതെന്നും വയനാട് ജില്ലാ പഞ്ചായത്ത് ഫിനാൻസ് ഓഫീസർ മറുപടി നൽകി.

111. കെ.എസ്.ഇ.ബി. യുമായുള്ള പ്രശ്നങ്ങൾ എങ്ങനെയാണ് കൈകാര്യം ചെയ്യാനുദ്ദേശിക്കുന്നതെന്ന സമിതിയുടെ ചോദ്യത്തിന് ജൽജീവൻ മിഷനിൽ നിന്ന് വ്യക്തമായ മറുപടി ലഭിച്ചതിനുശേഷം ആവശ്യമെങ്കിൽ കെ.എസ്.ഇ.ബി.യിൽ നിന്ന് തുക തിരികെ വാങ്ങാനാണ് ആലോചിക്കുന്നതെന്ന് ഫിനാൻസ് ഓഫീസർ മറുപടി നൽകി. വയനാട്ടിൽ ഈ പ്രോജക്ട് എവിടെയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും കുടിവെള്ളക്ഷാമമുള്ള സ്ഥലത്താണോയെന്നും സമിതി തുടർന്ന് ആരാഞ്ഞതിന്, തരിയോട് ഗ്രാമപഞ്ചായത്തിലെ കർളാട് എന്ന സ്ഥലത്താണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും ജലസേചന പദ്ധതികൾ പലതുമുണ്ടെങ്കിലും കുടിവെള്ള പദ്ധതികളൊന്നും അവിടെയില്ലെന്നാണ് പരിശോധനയിൽ വ്യക്തമായതെന്നും ഫിനാൻസ് ഓഫീസർ അറിയിച്ചു. പ്രസ്തുത ജലസേചന പദ്ധതിക്കായി നിർമ്മിച്ച കിണർ, പമ്പ് ഹൗസ്, ജലസംഭരണി, മോട്ടോർ, പൈപ്പ് ലൈൻ തുടങ്ങിയവ ഉപയോഗപ്പെടുത്തി ജൽജീവൻ മിഷന്റെ ഭാഗമായി കുടിവെള്ള പദ്ധതി നടത്താൻ സാധിക്കുമോ എന്നത് സംബന്ധിച്ച വ്യക്തമായ അന്തിമ റിപ്പോർട്ട് രണ്ടാഴ്ചക്കുള്ളിൽ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങളും / ശിപാർശകളും

**112. കർളാട് ജലസേചന പദ്ധതിക്കായി നിർമ്മിച്ച കിണർ, പമ്പ് ഹൗസ്, ജലസംഭരണി, മോട്ടോർ, പൈപ്പ് ലൈൻ തുടങ്ങിയവ ഉപയോഗപ്പെടുത്തി ജൽജീവൻ മിഷന്റെ ഭാഗമായി കുടിവെള്ള പദ്ധതി നടപ്പാക്കാൻ സാധിക്കുമോ എന്നത് സംബന്ധിച്ച വ്യക്തമായ അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

## കണ്ണൂർ ജില്ല

### കണ്ണൂർ ജില്ലാ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

### പനയത്താംപറമ്പ് ശുദ്ധജലവിതരണ പദ്ധതി - പ്രവൃത്തിയുടെ മൂല്യത്തേക്കാൾ തുക നൽകി പദ്ധതി പൂർത്തീകരിച്ചിട്ടില്ല

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2003-04 (ചെലവ്), ഖണ്ഡിക നമ്പർ: 2-14)

1998-99- ൽ ആരംഭിച്ച കീഴല്ലൂർ ഗ്രാമപഞ്ചായത്തിലെ പനയത്താംപറമ്പ് ശുദ്ധജല വിതരണ പദ്ധതിയ്ക്ക് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ മൂല്യത്തെക്കാൾ 46,457 രൂപ അധികം നൽകിയിട്ടുണ്ട്. കൂടാതെ റെയിഡ്കോയിൽ നിന്നും പൈപ്പ് വാങ്ങിയതിൽ രണ്ട് ഇനങ്ങൾക്ക് ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ അധികം നൽകിയതിനാൽ 44,988 രൂപയുടെ നഷ്ടം സംഭവിച്ചു. നാളിതുവരെ വൈദ്യുതി കണക്ഷനും ലഭ്യമായിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് ശുദ്ധജല പദ്ധതി യാഥാർഥ്യമാക്കുന്നതിന് തുടർ നടപടി സ്വീകരിച്ചുവരുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.65.1)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

113. ഓഡിറ്റ് പരാമർശം സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥൻ 17-6-2012-ൽ മരണപ്പെട്ടതായിട്ടാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും ജില്ലാ പഞ്ചായത്ത് പരിശോധന നടത്തിയതിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും 2017 വരെ കുടിവെള്ളം നൽകിയിട്ടുണ്ടെന്നും പദ്ധതി വിജയകരമായി നടപ്പിലാക്കിയിട്ടുണ്ടെന്നും നിലവിൽ മോട്ടോർ കേടായതിനാൽ പ്രവർത്തിക്കുന്നില്ലെന്നാണ് അറിയാൻ സാധിച്ചതെന്നും കണ്ണൂർ ജില്ലാ പഞ്ചായത്ത് സീനിയർ സൂപ്രണ്ട് സമിതി മുമ്പാകെ അറിയിച്ചപ്പോൾ മോട്ടോർ പ്രവർത്തനക്ഷമമാക്കി പദ്ധതി നടപ്പിലാക്കിയശേഷം ജില്ലാ പഞ്ചായത്ത് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങളും / ശിപാർശകളും

**114. ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച മോട്ടോർ പ്രവർത്തനക്ഷമമാക്കി പദ്ധതി നടപ്പിലാക്കിയ ശേഷം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സർക്കാരിനോട് സമിതി നിർദ്ദേശിക്കുന്നു.**

## ആലപ്പുഴ നഗരസഭ

ഓഡിറ്റ് ഖണ്ഡിക

**നഗരസഭയുടെ കമ്പ്യൂട്ടർവൽക്കരണം - സർക്കാർ നിർദ്ദേശങ്ങൾ അവഗണിച്ചു - ഭൗതികലക്ഷ്യം സാക്ഷാത്കരിക്കപ്പെട്ടില്ല.**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07, ഖണ്ഡിക നമ്പർ 3-11)

നഗരസഭയുടെ കമ്പ്യൂട്ടറൈസേഷൻ പദ്ധതിക്കും ഒരു സ്കൂളിന് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ നൽകുന്ന പദ്ധതിക്കും നഗരസഭ രൂപം നൽകിയിരുന്നു. പദ്ധതികൾ നടപ്പിലാക്കാൻ ആവശ്യമായ കമ്പ്യൂട്ടറുകളും, മറ്റ് ഉപകരണങ്ങളും വാങ്ങാൻ 6,48,308 രൂപ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിക്കാൻ അനുമതിയ്ക്കായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയ്ക്ക് കത്തെഴുതിയിരുന്നെങ്കിലും നഗരസഭയുടെ കമ്പ്യൂട്ടർവത്ക്കരണ പദ്ധതി പുനഃപരിശോധിക്കാനും, ഐ. കെ. എം. മുഖേന പദ്ധതി നടപ്പിലാക്കാനും ആവശ്യപ്പെട്ടു. എന്നാൽ സർക്കാരിന്റെ ഈ നിർദ്ദേശം അവഗണിച്ച് ആവശ്യമുള്ള ഹാർഡ്‌വെയറും, സോഫ്റ്റ്‌വെയറുകളും സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും വാങ്ങുകയും, സ്വകാര്യ സ്ഥാപനമായ നോവാസോഫ്റ്റിന്റെ ക്വട്ടേഷൻ അംഗീകരിച്ച് ഉപകരണങ്ങൾ സപ്ലൈ ചെയ്യാൻ മുൻകൂറായി മുഴുവൻ തുകയായ 8,70,351 രൂപയും നൽകി ഉപകരണങ്ങൾ സപ്ലൈ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ഒന്നാംഘട്ട നിർവ്വഹണ ചുമതല ഐ.കെ.എം.-നെ ഏൽപ്പിക്കുകയും യാതൊരു എഗ്രിമെന്റും വയ്ക്കാതെ 1,34,245 രൂപ മുൻകൂർ നൽകുകയും ചെയ്തു. രണ്ടാംഘട്ട പ്രവർത്തനത്തിന് ഐ.കെ.എം. പ്രോജക്ട് പ്രൊപ്പോസലോ എസ്റ്റിമേറ്റോ നൽകാതെ 2006-2007 പ്ലാൻ ഫണ്ടിൽ നിന്നും പത്തു ലക്ഷം രൂപ മുൻകൂറായി നൽകി. ആയതിനും കരാർ വച്ചിട്ടില്ല. 2003-ൽ പൂർത്തീകരിക്കേണ്ട ഈ പദ്ധതി ഇപ്പോഴും ശൈശവാവസ്ഥയിൽ തുടരുകയാണ്. എം.ജി.പി. ഫണ്ടിൽ നിന്നും അനുവദിച്ചു കിട്ടിയ തുകയിൽ 99,940 രൂപ സർക്കാർ അനുമതിയില്ലാതെ 3 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുവാൻ എച്ച്.സി.എൽ. ഇൻഫോ സിസ്റ്റം, പോണ്ടിച്ചേരി എന്ന സ്ഥാപനത്തിന് 10-5-2006-ൽ നൽകി. കമ്പ്യൂട്ടർവത്ക്കരണവുമായി ബന്ധപ്പെട്ട് 20,46,436 രൂപ ചെലവാക്കിയിട്ടുണ്ടെങ്കിലും പദ്ധതിയുടെ ഭൗതിക ലക്ഷ്യം സാക്ഷാത്ക്കരിക്കപ്പെട്ടിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 4.3.1)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

115. നഗരസഭയിൽ കമ്പ്യൂട്ടർവൽക്കരണവും സ്കൂളുകളിൽ കമ്പ്യൂട്ടർ നൽകുന്ന പ്രോജക്ടിലും സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ സ്വകാര്യ ഏജൻസിയിൽ നിന്നും ഉപകരണങ്ങൾ വാങ്ങിച്ചുവെന്നതായിരുന്നു ഓഡിറ്റ് പരാമർശമെന്നും 24-12-2003-ലെ സർക്കുലറിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കിയതെന്നും തിരുവമ്പാടി സ്കൂളിലേയ്ക്ക് വേണ്ടിയായിരുന്നു കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങിയതെന്നും അതിന്റെ കൈപ്പറ്റ് രസീത് സ്കൂൾ ഹെഡ്മാസ്റ്റർ നൽകിയിട്ടുണ്ടെന്നും നഗരസഭയിലെ സാധനങ്ങൾ സ്റ്റോക്കിൽ എടുത്തിരുന്നുവെങ്കിലും സ്റ്റോക്ക് എൻട്രി ഡീറ്റെയിൽസ് ഇല്ലായിരുന്നുവെന്നും ഐ.കെ.എം. വഴി കമ്പ്യൂട്ടറൈസേഷൻ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 15 ലക്ഷം രൂപ ഐ.കെ.എം.-ൽ ഡെപ്പോസിറ്റ് ചെയ്തതിന് വിനിയോഗ സർട്ടിഫിക്കറ്റ് കിട്ടിയിട്ടില്ലെന്നായിരുന്നു ഒരു പരാമർശമെന്നും ആലപ്പുഴ നഗരസഭാ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു. ഐ.കെ.എം.-ന് തുക നൽകിയതിന് വിനിയോഗ സർട്ടിഫിക്കറ്റ് കിട്ടിയിട്ടുണ്ടെന്നും കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട് 12 ആപ്ലിക്കേഷനായിരുന്നു പ്രൊപ്പോസൽ ചെയ്തിരുന്നതെന്നും അതിലെ ഭൂരിഭാഗം ആപ്ലിക്കേഷനുകളും നിലവിൽ നല്ല രീതിയിൽ ഉപയോഗിക്കുന്നുണ്ടെന്നും അന്നത്തെ സ്റ്റോക്ക് എൻട്രി ഡീറ്റെയിൽസിൽ

വന്നിട്ടില്ല എന്നുള്ളതാണ് പരാമർശത്തിനിടയാക്കിയതെന്നും എന്നാൽ സ്കൂളിന് നൽകിയ കമ്പ്യൂട്ടറുകളുടെ കാര്യത്തിൽ സ്റ്റോക്ക് എൻട്രി ഹെഡ്മാസ്റ്ററിൽ നിന്നുതന്നെ കൈപ്പറ്റിയിട്ടുള്ളതായും ആലപ്പുഴ നഗരസഭാ സെക്രട്ടറി വിശദീകരിച്ചു.

116. നിലവിൽ കമ്പ്യൂട്ടറുകൾ പ്രവർത്തനക്ഷമമാണോയെന്ന് സമിതി ആരാഞ്ഞതിന് 2002-03 കാലയളവിൽ വാങ്ങിച്ചതാണെന്നും എല്ലാം പ്രവർത്തനക്ഷമമല്ലെന്നും നഗരസഭാ സെക്രട്ടറി മറുപടി നൽകി. ഓരോ ഘട്ടത്തിലും ഗവൺമെന്റിന്റെ അംഗീകാരം വാങ്ങിക്കണമെന്ന് പറയുന്നത് അതിനാലാണെന്ന് സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത കാലഘട്ടത്തിൽ പൈലറ്റടിസ്ഥാനത്തിൽ കമ്പ്യൂട്ടറൈസേഷൻ കുറച്ച് നഗരസഭകളിലും പഞ്ചായത്തുകളിലും ഏറ്റെടുത്തിട്ടുണ്ടായിരുന്നുവെന്നും അങ്ങനെ ഏറ്റെടുത്ത നഗരസഭകളിൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങണമെന്നുള്ള നിബന്ധനയിൽ ഇളവ് ചെയ്തുകൊണ്ട് 2003-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നുവെന്നും അതിൽ ആലപ്പുഴ നഗരസഭയും ഉൾപ്പെട്ടിരുന്നതായും അതുസംബന്ധിച്ച സർക്കുലർ അയച്ചുതന്നിട്ടുണ്ടെന്നും നഗരസഭാ സെക്രട്ടറി വ്യക്തമാക്കി.

117. ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാമെന്ന് ഉറപ്പുണ്ടെങ്കിൽ അതിനനുസരിച്ച് ആലോചിക്കാമായിരുന്നുവെന്ന് അഭിപ്രായപ്പെട്ട സമിതി നിലവിൽ അത് ഉപയോഗിക്കാൻ കഴിയുന്നുണ്ടോയെന്ന് തുടർന്ന് ആരാഞ്ഞു.

118. മുൻ കാലയളവിൽ പ്രവർത്തിച്ചിരുന്നതായും സോഫ്റ്റ്‌വെയറും സാംഖ്യ, സേവന, സഞ്ചയ, സുലേഖ തുടങ്ങിയ ആപ്ലിക്കേഷനുകളും ഇപ്പോഴും ഉപയോഗിച്ചുവരുന്നുണ്ടെന്നും നഗരസഭാ സെക്രട്ടറി സമിതി മുൻപാകെ അറിയിച്ചു.

119. സ്കൂളിൽ നൽകിയ ഉപകരണങ്ങളുമായി ബന്ധപ്പെട്ട് ഓഡിറ്റിന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും ഐ.കെ.എം.-ൽ നിന്ന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് വാങ്ങിക്കാൻ കഴിയുമോയെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ആരാഞ്ഞതിന്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാമെന്ന് നഗരസഭാ സെക്രട്ടറി ഉറപ്പ് നൽകി. തുടർന്ന്, പ്രസ്തുത യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും / ശിപാർശകളും

**120. ഐ.കെ.എം.-ൽ നിന്ന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

## ചങ്ങനാശ്ശേരി നഗരസഭ

ഓഡിറ്റ് ഖണ്ഡിക

**ഐ.എസ്.യു.ഐ. കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചു - 30 ലക്ഷം രൂപ**

(ഓഡിറ്റ് റിപ്പോർട്ട് വർഷം:2004-05, ഖണ്ഡിക നമ്പർ:2-25)

നഗരകാര്യ ഡയറക്ടറുടെ 7-4-2005-ലെ എ 1-5549/04-ാം നമ്പർ കത്ത് പ്രകാരം ഐ.എസ്.യു.ഐ. സ്കീമിൽ ഉൾപ്പെടുത്തി 30 ലക്ഷം (മുപ്പത് ലക്ഷം) രൂപ നഗരസഭയ്ക്ക് അനുവദിച്ചിരുന്നു. നഗരസഭാ കൗൺസിലിന്റെ 29-1-2005-ലെ 18-ാം നമ്പർ തീരുമാനപ്രകാരം ടി തുക ആധുനിക സ്ലോട്ടർ ഹൗസ് നിർമ്മാണത്തിന് ഉപയോഗിക്കാൻ തീരുമാനിച്ചു. അടിയന്തരമായി തുക വിനിയോഗിക്കാൻ സാധിക്കാത്തതിനാൽ ചെയർമാന്റെ നിർദ്ദേശപ്രകാരം ടി തുക യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയിൽ ആറ് മാസത്തേക്ക് സ്ഥിരനിക്ഷേപമാക്കി. 23-6-2005-ൽ യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയിൽ ടേം ഡെപ്പോസിറ്റായി നിക്ഷേപിച്ചിരുന്ന മുപ്പതുലക്ഷം രൂപ 3-5-2007-ൽ നിക്ഷേപം ക്ലോസ് ചെയ്ത് പത്ത് ലക്ഷം രൂപയും അതുവരെയുള്ള പലിശയും ചേർത്ത് 11,91,659 രൂപ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റി മുൻസിപ്പൽ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി വിനിയോഗിച്ചു. ബാക്കി ഇരുപത് ലക്ഷം രൂപ 3-5-2007-ൽ ആറ് മാസ കാലാവധിക്ക് യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽത്തന്നെ സ്ഥിരനിക്ഷേപത്തിൽ നിക്ഷേപിച്ചിട്ടുണ്ടായിരുന്നു. തുടർന്ന് ടി നിക്ഷേപം പലിശയുൾപ്പെടെ 20,62,983 രൂപ പിൻവലിച്ച് 19-12-2007-ൽ എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിക്കുകയും അതിൽ നിന്നും കോൺട്രാക്ടർമാർക്ക് നൽകാനുള്ളതും ജീവനക്കാരുടെ ശമ്പളമിനത്തിലുമുള്ള തുകകൾ എന്നിവയും നൽകിവന്നു. ഇപ്രകാരം പലിശയുൾപ്പെടെയുള്ള 32,54,642 രൂപ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വിനിയോഗിക്കേണ്ടിയിരുന്നത് വകമാറ്റി ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 4.5.1)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

121. ഓഡിറ്റ് പരാമർശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും / ശിപാർശകളും**

**122. ഓഡിറ്റ് പരാമർശത്തിന്മേൽ ബന്ധപ്പെട്ട വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

## കോട്ടയം നഗരസഭ

ഓഡിറ്റ് ഖണ്ഡിക

**വൈദ്യുത ശ്മശാനം അറ്റകുറ്റപ്പണി-അപാകതകൾ-വൃഥാ ചെലവ്**

(ഓഡിറ്റ് റിപ്പോർട്ട് വർഷം:2004-05, ഖണ്ഡിക നമ്പർ:2-20)

കോട്ടയം നഗരസഭയുടെ അധീനതയിലുള്ള വൈദ്യുത ശ്മശാനം അറ്റകുറ്റപ്പണി നടത്തുന്നതിന് എ.ജെ. ടെക്നോ സിസ്റ്റംസ് (പ്രൈവറ്റ് ലിമിറ്റഡ്) വെല്ലൂർ എന്ന കമ്പനിയുമായി നഗരസഭ കരാർ ഏർപ്പെടുകയും മേൽ കരാറിന്റെ കാലാവധി രണ്ടുവർഷമായി നിശ്ചയിക്കുകയും തുടർന്ന് കരാർ അനുസരിച്ച് 2002 മെയ് മാസത്തിൽ നടത്തിയ അറ്റകുറ്റപ്പണിക്ക് 1,44,512 രൂപ 17-5-2002-ൽ വൗച്ചർ നമ്പർ 80-5/02 പ്രകാരം നൽകുകയും ചെയ്തു. ശ്മശാനം 28-9-2002-ൽ പ്രവർത്തനരഹിതമായ അവസരത്തിൽ കരാർ കമ്പനി അറ്റകുറ്റപ്പണി നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ 20-6-2003-ൽ ശ്മശാനം കേടായപ്പോൾ കരാർ കമ്പനി അറ്റകുറ്റപ്പണി നടത്തിയില്ല. ഗ്യാരന്റി കാലയളവിൽ അറ്റകുറ്റപ്പണി നടത്താത്ത കമ്പനിക്കെതിരായ നിയമനടപടികൾ സ്വീകരിക്കാതെ മറ്റൊരു കമ്പനിയെ അറ്റകുറ്റപ്പണി നടത്താൻ ചുമതലപ്പെടുത്തിയ വകയിൽ 95,004 രൂപ 29-3-2004-ലെ 304-3/04 വൗച്ചർ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ഈ ആവശ്യത്തിനായി മുനിസിപ്പാലിറ്റി 72 സെറാമിക് ട്യൂബുകൾ മേൽ കമ്പനിയിൽ നിന്നും 7-7-2004-ൽ വൗച്ചർ നമ്പർ 48-7/04 പ്രകാരം 71,504 രൂപ നൽകി വാങ്ങി. എന്നാൽ ഈ ട്യൂബുകൾ 5/2005-ൽ ഉപയോഗ ശൂന്യമായി. ഓപ്പറേറ്റർമാരുടെ ശമ്പളം, വൈദ്യുതി ചാർജ്ജ് എന്നീ ചെലവിനുപുറമെ 23-4-2000-ൽ പ്രവർത്തനം ആരംഭിച്ച ക്രിമറ്റോറിയത്തിന്റെ അറ്റകുറ്റപ്പണികൾക്കായി മാർച്ച് 2005 വരെ 3,21,048 രൂപ ചെലവഴിച്ചിട്ടുണ്ട്.

കരാർ വ്യവസ്ഥ ലംഘിച്ച കമ്പനിക്കെതിരെ തുടർനടപടികൾ സ്വീകരിച്ചുവോ എന്നു വ്യക്തമാക്കേണ്ടതും, നഗരസഭയ്ക്കുണ്ടായ അധിക സാമ്പത്തിക ബാധ്യത അവരിൽനിന്നും ഈടാക്കേണ്ടതുമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 4.6.1)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

123. വൈദ്യുത ശ്മശാനത്തിന്റെ അറ്റകുറ്റപ്പണി സംബന്ധിച്ചുള്ളതാണ് ഓഡിറ്റ് പരാമർശമെന്നും തമിഴ്നാട്ടിലുള്ള റാണിപേട്ട് ജില്ലയിലാണ് പ്രസ്തുത കമ്പനിയെന്നും റവന്യൂ റിക്കവറിക്കുവേണ്ടി കൃത്യമായ ഫോളോ അപ് നടത്തുകയുണ്ടായെന്നും തമിഴ്നാട്ടിൽ വിളിച്ചന്വേഷിച്ചപ്പോൾ പൊളിറ്റിക്കൽ ഇഷ്യൂസുണ്ടാകുമെന്നുള്ളതിനാൽ ആർ.ആർ. നടപടികൾ പ്രോത്സാഹിപ്പിക്കുന്നില്ലെന്നും അതിനാൽ പെൻഡിംഗ് പട്ടികയിലാണെന്നുമാണ് മറുപടി ലഭിച്ചതെന്നും സംസ്ഥാനത്തല്ലാത്തതു കൊണ്ടാണ് കമ്മ്യൂണിക്കേഷൻ ഗ്യാപ്പുണ്ടായതെന്നും തമിഴ്നാട് സർക്കാരിൽ നിന്നും മറുപടി ലഭിച്ചാൽ മാത്രമേ തുടർനടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂവെന്നും എന്തുചെയ്യണമെന്ന് രൂപമില്ലാത്ത അവസ്ഥയാണുള്ളതെന്നും കോട്ടയം നഗരസഭാ സെക്രട്ടറി സമിതി മുൻപാകെ അറിയിച്ചു.

124. സംസ്ഥാനത്തിന് പുറത്തുള്ള ഒരു കമ്പനിയുമായി കരാറിൽ ഏർപ്പെടുമ്പോൾ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കപ്പെടുമെന്നുള്ള മിനിമം ഗ്യാരന്റിയെങ്കിലും വാങ്ങേണ്ടതായിരുന്നുവെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ 2005-ൽ കമ്പനി ഉടമ അപകടത്തിൽപ്പെട്ട് മരണപ്പെട്ടപ്പോൾ അസിസ്റ്റന്റായി വന്ന ആളാണ് വർക്ക് ചെയ്തുകൊണ്ടിരുന്നതെന്ന് കോട്ടയം നഗരസഭാ സെക്രട്ടറി വ്യക്തമാക്കി.

125. സംസ്ഥാനത്തിന് ഈടാക്കാവുന്ന വിധത്തിൽ ബാങ്ക് ഗ്യാരന്റിയോ മറ്റോ സെക്യൂരിറ്റിയായി വാങ്ങിച്ചുവയ്ക്കണമായിരുന്നുവെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ച അവസരത്തിൽ കമ്പനിയുടെ ഉടമസ്ഥനിൽ നിന്ന് സെക്യൂരിറ്റി ഈടാക്കിയിരുന്നില്ലെന്നും വെല്ലൂർ എന്ന ജില്ലയിലായിരുന്നു ആദ്യം ഈ സ്ഥാപനമുണ്ടായിരുന്നതെന്നും റവന്യൂ റിക്കവറി നടപടികൾക്കായി വെല്ലൂർ ജില്ലയിലേക്കാണ് കത്തിടപാടുകൾ നടത്തിയിരുന്നതെന്നും നിലവിൽ വെല്ലൂർ ജില്ല റാണിപേട്ട് ജില്ലയായി മാറിയെന്നും മുൻപ് അയച്ചുകൊടുത്ത ഫയൽ മുഴുവൻ നഷ്ടപ്പെട്ടുപോയി എന്ന് അറിയിച്ചതനുസരിച്ച് വീണ്ടും അയച്ചുകൊടുത്തപ്പോഴാണ് പെൻഡിംഗ് എന്ന മറുപടി ലഭിച്ചതെന്നും കോട്ടയം നഗരസഭാ സെക്രട്ടറി വിശദീകരിച്ചു.

126. സർക്കാർ വിഷയം പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചപ്പോൾ മുനിസിപ്പാലിറ്റിയിൽ നിന്നുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിനുശേഷം തമിഴ്നാട് സർക്കാരുമായി തുടർനടപടി സ്വീകരിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുൻപാകെ അറിയിച്ചു. തുടർന്ന് എല്ലാ വിവരങ്ങളുമടങ്ങുന്ന സമഗ്രമായ റിപ്പോർട്ട് തുടർനടപടികൾ സ്വീകരിക്കുന്നതിലേക്കായി സർക്കാരിലേയ്ക്ക് നൽകണമെന്ന് കോട്ടയം നഗരസഭാ സെക്രട്ടറിയോടും ആയത് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോടും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും / ശിപാർശകളും**

**127. വൈദ്യുത ശ്മശാനം അറ്റകുറ്റപണി സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ വിവരങ്ങളടങ്ങുന്ന സമഗ്രമായ റിപ്പോർട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി സർക്കാരിലേയ്ക്ക് നൽകണമെന്ന് കോട്ടയം നഗരസഭാ സെക്രട്ടറിയോടും ആയത് പരിശോധിച്ച് സമിതിയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോടും സമിതി നിർദ്ദേശിക്കുന്നു.**

## തൊടുപുഴ നഗരസഭ

ഓഡിറ്റ് ഖണ്ഡിക

**മുനിസിപ്പൽ ബസ് സ്റ്റാന്റും ഷോപ്പിംഗ് കോംപ്ലക്സും മിനി ടൗൺഹാളും നിർമ്മാണം-യഥാർത്ഥ കൺവെയൻസിനു പകരം ആവറേജ് കൺവേയൻസ് അനുവദിച്ചതുമൂലം നഷ്ടം - ചെലവ് 2,62,383 രൂപ തടസ്സപ്പെടുത്തുന്നു.**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2003-04, ഖണ്ഡിക നമ്പർ:3-8 എ, 3-10 എ)

തൊടുപുഴ മുനിസിപ്പൽ ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ്, മിനി ടൗൺഹാൾ എന്നിവയുടെ നിർമ്മാണത്തിൽ കടത്തുകൂലിയായി താലൂക്ക്തല ആവറേജ് കൺവേയൻസ് അനുവദിച്ചതുമൂലം 2,62,383/- രൂപ അധിക ചെലവ് ഉണ്ടായി. 30-11-1993-ലെ ജി.ഒ. (ആർ.റ്റി.) നം. 1657/93/പി.ഡബ്ല്യു.ഡി. 6-11-1991-ലെ ടെക്നിക്കൽ സർക്കുലർ നം. പി.എൽ. (6) 32506/86 എന്നിവ പ്രകാരം 50 ലക്ഷം രൂപയിൽ അധികമുള്ള മരാമത്ത് പ്രവൃത്തികൾക്ക് യഥാർത്ഥ കൺവേയൻസ് മാത്രമേ നൽകാവൂ എന്നും താലൂക്ക്തല ആവറേജ് കൺവേയൻസ് ബാധകമായിരിക്കില്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനുവിരുദ്ധമായി 1.035 കോടി രൂപ അടങ്കലുള്ള ബസ്സ്റ്റാന്റ് നിർമ്മാണത്തിലും 95 ലക്ഷം രൂപ അടങ്കലുള്ള മിനി ടൗൺഹാൾ നിർമ്മാണത്തിലും തൊടുപുഴ താലൂക്കിലെ കടത്തുകൂലി നൽകുകയാണ് ഉണ്ടായത്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 2,62,383 (രണ്ട് ലക്ഷത്തി അറുപത്തിരണ്ടായിരത്തി മുന്നൂറ്റി എൺപത്തിമൂന്ന്) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 4.7.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

128. തൊടുപുഴ നഗരസഭ പണികഴിപ്പിച്ച കോതായിക്കുന്ന് ബസ് സ്റ്റാന്റ്- കം-ഷോപ്പിംഗ് കോംപ്ലക്സ്, ടൗൺ ഹാൾ-കം-ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയുടെ നിർമ്മാണത്തിന് യഥാർത്ഥ കൺവേയൻസ് പ്രകാരം നിരക്ക് വർക്ക് ഔട്ട് അനുവദിച്ച് നൽകുന്നതിനുപകരം ആവറേജ് കൺവേയൻസ് ചാർജ് അനുവദിച്ച് നൽകിയതുമൂലം 2,62,383 രൂപയുടെ നഷ്ടം വന്നിട്ടുണ്ടെന്നതാണ് ഓഡിറ്റ് പരാമർശമെന്നും ജി.സി.ഡി.എ.-യുടെ സാങ്കേതികാനുമതിയും സാമ്പത്തികാനുമതിയും ലഭിച്ചിട്ടുള്ള പ്രോജക്ടായിരുന്നുവെന്നും രണ്ട് പ്രവൃത്തികളുടെയും കൺവേയൻസ് സ്റ്റേറ്റ്മെന്റ് ഡാറ്റാ, ഡീറ്റേയ്ൽഡ് എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി സാങ്കേതിക അനുമതിക്കായി ജി.സി.ഡി.എ.-ക്ക് അയയ്ക്കുകയും ജി.സി.ഡി.എ. വിശദമായ പരിശോധന നടത്തി സാങ്കേതിക അനുമതി നൽകിയശേഷം ആവശ്യമായ പരസ്യം നൽകി മത്സരസ്വഭാവത്തോടെ ടെണ്ടർ വിളിച്ചാണ് വർക്ക് ചെയ്തിട്ടുള്ളതെന്നും കോതായിക്കുന്ന് ബസ് സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം 3.6% below റേറ്റിലാണ് വർക്ക് ഏറ്റെടുത്തിട്ടുള്ളതെന്നും ടെണ്ടർ ഷെഡ്യൂളിലെ നിരക്ക് അടിസ്ഥാനപ്പെടുത്തിയാണ് കരാറുകാർ നിരക്ക് ഗ്യാരന്റി ചെയ്തിട്ടുള്ളതെന്നും ആവറേജ് കൺവേയെൻസ് പ്രകാരം വർക്ക്ഔട്ട് ചെയ്തിട്ടില്ലാത്തതിനാൽ നിരക്ക് കൂടുതൽ വന്നാൽ പോലും കരാറുകാരൻ ടി നിരക്കുമായി താരതമ്യപ്പെടുത്തി നിരക്ക് ഗ്യാരന്റി ചെയ്യുന്നതിനാൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം സംഭവിക്കാത്തതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & എസ്.പി.എ.ഒ. സമിതി മുൻപാകെ അറിയിച്ചു. ടൗൺ ഹാൾ കോംപ്ലക്സ് നിർമ്മാണം 27% അധിക നിരക്കിലാണ് കരാറുകാരൻ റേറ്റ് കോൺട്രാക്ട് ചെയ്തിരുന്നതെന്നും പിന്നീട് നെഗോസ്യേഷൻ ചെയ്തിട്ടുള്ളതിൽ 24% above നിരക്കായി കുറയ്ക്കുകയും ചെയ്തിട്ടുള്ളതാണെന്നും ടി നിരക്ക് ടെണ്ടർ കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിച്ചതിൽ നിലവിലുള്ള മാർക്കറ്റ് റേറ്റുമായുള്ള കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ് നൽകുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളതും ടെണ്ടർ ഷെഡ്യൂൾ പ്രകാരമുള്ള നിരക്കും അന്നത്തെ മാർക്കറ്റ് നിരക്കും തമ്മിലുള്ള കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ് അയച്ചുകൊടുത്തിട്ടുള്ളതുമാണെന്നും ആയത് പരിശോധിച്ച ശേഷമാണ് 15% അധിക നിരക്കായി ടെണ്ടർ കമ്മിറ്റി നിരക്ക് നിജപ്പെടുത്തി നൽകിയിട്ടുള്ളതും ആയത് സർക്കാർ അംഗീകരിച്ചിട്ടുള്ളതും. എസ്റ്റിമേറ്റിൽ നൽകിയിരിക്കുന്ന നിരക്ക് കുറവായിരുന്നുവെങ്കിൽ മാർക്കറ്റ് റേറ്റുമായിട്ടുള്ള വ്യത്യാസം കൂടുതൽ വരുമായിരുന്നുവെന്നും മത്സരാടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിച്ച് നിരക്ക് അംഗീകരിച്ച് നൽകിയിട്ടുള്ളതിനാൽ എസ്റ്റിമേറ്റിലുള്ള നിരക്കിന്റെ അടിസ്ഥാനത്തിലും അംഗീകാരം ലഭിക്കുന്ന നിരക്കിലും വ്യത്യാസം വരുന്നതാണെന്നും ആയതിനാൽ ആവറേജ് കൺവേയെൻസ് നൽകിയിട്ടുള്ളതുമൂലം നഗരസഭയ്ക്ക് യാതൊരുവിധ സാമ്പത്തിക നഷ്ടവും സംഭവിച്ചിട്ടില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & എസ്.പി.എ.ഒ. വിശദീകരിച്ചു. മേൽ വസ്തുതകൾ പരിഗണിച്ചും 30-11-1993- ലെ ജി.ഒ. (അർ.ടി.) നം 1657/93/PWD, 6-11-1991-ലെ ടെക്നിക്കൽ സർക്കുലർ എന്നിവ പ്രകാരം 50 ലക്ഷം രൂപയിൽ കൂടുതലുള്ള മരാമത്ത് പ്രവൃത്തികൾക്ക് യഥാർത്ഥ കൺവേയൻസ് മാത്രമേ

നൽകാവൂ എന്നും താലൂക്കുതല ആവറേജ് കൺവേയൻസിന് ബാധകമായിരിക്കില്ല എന്നുമുള്ള ഉത്തരവുകൾ നഗരസഭയിൽ യഥാസമയം ലഭിക്കാതിരുന്നതിനാലും ടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി കരാറുകാർക്ക് തുക നൽകിയിട്ടുള്ളതിനാലും ടി കെട്ടിടങ്ങളിലെ മുറികൾ പ്രവർത്തനം തുടങ്ങി വർഷങ്ങൾ കഴിഞ്ഞതിനാലും നഗരസഭയ്ക്ക് ടി ഇനത്തിൽ സാമ്പത്തികനഷ്ടമൊന്നും ഉണ്ടായിട്ടില്ലാത്തതിനാലും ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & എസ്.പി.എ.ഒ. സമിതി മുൻപാകെ അഭ്യർത്ഥിച്ചതിനെ തുടർന്ന് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും / ശിപാർശകളും**

**129. ഈ ഇനത്തിൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടമൊന്നും ഉണ്ടായിട്ടില്ലെന്ന തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

## കൽപ്പറ്റ നഗരസഭ

ഓഡിറ്റ് ഖണ്ഡിക

**ലക്ഷം ഭവന നിർമ്മാണ പദ്ധതിക്ക് ഹഡ്കോ അനുവദിച്ച തുക ചെലവ് ചെയ്തതിലെ അപാകതകൾ**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2000-2001, ഖണ്ഡിക നമ്പർ 3-9)

സർക്കാർ ഉത്തരവ് (എം.എസ്.) 254/98/എൽ.എ.ഡി. തീയതി 27-11-1998 പ്രകാരം ലക്ഷം ഭവന നിർമ്മാണ പദ്ധതിയിൽപ്പെടുത്തി ഒരു ഗുണഭോക്താവിന് നൽകാവുന്ന തുക ഇപ്രകാരമാണ്.

| | | |
|---|---|---|
| ഹഡ്കോ ലോൺ | : | 15,000 രൂപ (പതിനയ്യായിരം രൂപ) |
| സബ്സിഡി | : | 9,000 രൂപ (ഒമ്പതിനായിരം രൂപ) |
| ആകെ | : | 24,000 രൂപ (ഇരുപത്തിനാലായിരം രൂപ) |

ഇതിൽ ഹഡ്കോ നൽകുന്ന 15,000 രൂപ (പതിനയ്യായിരം രൂപ) പലിശ സഹിതം ഗുണഭോക്താവ് നഗരസഭയിലേക്ക് തിരിച്ചടക്കേണ്ടതും പ്രസ്തുത തുക നഗരസഭ ഹഡ്കോയ്ക്ക് നൽകേണ്ടതുമാണ്.

കൽപ്പറ്റ നഗരസഭയിൽ നിന്നും 1999-2000, 2000-2001 എന്നീ വർഷങ്ങളിൽ 92 ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണത്തിനായി ലോൺ തുകയും സബ്സിഡിയുമടക്കം 19,15,150 രൂപ (പത്തൊമ്പതു ലക്ഷത്തി പതിനയ്യായിരത്തി ഒരുനൂറ്റി അമ്പത് രൂപ)

നൽകിയിട്ടുണ്ട്. ഇതിൽ 10,99,800 രൂപ (പത്തു ലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരത്തി എണ്ണൂറ് രൂപ) 84 ഗുണഭോക്താക്കൾക്ക് വായ്പ ഇനത്തിൽ നൽകിയതാണ്. എട്ടു ഗുണഭോക്താക്കൾ സബ്സിഡി തുക മാത്രമേ കൈപ്പറ്റിയിട്ടുള്ളൂ. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വീടു പണി നടത്താത്ത വ്യക്തികൾക്ക് ലോൺ സബ്സിഡി ഇനങ്ങളിൽ 2,10,500 രൂപ (രണ്ടു ലക്ഷത്തി പതിനായിരത്തി അഞ്ഞൂറു രൂപ) നൽകിയെങ്കിലും വീട് പണി നടത്താത്ത സാഹചര്യത്തിൽ പ്രസ്തുത വ്യക്തികളിൽ നിന്നും തുക ലോൺ സബ്സിഡി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ 2,10,500 രൂപ (രണ്ടു ലക്ഷത്തി പതിനായിരത്തി അഞ്ഞൂറു രൂപ) നൽകിയ നടപടി അംഗീകരിക്കത്തക്കതല്ല.

2. പ്രോജക്ട് ഓഫീസർ ഒരേ സമയം തന്നെ വീട് നിർമ്മാണത്തിനായി ഗുണഭോക്താക്കൾക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നും തുക നൽകിയിട്ടുണ്ട്.

3. ഹഡ്കോയിൽ നിന്നും 92 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനായി നൽകിയ 13,80,000 രൂപയിൽ (പതിമൂന്ന് ലക്ഷത്തി എൺപതിനായിരം രൂപ) 29,490 രൂപ പ്രോജക്ട് ഓഫീസർ ഹഡ്കോയ്ക്ക് തിരിച്ചു നൽകിയിട്ടുണ്ട്. ബാക്കി 13,50,510 രൂപയും (പതിമൂന്ന് ലക്ഷത്തി അമ്പതിനായിരത്തി അഞ്ഞൂറ്റി പത്ത് രൂപ) അതിന്റെ പലിശയുമാണ് ഹഡ്കോയ്ക്ക് നൽകേണ്ടിയിരുന്നത്. ഇതിൽ ഗുണഭോക്താക്കൾക്ക് നൽകിയ 10,99,800 രൂപ (പത്ത് ലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരിത്തി എണ്ണൂറ് രൂപ) കഴിച്ച് ബാക്കി 2,50,710 രൂപ (രണ്ട് ലക്ഷത്തി അമ്പതിനായിരത്തി എഴുന്നൂറ്റി പത്ത് രൂപ) ഹഡ്കോയുടെ നിക്ഷേപമായി നഗരസഭ അക്കൗണ്ടിൽ ഉണ്ടായിട്ടും ഹഡ്കോയ്ക്ക് മടക്കി നൽകാതെ ഈ തുകയ്ക്കും കൂടിയുള്ള പലിശ നഗരസഭ അടച്ചിരിക്കുന്നു.

4. ഗുണഭോക്താക്കൾക്ക് നൽകിയ ഹഡ്കോയുടെ 10,99,800 രൂപ (പത്ത് ലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരത്തി എണ്ണൂറ് രൂപ) വായ്പയിൽ നാളിതുവരെയായി 3,00,537 (മൂന്ന് ലക്ഷത്തി അഞ്ഞൂറ്റി മുപ്പത്തിയേഴ് രൂപ) മാത്രമാണ് തിരിച്ചടവായി വന്നിട്ടുള്ളത്.

5. നഗരസഭയ്ക്ക് ഹഡ്കോ നൽകിയ 13,50,510 രൂപക്ക് (പതിമൂന്ന് ലക്ഷത്തി അമ്പതിനായിരത്തി അഞ്ഞൂറ്റിപത്ത് രൂപ) പകരം നഗരസഭ 19,60,999 രൂപ ഹഡ്കോയിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. ഇത് ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കേണ്ട തുകയായതിനാൽ 5,51,247 രൂപ (അഞ്ച് ലക്ഷത്തി അമ്പത്തൊന്നായിരത്തി ഇരുന്നൂറ്റി നാൽപത്തേഴ് രൂപ) (2,50,710+3,00,537) കഴിച്ച് ബാക്കി 14,09,752 രൂപ (പതിനാല് ലക്ഷത്തി ഒൻപതിനായിരത്തി എഴുന്നൂറ്റി അൻപത്തിരണ്ട് രൂപ)യുടെ നഷ്ടം നഗരസഭയ്ക്ക് വന്നിട്ടുണ്ട്.

| ഗ്രാമപഞ്ചായത്ത്/ഗുണഭോക്താവിന്റെ പേര് | | | എസ്റ്റിമേറ്റ് തുക (രൂപ) | വാല്യുവേഷൻ (രൂപ) | അധികരിച്ച ചെലവ് (രൂപ) |
|---|---|---|---|---|---|
| I | മുട്ടിൽ ഗ്രാമപഞ്ചായത്ത് | | | | |
| | 1 | കുരുന്നൻ മൂർത്തിക്കാട്ടിൽ | 75,000 | 67,197 | 7,803 |
| | 2 | കൊച്ചി മനക്കാട് കൗസല്യ | 75,000 | 67,197 | 7,803 |
| | 3 | തെനേരിക്കുന്ന് കൗസല്യ | 75,000 | 67,041 | 7,959 |
| | 4 | വെള്ളിത്തോട് കുഞ്ഞൻ | 75,000 | 67,041 | 7,959 |
| | 5 | ബാലൻ | 75,000 | 67,666 | 7,334 |
| II | തിരുനെല്ലി ഗ്രാമപഞ്ചയാത്ത് | | | | |
| | 6 | മാധവി ഡി. | 75,000 | 45,000 | 30,000 |
| | 7 | ഗൗരി | 75,000 | 42,000 | 33,000 |
| | 8 | മാരു പുഴവയൽ | 75,000 | 43,000 | 32,000 |
| | 9 | രാജു കാളൻ മകൻ | 75,000 | 41,000 | 34,000 |
| | 10 | ഗൗരി മാരൻ മകൾ | 75,000 | 50,000 | 25,000 |
| III | കോട്ടത്തറ ഗ്രാമപഞ്ചായത്ത് | | | | |
| | 11 | പുഷ്പ | 75,000 | 75,000 | |
| | 12 | നാരായണൻ | 75,000 | 59,000 | 6,000 |
| ആകെ | | | 9,00,000 | 7,01,142 | 1,98,858 |

അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഓരോ വീടിനും ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്ത തുകകളും തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർമാർ നൽകിയ വാല്യുവേഷൻ സർട്ടിഫിക്കറ്റിലെ തുകകളും തമ്മിലുള്ള അന്തരത്തിന്റെ കാരണം സംബന്ധിച്ച് കോർപ്പറേഷൻ അധികൃതർ നൽകിയ വിശദീകരണത്തിൽ, കോർപ്പറേഷന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും എഞ്ചിനീയർമാർ സംയുക്തമായി വാല്യുവേഷൻ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിരുന്നു. എന്നാൽ അനന്തര നടപടികളൊന്നും ഇരുഭാഗത്തുനിന്നും സ്വീകരിച്ചിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 4.12.1)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

131. ഓഡിറ്റ് പരാമർശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

**നിഗമനങ്ങളും / ശിപാർശകളും**

**133. ഓഡിറ്റ് പരാമർശത്തിന്മേൽ ബന്ധപ്പെട്ട വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2024 ഫെബ്രുവരി 13.

**അനുബന്ധം I**

| ക്രമ നം. | ഖണ്ഡിക നം. | ബന്ധപ്പെട്ട സ്ഥാപനം/വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ | |
|---|---|---|---|---|
| 1 | 19, 20, 21, 22, 23, 24, 25, 26, 27 | തദ്ദേശസ്വയംഭരണ വകുപ്പ് | 19. | വർക്കല ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട് ശിവൻനട ശുദ്ധജല വിതരണ പദ്ധതിക്കായി ആകെ ചെലവഴിച്ച 5,38,000 രൂപയിൽ വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ തുക വിനിയോഗിച്ചിട്ടില്ലെങ്കിൽ തിരിച്ചട ച്ചോയെന്നും 3.84 ലക്ഷം രൂപ ചെലവാക്കി നിർമ്മിച്ച കിണർ ഒരു ആസ്തിയായി കൈമാറിയിട്ടുണ്ടോ യെന്നും വ്യക്തമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശം ഉൾപ്പെടുന്ന റിപ്പോർട്ട് അടിയന്തരമായി ഓഡിറ്റിന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| | | | 20. | ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന ട്രാൻസ്പ്ലാന്റർ മെഷീന്റെ വാല്യുവേഷൻ കണക്കാക്കി വില്പന നടത്തുകയെന്ന തുമാത്രമാണ് പ്രായോഗികമായി ചെയ്യാൻ കഴിയുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറുടെ വാല്യുവേഷൻ റിപ്പോർട്ട് അടിയന്തര മായി ലഭ്യമാക്കുന്നതിനും ലേല നടപടികൾ പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | 21. | ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട് പദ്ധതി പൂർത്തീകരിച്ച തായി ഓഡിറ്റിന്റെ പരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| | | | 22. | തൃശ്ശൂർ ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് പ്രാരംഭഘട്ടം മുതലുള്ള വിശദമായ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| | | | 23. | തരൂർ ഗ്രാമപഞ്ചായത്തിൽ കൃഷി ഭൂമി പാട്ടത്തിനെടുക്കാനായി മുന്നോട്ടുവന്ന പട്ടികജാതി വിഭാഗത്തിലുൾപ്പെട്ട പതിനാലു പേർക്ക് 25 സെന്റിന് 500 രൂപ പാട്ടത്തുക നിശ്ചയിച്ച തായും പഞ്ചായത്ത് കമ്മിറ്റി അന്തിമമായി ലേല നടപടി അംഗീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത ഭൂമി പാട്ടത്തിന് നൽകുന്നതാണെന്നുമുള്ള തരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കു ന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | 24. | പട്ടികവർഗ്ഗ കുടുംബാംഗങ്ങൾക്കുള്ള കുടിവെള്ള പദ്ധതി കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന ഓഡിറ്റ് റിപ്പോർട്ടിന്റെയും തേക്കടി മുപ്പതേക്കർ കോളനികളിലുള്ള എല്ലാവർക്കും വീട് ലഭിച്ചിട്ടുണ്ടെന്ന കൊല്ലംകോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| | | | 25. | ഐ.ആർ.ഡി.പി. വിപണന കേന്ദ്രത്തിനായി നിർമ്മിച്ച കെട്ടിടത്തിന്റെ മുഴുവൻ മുറികളും വാടകയ്ക്ക് നൽകിയതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| | | | 26. | കല്ല്യാശ്ശേരി നെൽവയൽ കൃഷി വികസനം സംബന്ധിച്ച് കൃഷി ഓഫീസറിൽ നിന്ന് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയ ശേഷം കൃഷിയ്ക്ക് അനുയോജ്യമെങ്കിൽ മാത്രമേ പണം ചെലവഴിക്കാവൂ എന്നും പ്രശ്നങ്ങൾ പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | 27. | വനിതാവ്യവസായ എസ്സ്റ്റേറ്റുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 2 | 31, 32 | തദ്ദേശസ്വയംഭരണ വകുപ്പ് | 31. | ഓഡിറ്റ് പരാമർശത്തിൻമേൽ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| | | | 32. | ഓഡിറ്റ് പരാമർശത്തിലുൾപ്പെട്ടിരിക്കുന്ന പതിനേഴ് ലക്ഷം രൂപയുടെ വിനിയോഗവുമായി ബന്ധപ്പെട്ട് ഏകദേശം 15,43,956 രൂപ സംബന്ധിക്കുന്ന രേഖകൾ ലഭ്യമായിട്ടുണ്ടെന്ന് മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ചെലവ് സംബന്ധിച്ച ഫയലുകളിൽ നിന്നും വിവരം ശേഖരിച്ച് ആയത് ഭരണ സമിതിയോഗം പരിശോധിച്ചതിന് ശേഷം യോഗത്തിന്റെ തീരുമാനം സഹിതം ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| | | | | |
|---|---|---|---|---|
| 3 | 36 | തദ്ദേശസ്വയംഭരണ വകുപ്പ് | 36. | ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ചെലവുകൾ സംബന്ധിച്ച വൗച്ചറുകൾ കണ്ടെത്താനാകാത്തവിധം നഷ്ടപ്പെട്ടു പോയെന്ന് കോന്നി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിനാലും നിലവിലുള്ള രേഖകൾ പരിശോധിച്ച് ചെലവുകൾ നടന്നിട്ടുള്ളതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്നുള്ള ഗ്രാമവികസന കമ്മീഷണറേറ്റ് അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണറുടെ ശിപാർശയും കാര്യങ്ങൾ നേരിട്ട് പരിശോധിച്ച് വ്യക്തമായിട്ടുള്ളതാണെന്ന തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ മറുപടിയും പരിഗണിച്ചും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 4 | 38 | തദ്ദേശസ്വയംഭരണ വകുപ്പ് | 38. | ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ട 3 പ്രവൃത്തികളുടെ വൗച്ചറുകളും അനുബന്ധ രേഖകളും ലഭ്യമായത് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്നും ബാക്കിയുള്ള രേഖകൾ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും തുക ചെലവഴിച്ചുവെന്നതിന് വ്യക്തമായ ബോധ്യമുണ്ടെന്നും പ്രസ്തുത കാര്യങ്ങൾ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നുമുള്ള പറക്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| | | | | |
|---|---|---|---|---|
| 5 | 41 | തദ്ദേശസ്വയംഭരണ വകുപ്പ് | 41. | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 6 | 42 | തദ്ദേശസ്വയംഭരണ വകുപ്പ് | 42. | പ്രീ-മെട്രിക് ഹോസ്റ്റൽ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നതായുള്ള മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 7 | 45 | തദ്ദേശസ്വയംഭരണ വകുപ്പ് | 45. | ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള 2,23,180 രൂപ നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ അടിയന്തരമായി ഓഡിറ്റിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 8 | 47 | തദ്ദേശസ്വയംഭരണ വകുപ്പ് | 47. | കമ്പ്യൂട്ടർ കൈമാറിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ലെന്ന് ഓഡിറ്റ് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരിക്കൽ കൂടി ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. |

| | | | | |
|---|---|---|---|---|
| 9 | 49 | തദ്ദേശസ്വയംഭരണ വകുപ്പ് | 49. | കെട്ടിട നിർമ്മാണത്തിനുവേണ്ടി ളാലം ബ്ളോക്ക് പഞ്ചായത്ത്ചെലവഴിച്ച തുകയും മറ്റ് ചെലവുകളും കെട്ടിടം കൈമാറി നൽകിയ സ്ഥാപനത്തിൽ നിന്നും പൂർണ്ണമായി ഈടാക്കിയതിനുശേഷം ആയതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 10 | 53 | തദ്ദേശസ്വയംഭരണ വകുപ്പ് | 53. | പദ്ധതി നടപ്പിലാക്കിയ പ്രദേശത്തെ പാരിസ്ഥിതിക ഘടനയും പ്രോജക്ടിന്റെ ഉദ്ദേശ്യശുദ്ധിയും കണക്കിലെടുത്ത് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 11 | 54 | തദ്ദേശസ്വയംഭരണ വകുപ്പ് | 54. | ഓഡിറ്റ് പരാമർശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് അംഗീകരിച്ച സമിതി ഇടമറുക്-കയ്യൂർ, ആലുംതുറ-ഈന്തുമ്പള്ളി-കുട്ടിക്കൽ എന്നീ റോഡുകൾ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുന്നു. |
| 12 | 59 | തദ്ദേശസ്വയംഭരണ വകുപ്പ് | 59. | വൈക്കം മജിസ്ട്രേറ്റ് കോടതിയിൽ കെട്ടിവെച്ച തുക തിരികെ ലഭിക്കാനായി അപേക്ഷ നൽകണമെന്നും കോടതി നടപടി പൂർത്തീകരിച്ച് പണം തിരികെ ലഭ്യമാക്കി റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. |

| | | | | |
|---|---|---|---|---|
| 13 | 61 | തദ്ദേശസ്വയംഭരണ വകുപ്പ് | 61. | കേസ് അന്വേഷണം പൂർത്തീകരിച്ച് ഉടൻ കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുമെന്ന് കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കോടതി നടപടിക്രമം പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 14 | 66 | തദ്ദേശസ്വയംഭരണ വകുപ്പ് | 66. | നിർമ്മിതി കേന്ദ്രത്തിൽ നിന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു. |
| 15 | 68 | തദ്ദേശസ്വയംഭരണ വകുപ്പ് | 68. | ഓഡിറ്റ് പരാമർശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുന്നു. |
| 16 | 70 | തദ്ദേശസ്വയംഭരണ വകുപ്പ് | 70. | ഹൈക്കോടതിയിൽ കെട്ടിവെച്ച 35 ലക്ഷം രൂപയിൽ സ്ഥാപനത്തിന് നൽകിയ 28,22,000 രൂപ കിഴിച്ച് 6,78,000 രൂപ റിലീസ് ചെയ്ത് ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി തുക തിരികെ ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| | | | | |
|---|---|---|---|---|
| 17 | 73 | തദ്ദേശസ്വയംഭരണ വകുപ്പ് | 73. | ജനറൽ വനിതാ വിഭാഗങ്ങളിൽപ്പെട്ട പഠിതാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം നടന്നുവെന്ന് തെളിയിക്കുന്ന മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 18 | 75 | തദ്ദേശസ്വയംഭരണ വകുപ്പ് | 75. | തൊടുപുഴയിലെ ജില്ലാ ആശുപത്രി വനിതാ വാർഡിനായി നിർമ്മിച്ച കെട്ടിടം നിലവിൽ ഉപയോഗയോഗ്യമാണെന്നുള്ള ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഇൻ- ചാർജ്ജിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 19 | 77 | തദ്ദേശസ്വയംഭരണ വകുപ്പ് | 77. | ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 20 | 79 | തദ്ദേശസ്വയംഭരണ വകുപ്പ് | 79. | ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| | | | | |
|---|---|---|---|---|
| 21 | 81 | തദ്ദേശസ്വയംഭരണ വകുപ്പ് | 81. | പ്രവൃർത്തിയുടെ കൺവീനർക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുമെന്ന് കിഴക്കമ്പലം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ച തിനാൽ റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കു ന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 22 | 83 | തദ്ദേശസ്വയംഭരണ വകുപ്പ് | 83. | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കു മ്പോൾ നിയമപരമായ നടപടികൾ കർശനമായി പാലിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 23 | 85 | തദ്ദേശസ്വയംഭരണ വകുപ്പ് | 85. | വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റിന്റെ റിപ്പോർട്ടിന്റെയും അടി സ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 24 | 87 | തദ്ദേശസ്വയംഭരണ വകുപ്പ് | 87. | വനിത സ്വയംസഹായ സംഘങ്ങളുടെ പ്രവർത്തനവും വായ്പാ തിരിച്ചടവും കൃത്യമായി നടക്കുന്നതായി വനിത വികസന ഓഫീസറും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ സ്വയംസഹായ സംഘ ങ്ങൾക്ക് ധനസഹായം നൽകുമ്പോൾ നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിക്കണം എന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| | | | | |
|---|---|---|---|---|
| 25 | 92 | തദ്ദേശസ്വയംഭരണ വകുപ്പ് | 92. | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിശദമായ പരിശോധന നടത്തി വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 26 | 94 | തദ്ദേശസ്വയംഭരണ വകുപ്പ് | 94. | ഓഡിറ്റ് പരാമർശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 27 | 96 | തദ്ദേശസ്വയംഭരണ വകുപ്പ് | 96. | അങ്കണവാടി, മത്സ്യഭവൻ എന്നിവയുടെ കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ള സ്ഥലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലേയ്ക്ക് ഇഷ്ടദാനമായി രജിസ്റ്റർ ചെയ്തു നൽകിയിട്ടുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 28 | 98 | തദ്ദേശസ്വയംഭരണ വകുപ്പ് | 98. | ഓഡിറ്റ് പരാമർശത്തിന്മേൽ ബന്ധപ്പെട്ട വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 29 | 101 | തദ്ദേശസ്വയംഭരണ വകുപ്പ് | 101. | കോസ്റ്റ് ഫോർഡ് അടയ്ക്കാനുള്ള തുകയുടെ പലിശബാധ്യത ഒഴിവാക്കാൻ ജില്ലാ പഞ്ചായത്ത് സർക്കാരിന് അപേക്ഷ സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| | | | | |
|---|---|---|---|---|
| 30 | 106 | തദ്ദേശസ്വയംഭരണ വകുപ്പ് | 106. | ഓഡിറ്റ് ഓഫീസർ പരിശോധന നടത്തി പണം ചെലവഴിച്ചിട്ടുണ്ടെന്നും അക്കൗണ്ടിൽ ശേഷിക്കുന്നത് ഗുണഭോക്താക്കൾ തിരിച്ചടച്ച തുകയാണെന്നും പ്രസ്തുത തുക ഉപയോഗിക്കാമെന്നുമുള്ള തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 31 | 108 | തദ്ദേശസ്വയംഭരണ വകുപ്പ് | 108. | ഉപയോഗശൂന്യമായ കൊയ്ത്തുമെതിയന്ത്രം ലേലം നടത്തി 1,35,411 (ഒരു ലക്ഷത്തി മുപ്പത്തിഅയ്യായിരത്തി നാന്നൂറ്റി പതിനൊന്ന്)രൂപ സർക്കാരിൽ അടച്ചിട്ടുണ്ടെന്നുള്ള തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 32 | 112 | തദ്ദേശസ്വയംഭരണ വകുപ്പ് | 112. | കർളാട് ജലസേചന പദ്ധതിക്കായി നിർമ്മിച്ച കിണർ, പമ്പ് ഹൗസ്, ജലസംഭരണി, മോട്ടോർ, പൈപ്പ് ലൈൻ തുടങ്ങിയവ ഉപയോഗപ്പെടുത്തി ജലജീവൻ മിഷന്റെ ഭാഗമായി കുടിവെള്ള പദ്ധതി നടപ്പാക്കാൻ സാധിക്കുമോ എന്നത് സംബന്ധിച്ച വ്യക്തമായ അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| | | | | |
|---|---|---|---|---|
| 33 | 114 | തദ്ദേശസ്വയംഭരണ വകുപ്പ് | 114. | ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച മോട്ടോർ പ്രവർത്തനക്ഷമമാക്കി പദ്ധതി നടപ്പിലാക്കിയ ശേഷം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സർക്കാരിനോട് സമിതി നിർദ്ദേശിക്കുന്നു. |
| 34 | 120 | തദ്ദേശസ്വയംഭരണ വകുപ്പ് | 120. | ഐ.കെ.എം.-ൽ നിന്ന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 35 | 122 | തദ്ദേശസ്വയംഭരണ വകുപ്പ് | 122. | ഓഡിറ്റ് പരാമർശത്തിന്മേൽ ബന്ധപ്പെട്ട വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 36 | 127 | തദ്ദേശസ്വയംഭരണ വകുപ്പ് | 127. | വൈദ്യുതശ്മശാനം അറ്റകുറ്റപണി സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ വിവരങ്ങളടങ്ങുന്ന സമഗ്രമായ റിപ്പോർട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി സർക്കാരിലേയ്ക്ക് നൽകണമെന്ന് കോട്ടയം നഗരസഭാ സെക്രട്ടറിയോടും ആയത് പരിശോധിച്ച് സമിതിയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിനോടും സമിതി നിർദ്ദേശിക്കുന്നു. |

| | | | | |
|---|---|---|---|---|
| 37 | 129 | തദ്ദേശസ്വയംഭരണ വകുപ്പ് | 129. | ഈ ഇനത്തിൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടമൊന്നും ഉണ്ടായിട്ടില്ലെന്ന തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 38 | 133 | തദ്ദേശസ്വയംഭരണ വകുപ്പ് | 133. | ഓഡിറ്റ് പരാമർശത്തിന്മേൽ ബന്ധപ്പെട്ട വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.